بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

വാള്യം 9

ലക്കം 10

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadr.in

2024 മാർച്ച് 7/ ഹി.ശം 1403 അമാൻ 7/1445 ശഅബാൻ 25

## അല്ലാഹുവിന്റെ വചനം

وَاِنۡ اَحَدٌ مِّنَ الۡمُشۡرِکِیۡنَ اسۡتَجَارَکَ فَاَجِرۡہُ حَتّٰی یَسۡمَعَ کَلٰمَ اللّٰہِ ثُمَّ اَبۡلِغۡہُ مَاۡمَنَہٗ ؕ ذٰلِکَ بِاَنَّہُمۡ قَوۡمٌ لَّا یَعۡلَمُوۡنَ (سورۃ التوبہ:6)

ബഹുദൈവവിശ്വസികളിൽനിന്ന് ആരെങ്കിലും നിന്നോടു അഭയം തേടുന്നതായാൽ അല്ലാഹുവിന്റെ വചനം കേൾക്കുന്നതുവരെ അവന് അഭയം നല്കുക. പിന്നെ അവന്റെ രക്ഷാസ്ഥാനത്ത് അവനെ എത്തിച്ചുകൊടുക്കുക. ഇതു അവർ (കാര്യം) അറിയാത്ത ജനങ്ങളായതുകൊണ്ടാണ്.

.

(വിശുദ്ധ ഖുർആൻ 9:6)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്ത ആല ബിനസ്വ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽ മുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലുമുണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

## തിരുനബിയുടെ തിരുമൊഴികൾ

### സർവശ്രേഷ്ഠമായകർമങ്ങൾ

(2518)ഹദ്റത്ത് അബൂദർറ്(റ)പറയുന്നു:ഏറ്റവും പുണ്യമുള്ള പ്രവർത്തനമേതെന്ന് നബി(സ)തിരുമേനിയോടു ഞാൻ ചോദിച്ചു. അവിടന്ന് പറഞ്ഞു:അല്ലാഹുവിലുള്ള വിശ്വാസവും അവന്റെ മാർഗത്തിൽ സമരം ചെയ്യലും. ഏതു അടിമയാണ് മോചിപ്പിക്കുവാൻ കൂടുതൽ നല്ലത്? നബി(സ)തിരുമേനി പറഞ്ഞു: ഉടമസ്ഥന്റെ പക്കൽ കൂടുതൽ വിലപിടിച്ച അടിമ. ഞാൻ വീണ്ടും ചോദിച്ചു: അതിന് എനിക്ക് കഴിവില്ലെങ്കിലോ?കൈത്തൊഴിൽ ചെയ്തു ജീവിക്കുന്ന ഒരുത്തനെ നീ സഹായിക്കുക.

ഉഹുദു യുദ്ധസംഭവങ്ങളിൽ സ്വഹാബാക്കളുടെ ത്യാഗങ്ങളും നബി(സ)തിരുമേനിയോടുള്ള അവരുടെ അനുരക്തിയുടെ ഉദാഹരണങ്ങളും ഞാൻ പറഞ്ഞിരുന്നു. ഇവയിൽ ഹദ്റത്ത് അലിയുടെ ധീരതയെപ്പറ്റിയുള്ള പരാമർശങ്ങളും കാണുന്നുണ്ട്. ഹദ്റത്ത് അലിയെ(റ) സംബന്ധിച്ച് നിവേദനങ്ങളിൽ പറയുന്നു. അല്ലെങ്കിൽ തൊഴിലറിയാത്തവന് തൊഴിൽ പരിശീലിപ്പിച്ചുകൊടുക്കുക. നബി(സ)തിരുമേനി പ്രത്യുത്തരം നല്കി. അതിനും കഴിവില്ലെങ്കിലോ എന്ന് ഞാൻ ആവർത്തിച്ചു. നബി(സ)തിരുമേനി പറഞ്ഞു:മനുഷ്യർക്കു ദ്രോഹമേൽപിക്കാതെ അവരെ അവരുടെ പാട്ടിൽ വിട്ടേക്കുക. നിന്റെ ആത്മാവിനു നല്കുന്ന വലിയൊരു ദാനമാണിത്.

(2528) ഹദ്റത്ത് അബൂഹുറയ്റ(റ)നിവേദനം. നബി(സ)തിരുമേനി പറഞ്ഞു:എന്റെ അനുയായികളുടെ ഹൃദയത്തിൽ ഉദിച്ചുകൊണ്ടിരിക്കുന്ന വിചാരങ്ങളനുസരിച്ച് പ്രവർത്തിക്കുകയോ സംസാരിക്കുകയോ ചെയ്യാത്തകാലത്തോളം അല്ലാഹു അവർക്ക് മാപ്പു നല്കും.(സ്വഹീഹ് ബുഖാരി, വാള്യം 4, കിതാബുൽ ഇത്ഖ്, പ്രസാധനം 2008 ഖാദിയാൻ)




## ഈ ലക്കത്തിൽ

ജുമുഅ ഖുത്വ്ബ 2023 ഫെബ്രുവരി 2 (സമ്പൂർണ തർജമ)

അമീറുൽ മുഅ്മിനീന്റെ അയർലന്റെ പര്യടനം

മൽഫൂദാത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)

**ഉപദേശത്തിന്റെ സ്ഥാനം ഒരു ഉന്നത നിലയിലുള്ള സ്ഥാനമാണ്. അത് നുബുവ്വത്തിന്റെ തേജോവിലാസമുൾക്കൊള്ളുന്നു. ദൈവഭയത്തെ പ്രയോജനപ്പെടുത്തണമെന്നതാണ് നിബന്ധന. ഉപദേശകൻ ഒരു പ്രത്യേകതരത്തിലുള്ള പരിഷ്കരണത്തിന്റെ അവസരം തന്റെയുള്ളിൽ പ്രാപിക്കുന്നു. കാരണം ജനങ്ങളുടെ മുമ്പിൽ പറയുന്ന കാര്യം, കുറഞ്ഞപക്ഷം തന്റെ കർമംകൊണ്ടു കാണിക്കേണ്ടതും നിർബന്ധമാണ്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

അനർഹരായ വൃത്തികെട്ട ആളുകൾ ശരിയായിട്ടുള്ളതും, സത്യസന്ധവും യുക്തിയോടുകൂടിയതുമായ കാര്യങ്ങൾ കേൾക്കുകതന്നെയില്ല. അവരുടെ മുമ്പിൽ ഈശ്വരീയജ്ഞാനത്തിന്റേയും തത്ത്വജ്ഞാനത്തിന്റേയും എന്തെങ്കിലും കാര്യം അവതരിപ്പിച്ചാൽ അവർ ശ്രദ്ധിക്കുന്നില്ലെന്ന് മാത്രമല്ല അശ്രദ്ധയോടെ അവഗണിച്ചുകളയുകയും ചെയ്യുന്നു.

സത്യം പറയുന്ന ആളുകളും വളരെ കുറവാണെന്നതിൽ സംശയമൊന്നുമില്ല. അല്ലാഹുവിനുവേണ്ടി സത്യം പറയുന്ന ആളുകളുടെ എണ്ണം നന്നേകുറവാണ്;ഇല്ലാത്തതിനു തുല്യം! പൊതുവെ ഉപദേശി ഉപദേശിക്കുന്നു. പക്ഷേ, അവരുടെ യഥാർഥ ഉദ്ദേശ്യവും ലക്ഷ്യവും ആളുകളിൽനിന്ന് എന്തെങ്കിലും നേടുക എന്നതു മാത്രമായിരിക്കും;കുറച്ചു കരസ്ഥമാക്കുക. ഈ ഉദ്ദേശ്യം അവരുടെ സംസാരത്തിൽനിന്ന് കിട്ടുന്നുണ്ട്. സത്യസന്ധതയേയും ഈശ്വരീയതയേയും തന്റെ അന്ധകാരത്തിൽ ഒളിപ്പിക്കുന്നു. ദൈവവചനങ്ങൾ കേൾക്കുമ്പോൾ മനസ്സിലും ബുദ്ധിയിലുമെത്തുന്നതും ആത്മാവിനെ പരിമളമാക്കുന്നതുമായ ആ ആനന്ദത്തിന്റേയും ഈശ്വരീയ ജ്ഞാനത്തിന്റേയും സൗരഭ്യം സ്വാർഥതയുടേയും ഭൗതികതയുടേയും ദുർഗന്ധത്തിൽ അമർന്നുപോകുകയും അതേ ഉപദേശത്തിന്റെ മജ്‌ലിസിൽത്തന്നെ ഭൂരിഭാഗമാളുകളും മിയാൻ!ഈ എല്ലാ കാര്യങ്ങളും തുട്ടുകൾ സമ്പാദിക്കാനുള്ളതാണ് എന്ന് പറഞ്ഞെഴുന്നേൽക്കുകയും ചെയ്യുന്നു.

ഭൂരിഭാഗമാളുകളും നന്മ ഉപദേശിക്കുകയും തിന്മ വിലക്കുകയും ചെയ്യുകഎന്നതിനെ ഉപജീവന മാർഗമാക്കുന്നുവെന്നതിൽ സംശയമൊന്നുമില്ല; പക്ഷേ, എല്ലാവരും അങ്ങനെയല്ല.

കേവലം നന്മ കൽപിക്കുകയും തിന്മ തടയുകയും ചെയ്യുന്നതിനുവേണ്ടി നിയോഗിക്കപ്പെട്ടിരിക്കുന്നു എന്ന രീതിയിൽ അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കാര്യങ്ങൾ ജനങ്ങൾവരെ എത്തിക്കുന്ന പരിശുദ്ധ ഹൃദയരായ മനുഷ്യരുമുണ്ട്. അത് നിർബന്ധ കടമയായി മനസ്സിലാക്കുന്നു. ഈ രീതിയിൽ അല്ലാഹുവിന്റെ തൃപ്തികിട്ടണമെന്ന് അവരാഗ്രഹിക്കുന്നു. ഉപദേശത്തിന്റെ സ്ഥാനം ഒരു ഉന്നത നിലയിലുള്ള സ്ഥാനമാണ്. അത് നുബവ്വത്തിന്റെ തേജോവിലാസം ഉൾക്കൊള്ളുന്നു. ദൈവഭയത്തെ പ്രയോജനപ്പെടുത്തണമെന്നതാണ് നിബന്ധന.

ഉപദേശകൻ ഒരു പ്രത്യേകതരത്തിലുള്ള പരിഷ്കരണത്തിന്റെ അവസരം തന്റെയുള്ളിൽ പ്രാപിക്കുന്നു. കാരണം ജനങ്ങളുടെ മുമ്പിൽ പറയുന്ന കാര്യം കുറഞ്ഞപക്ഷം തന്റെ കർമംകൊണ്ട് കാണിക്കേണ്ടതും നിർബന്ധമാണ്.(മൽഫൂദാത്ത് വാള്യം 1, പേജ് 505, പ്രസാധനം 2018 ഖാദിയാൻ)

**അറബിഭാഷയുടെ അടിസ്ഥാനത്തിൽ ശയ്ത്വാനെന്നതിന്റെ അർഥം സത്യത്തിൽനിന്ന് അകന്നുപോകുന്ന അസ്തിത്വമെന്നാണ്. അല്ലെങ്കിൽ തിന്മയിൽ അഭിവൃദ്ധിപ്പെടുന്നതെന്നാണ്. നിരാശപ്പെട്ടുപോകുന്ന അസ്തിത്വത്തിനാണ് ഇബ്‌ലീസ് എന്നു പറയുന്നത്. എന്റെ ഗവേഷണമനുസരിച്ച് ശയ്ത്വാനും ഇബ്‌ലീസും എങ്ങനെയുള്ള അസ്തിത്വത്തിന്റെ പേരാണെന്നാൽ, അവനെ അല്ലാഹു മനുഷ്യരെ പരീക്ഷിക്കുന്നതിനുവേണ്ടി മലക്കുകൾക്കെതിരിൽ വെച്ചിരിക്കുന്നു.**

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)സൂറ അൽഹജ്ജിലെ 4,5 വചനങ്ങൾക്കു(വമിനന്നാസി മൻയ്യുജാദിലു ഫില്ലാഹി ബിഗയ്രി ഇൽമിൻ വ്വയത്തബിഉ കുല്ല ശയ്ത്വാനിൻ മ്മരീദിൻ-കുതിബ അലയ്ഹി അന്നഹൂ മൻ തവല്ലാഹു ഫഅന്നഹൂ യുളില്ലുഹൂ വ യഹ്ദീഹി ഇലാ അദാബിസ്സയീരി) -അർഥം:അല്ലാഹുവിന്റെ കാര്യത്തിൽ ഒരറിവുമില്ലാതെ തർക്കിക്കുകയും ധിക്കാരികളായ എല്ലാ പിശാചുക്കളേയും പിൻപറ്റുകയും ചെയ്യുന്ന ചിലർ ജനങ്ങളിലുണ്ട്. ആരെങ്കിലും അവനെ മിത്രമാക്കുന്നതായാൽ തീർച്ചയായും അവൻ അവനെ വഴിതെറ്റിക്കുകയും അവനെ നരക ശിക്ഷയിലേക്ക് നയിക്കുകയും ചെയ്യുന്നതാണെന്ന് അവനെ(പിശാചിനെ)പ്പറ്റി തീരുമാനിക്കപ്പെട്ടിരിക്കുന്നു-നല്കിയ വ്യാഖ്യാനത്തിൽ പറയുന്നു:

സുവ്യക്തമായ തെളിവുകൾ കൂടാതെ ഒരു കാര്യത്തിലും തർക്കിക്കരുത്. അപ്പോൾപ്പിന്നെ ആരെങ്കിലും അല്ലാഹുവിനെ സംബന്ധിച്ച് കുതർക്കം നടത്താൻ തുടങ്ങുന്നതും ഏതെങ്കിലും അഹങ്കാരിയായ ശയ്ത്വാന്റെ പിന്നാലെ കൂടുന്നതും അവന്റെ കൂട്ടുകാരനാകുന്നതും എത്രമാത്രം അക്രമമാണ്. വാസ്തവത്തിൽ അഹങ്കാരിയായ ശയ്ത്വാന്റെ പിന്നാലെ കൂടുന്നവനേയും അവന്റെ കൂട്ടുകാരനാകുന്നവനേയും അവൻ വഴിപിഴപ്പിക്കുകതന്നെ ചെയ്യുമെന്നതും അവനെ നാശത്തിന്റെ വഴി കാണിക്കുമെന്നതും ദൈവവിധിയാണ്. ഈ ആയത്തിൽനിന്ന് പ്രകടമാകുന്നത് ഏതെങ്കിലുമൊരാൾ നിരന്തരം ശയ്ത്വാൻ പറയുന്ന കാര്യങ്ങൾ വിശ്വസിക്കാൻ തുടങ്ങുമ്പോൾ അവരിരുവരുംതമ്മിൽ സുഹൃത്ത് ബന്ധമുണ്ടാകുന്നു. ഈ ബന്ധം അവസാനം അവനെ നരകത്തിലെത്തിക്കുന്നു. മറ്റൊരു സ്ഥലത്തും അല്ലാഹു പറയുന്നു:വമയ്യകുനിശ്ശയ്ത്വാനു ലഹൂ ഖരീനൻ ഫസാഅ ഖരീനൻ(4:38) ആർക്കാണോ പിശാച് കൂട്ടുകാരനായിരിക്കുന്നത്(അയാൾ ഓർക്കേണ്ടതാണ്) അവൻ വളരെ ചീത്തയായ കൂട്ടുകാരനാണ്. ആ അവസ്ഥയിലും മനുഷ്യൻ തന്റെ സ്വഭാവസംസ്കരണത്തിലേക്ക് ശ്രദ്ധിക്കുന്നില്ലെങ്കിൽ

(ശേഷം പേജ് 12ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

- ഏകനായ അല്ലാഹുവിന്റെ അഭിമാനത്തിന്റെ പ്രശ്നമുണ്ടാകുകയും അന്യാരാധനയുടെ മുദ്രാവാക്യം മുഴങ്ങുകയും ചെയ്തപ്പോൾ അവിടത്തെ ആത്മാവ് അസ്വസ്ഥഭരിതമായി. അവിടന്ന് അങ്ങേയറ്റം ആവേശത്തോടെ സ്വഹാബത്തിലേക്ക് നോക്കിക്കൊണ്ടു ചോദിച്ചു: നിങ്ങളെന്തുകൊണ്ട് മറുപടി നൽകുന്നില്ല? സ്വഹാബാക്കൾ ചോദിച്ചു: യാ റസൂലല്ലാഹ്! ഞങ്ങളെന്ത് മറുപടിയാണ് നൽകേണ്ടത്? നബി(സ)തിരുമേനി പറഞ്ഞു: അല്ലാഹു അഅ്ലാ വ അജല്ലു-അല്ലാഹു അഅ്ലാ വ അജല്ലു(അല്ലാഹുതന്നെയാണ് അത്യുന്നതനും പ്രതാപവാനും എന്ന് പറയുക. ഹുബലിന്റെ പ്രൗഢി ഉയർന്നു എന്ന് നിങ്ങൾ പറയുന്നത് കളവാണ്. അല്ലാഹു വഹ്ദഹൂ ലാ ശരീക്ക് തന്നെയാണ് ആദരിക്കപ്പെട്ടവൻ. അവന്റെ തേജോവിലാസം അത്യുന്നതമാണ്.
- നബി(സ)തിരുമേനി പറഞ്ഞു: അതേ! അലി എന്നിൽ നിന്നും ഞാൻ അലിയിൽ നിന്നുമാകുന്നു.ആ നേരത്ത് ജിബ്രീൽ (അ)പറഞ്ഞു: ഞാൻ നിങ്ങളിരുവരിൽനിന്നുമാകുന്നു.
- നബി(സ)തിരുമേനി തലയുയർത്തി ജനങ്ങളെ നോക്കുമ്പോൾ ഹദ്റത്ത് അബൂത്വൽഹ(റ)ഇങ്ങനെ പറയുമായിരുന്നു:ബി അബീ അൻത വ ഉമ്മീ യാ റസൂലല്ലാഹി ലാ യുസ്വീബുക്ക സഹ്മുൻ, നഹ്രീ ദൂന നഹ്രിക്ക എന്റെ മാതാപിതാക്കൾ അങ്ങയ്ക്ക് തെണ്ടമായിരിക്കട്ടെ, തലയുയർത്തി നോക്കാതിരുന്നാലും. കാരണം അവരുടെ ശരങ്ങളിൽ ഏതെങ്കിലുമൊന്ന് അങ്ങയുടെമേൽ പതിച്ചേക്കാം. എന്റെ നെഞ്ച് അങ്ങയുടെ മുന്നിലുണ്ട്.
- ഹദ്റത്ത് ത്വൽഹ(റ)പറഞ്ഞു:അൽഹംദുലില്ലാഹി കുല്ലു മുസ്വീബത്തിൻ ബഅ്ദഹു ജലലൂ സർവ സ്തുതിയും അല്ലാഹുവിന്നാകുന്നു. നബി(സ)തിരുമേനിക്ക് സുഖമാണെങ്കിൽ മറ്റെല്ലാ പ്രയാസങ്ങളും നിസ്സാരമാകുന്നു.
- ഉഹുദ് യുദ്ധത്തിനുശേഷം ഒരാൾ ത്വൽഹയോട് ചോദിച്ചു: താങ്കളുടെ കൈയിൽ അമ്പുകൾവന്ന് തറയ്ക്കുമ്പോൾ വേദന തോന്നിയിരുന്നില്ലെ? ഉഫ് എന്ന ശബ്ദം വന്നിരുന്നില്ലെ? ത്വൽഹ(റ)മറുപടിപറഞ്ഞു: വേദനയുണ്ടായിരുന്നു. ഉഫ് ശബ്ദം വരുമായിരുന്നു. പക്ഷേ, ഞാൻ അത് പറഞ്ഞില്ല. ഉഫ് എന്ന് പറയുമ്പോൾ എന്റെ കൈ അനങ്ങുകയും അമ്പ് നബി(സ)തിരുമേനിയുടെ മുഖത്ത് തറയ്ക്കുകയും ചെയ്തെങ്കിലോ എന്നായിരുന്നു എന്റെ ആശങ്ക.
- സഅ്ദ് പറയുന്നു: ഞാൻ അമ്പെയ്യുമ്പോഴെല്ലാം നബി(സ)തിരുമേനി ഇങ്ങനെ പറഞ്ഞിരുന്നു: അല്ലാഹുവേ! ഇദ്ദേഹത്തിന്റെ ഉന്നം കൃത്യമാക്കേണമേ. ഇദ്ദേഹത്തിന്റെ ദുആ സ്വീകരിക്കേണമേ. അങ്ങനെ ഞാൻ ആവനാഴിയിൽനിന്ന് അമ്പുകൾ എയ്തുകഴിഞ്ഞപ്പോൾ നബി(സ)തിരുമേനി തന്റെ ആവനാഴി യിൽനിന്ന് എനിക്ക് അമ്പുകൾ നല്കി.
- ഉഹുദ്യുദ്ധത്തിൽ അബൂദുജാന നബി(സ)തിരുമേനിയുടെ സംരക്ഷണത്തിൽ പരിചയായിരുന്നു. അങ്ങനെ അദ്ദേഹം നബി(സ)തിരുമേനിയുടെ മുഖത്തിന് അഭിമുഖമായി നിൽക്കുകയുണ്ടായി. വരുന്ന അമ്പുകളാകട്ടെ അദ്ദേഹത്തിന്റെ ഇടുപ്പിലാണ് കൊണ്ടിരുന്നത്. അദ്ദേഹം കുനിഞ്ഞ് നിൽക്കുകയായിരുന്നു. എല്ലാ അമ്പുകളും തന്റെ ഇടുപ്പിലാണ് ഏറ്റുവാങ്ങിയത്. അങ്ങനെ അദ്ദേഹത്തിന്റെ ഇടുപ്പിൽ നിരവധി അമ്പുകൾ തറയ്ക്കുകയുണ്ടായി
- ഉഹുദ് യുദ്ധത്തിൽ സ്വഹാബത്തിന്റെ(റ)ത്യാഗങ്ങളെ സംബന്ധിച്ച ചർച്ച
- ഫലസ്ത്വീന്റെ പൊതുഅവസ്ഥകൾക്കുവേണ്ടിയും പാക്കിസ്താനിലെ അഹ്മദികൾക്കുവേണ്ടിയും ദുആ ചെയ്യാൻ ആഹ്വാനം.

**ഖുത്ബ ജുമുഅ 2024 ഫെബ്രുവരി 2/1403 തബ്ലീഗ് 2**
**മസ്ജിദ് മുബാറക്ക്, ഇസ്ലാമാബാദ്,യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഉഹുദ് യുദ്ധത്തിലെ സംഭവങ്ങൾ വിവരിച്ചപ്പോൾ സ്വഹാബാക്കളുടെ ത്യാഗങ്ങളേയും റസൂലിനോടുള്ള അവരുടെ സ്നേഹത്തിന്റേയും ഉദാഹരണങ്ങൾ ഞാൻ നല്കിയിരുന്നു. അവയിൽ ഹദ്റത്ത് അലി(റ)യുടെ ധീരമായ സംഭവങ്ങളെക്കുറിച്ചും വിവരങ്ങൾ ലഭിക്കുന്നുണ്ട്. ഹദ്റത്ത് അലിയെ കുറിച്ച് നിവേദനത്തിൽ വന്നിരിക്കുന്നു: ഉഹുദ് യുദ്ധാവസരത്തിൽ ഇബ്നു ഖമിഅ, മുസ്അബ് ബിൻ ഉമയ്റിനെ(റ)ശഹീദാക്കിയപ്പോൾ അയാൾ കരുതിയത് താൻ നബി(സ) തിരുമേനിയെ ശഹീദാക്കിയെന്നാണ്. അങ്ങനെ അയാൾ ഖുറയ്ശികൾക്കിടയിൽ തിരിച്ചുപോയി താൻ മുഹമ്മദി(സ)നെ വധിച്ചുവെന്ന് പറയാൻ തുടങ്ങി. ഹദ്റത്ത് മുസ്അബ് ശഹീദായപ്പോൾ നബി(സ)തിരുമേനി പതാക ഹദ്റത്ത് അലിയെ(റ)ഏൽപ്പിച്ചു. അങ്ങനെ ഹദ്റത്ത് അലിയും മറ്റു മുസ്ലിമീങ്ങളും യുദ്ധം ചെയ്തു.(അസ്സീറത്തുന്നബ്വിയ്യ ലി ഇബ്നി ഹിശാം, പേജ് 529, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2001)

ഹദ്റത്ത് അലി(റ)ഒന്നിനു പിറകെ ഒന്നായി കാഫിരീങ്ങളുടെ പതാകവാഹകരെ വധിക്കുകയുണ്ടായി. നബി(സ)തിരുമേനി കാഫിരീങ്ങളുടെ ആ സംഘവുമായി യുദ്ധം ചെയ്യാൻ ഹദ്റത്ത് അലിയ്ക്ക് കൽപ്പന നൽകി. ഹദ്റത്ത് അലി(റ), അംറ് ബിൻ അബ്ദുല്ലാഹ് ജുംഹിയെ വധിച്ചു. അവരെ ഛിന്നഭിന്നമാക്കി. തുടർന്ന് നബി(സ)തിരുമേനി അദ്ദേഹത്തോടു ഖുറയ്ശികളുടെ മറ്റൊരു സൈനിക സംഘത്തോടു യുദ്ധം ചെയ്യാൻ കൽപ്പിച്ചു. ഹദ്റത്ത് അലി ശയ്ബ ബിൻ മാലിക്കിനെ വധിച്ചു. ഹദ്റത്ത് ജിബ്രീൽ(അ)പറഞ്ഞു: യാ റസൂലല്ലാഹ്! തീർച്ചയായും ഇദ്ദേഹം സഹാനുഭൂതി അർഹിക്കുന്നു. അതായത് ഹദ്റത്ത് അലിയെപ്പറ്റി ഇതുപറഞ്ഞപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: അതേ! അലി എന്നിൽ നിന്നും ഞാൻ അലിയിൽ നിന്നുമാകുന്നു. ആ നേരത്ത് ജിബ്രീൽ(അ)പറഞ്ഞു: □ഞാൻ നിങ്ങളിരുവരിൽനിന്നുമാകുന്നു.(താരീഖ് അത്ത്വബരി, വാള്യം 2, പേജ് 65, ദാറുൽതുകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)

ഇക്കാര്യത്തെ ശിയാക്കൾ അതിശയോക്തി കലർത്തി പെരുപ്പിച്ച് വർണ്ണിക്കാറുണ്ട്.

ഹദ്റത്ത് അലി(റ)പറയുന്നു: ഉഹുദ് യുദ്ധത്തിൽ ആളുകൾ നബി(സ)തിരുമേനിയുടെ അടുക്കൽ നിന്നു മാറിയപ്പോൾ ഞാൻ ശഹീദായവരുടെ മൃതദേഹങ്ങൾ തിരയാൻ തുടങ്ങി. അതിൽ എനിക്ക് നബി(സ)തിരുമേനിയെ കാണാൻ കഴിഞ്ഞില്ല. അപ്പോൾ ഞാൻ പറഞ്ഞു: അല്ലാഹുവാണ! നബി(സ)തിരുമേനി ഓടിപ്പോകുന്നവനല്ല.ഞാൻ നബി(സ)തിരുമേനിയെ ശഹീദായവരുടെ ഇടയിലും കണ്ടില്ല. പക്ഷേ, അല്ലാഹു നമ്മളോടു നീരസം പ്രകടിപ്പിക്കുകയും അവൻ തന്റെ നബിയെ ഉയർത്തുകയും ചെയ്തിരിക്കുന്നു. അതുകൊണ്ട് എന്നെ സംബന്ധിച്ചിടത്തോളം യുദ്ധം ചെയ്യുകയും അങ്ങനെ കൊല്ലപ്പെടുന്നതുമാണ് അഭികാമ്യം. ഹദ്റത്ത് അലി(റ)പറയുന്നു: അങ്ങനെ ഞാനെന്റെ വാള് ഒടിച്ചുകളയുകയും കാഫിരീങ്ങളെ ആക്രമിക്കുകയും ചെയ്തു. അവർ പലഭാഗത്തക്കും ചിതറിപ്പിരിഞ്ഞു. അപ്പോൾ നബി(സ)തിരുമേനി അവർക്കിടയിൽ നിൽക്കുന്നതാണ് ഞാൻ കണ്ടത്.(ഉസദുൽഗാബ, വാള്യം, പേജ് 94, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്)

സയീദ് ബിൻ മുസയ്യിബിൽ നിന്നുള്ള നിവേദനം: ഉഹുദ് യുദ്ധത്തിൽ ഹദ്റത്ത് അലിയ്ക്ക്(റ) 16 മുറിവകളേറ്റിരുന്നു.(ഉസദുൽഗാബ, വാള്യം, പേജ് 93, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്)

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)വിപത്തുകളുടെ കീഴിൽ അനുഗ്രഹങ്ങളുടെ ഖജനാവ് മറഞ്ഞിരിക്കുന്നു എന്ന വിഷയത്തെ വിവരിച്ചുകൊണ്ടു പറയുന്നു: ഹദ്റത്ത് അലി(റ)ഉഹുദിൽനിന്ന് തിരിച്ചുവന്ന് ഹദ്റത്ത് ഫാത്വിമയ്ക്ക് തന്റെ വാളു കൊടുത്തിട്ടു പറഞ്ഞു: ഇത് കഴുകി വൃത്തിയാക്കുക. ഇന്ന് ഈ വാൾ വളരെയേറെ ഉപകാരപ്പെട്ടു. നബി(സ)തിരുമേനി ഹദ്റത്ത് അലി ഇങ്ങനെ പറയുന്നത് കേൾക്കുന്നുണ്ടായിരുന്നു. അവിടന്ന് പറഞ്ഞു: അലീ! നിന്റെ വാൾ മാത്രമല്ല പ്രയോ

ജനപ്പെട്ടത്. നിന്റെ മറ്റു നിരവധി സഹോദരന്മാരുടെ വാളുകളും ഇന്ന് അവയുടെ ശ്രേഷ്ഠത പ്രകടിപ്പിക്കുകയുണ്ടായി. നബി (സ)തിരുമേനി ആറേഴ് സ്വഹാബാക്കളുടെ പേര് എടുത്തുകൊണ്ട് പറഞ്ഞു: അവരുടെ വാളുകളും നിന്റെ വാളിനേക്കാൾ മൂർച്ച കുറഞ്ഞതായിരുന്നില്ല.(മസ്വാഇബ് കെ നീച്ചെ ബർക്കത്തോം കെ ഖസാനെ മഖ്ഫീ ഹോത്തെ ഹൈൻ, അൻവാറുൽഉലൂം വാല്യം 19, പേജ് 59)

ഹദ്റത്ത് അബൂ ത്വൽഹ അൻസാരി(റ)യെ സംബന്ധിച്ച് ഈ വിഷയത്തിൽ വിവരം ലഭിക്കുന്നുണ്ട്. ഹദ്റത്ത് അനസ്(റ)വിവരിക്കുന്നു:ഉഹുദ് യുദ്ധമുണ്ടായപ്പോൾ ജനങ്ങൾ പരാജയപ്പെട്ട് നബി(സ)തിരുമേനിയിൽനിന്ന് അകന്നുപോയിരുന്നു. ഹദ്റത്ത് അബൂ ത്വൽഹ(റ), നബി(സ) തിരുമേനിക്കുമുമ്പിൽ തന്റെ പരിചയുമായി നിലയുറപ്പിച്ചു. ഹദ്റത്ത് അബൂത്വൽഹ(റ)ശക്തമായി വില്ല് കുലയ്ക്കുന്ന അമ്പെയ്ത്തുകാരനായിരുന്നു. അദ്ദേഹം അന്ന് രണ്ടോ മൂന്നോ വില്ലുകൾ പൊട്ടിക്കുകയുമുണ്ടായി. അതായത് ശക്തമായി വലിച്ചതുകാരണം വില്ലുകൾ പൊട്ടിപ്പോയി. ഏതെങ്കിലും സ്വഹാബി അമ്പുകളുള്ള ആവനാഴിയുമായി അതുവഴി കടന്നുപോകുമ്പോൾ നബി(സ)തിരുമേനി അവരോട് അബൂത്വൽഹക്ക് അമ്പുകൾ എറിഞ്ഞുകൊടുക്കാൻ പറയുമായിരുന്നു. അതായത് ഇദ്ദേഹം നല്ല അമ്പെയ്ത്തുകാരനാണ്. അതുകൊണ്ട് നിങ്ങളുടെ അമ്പും ഇദ്ദേഹത്തിന് കൊടുക്കുക എന്ന് സാരം. അദ്ദേഹം ആ സമയത്ത് നബി(സ) തിരുമേനിയുടെ മുമ്പിൽ നിൽക്കുകയായരുന്നു. ഹദ്റത്ത് അനസ്(റ) പറയുന്നു: നബി(സ)തിരുമേനി തലയുയർത്തി ജനങ്ങളെ നോക്കുമ്പോൾ ഹദ്റത്ത് അബൂത്വൽഹ(റ)ഇങ്ങനെ പറയുമായിരുന്നു:ബി അബീ അൻത വ ഉമ്മീ യാ റസൂലല്ലാഹി ലാ യുസീബുക്ക സഹ്മുൻ, നഹ്‌രീ ദൂന നഹ്‌രിക്ക എന്റെ മാതാപിതാക്കൾ അങ്ങയ്ക്ക് തെണ്ടമായിരിക്കട്ടെ, തലയുയർത്തി നോക്കാതിരുന്നാലും. കാരണം അവരുടെ ശരങ്ങളിൽ ഏതെങ്കിലമൊന്ന് അങ്ങേക്കുമേൽ പതിച്ചേക്കാം. എന്റെ നെഞ്ച് അങ്ങയുടെ മുന്നിലുണ്ട്.

ഈ ഉദ്ധരണി ബുഖാരിയിൽനിന്ന് എടുത്തിട്ടുള്ളതാണ്. (സ്വഹീഹുൽ ബുഖാരി, കിതാബുൽ മഗാസി, ബാബ് ഇദ് ഹമ്മത്ത് ത്വാഇഫത്താനി മിൻകും, ഹദീഥ് 64)(അത്ത്വബഖാത്തുൽകുബ്റാ വാല്യം 3, പേജ് 384-385, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)

ഹദ്റത്ത് അനസ് ബിൻ മാലിക്ക്(റ)നിവേദനം. ഹദ്റത്ത് അബൂത്വൽഹ(റ) ഒരു പരിച കൊണ്ടാണ് നബി(സ)തിരുമേനിയെ സംരക്ഷിച്ചിരുന്നത്. ഹദ്റത്ത് അബൂത്വൽഹ(റ) നല്ലൊരു അമ്പെയ്ത്തുകാരനായിരുന്നു. അദ്ദേഹം അമ്പെയ്യുമ്പോൾ നബി(സ)തിരുമേനി തലനീട്ടി അത് തറയ്ക്കുന്ന സ്ഥലം നോക്കിയിരുന്നു.(സ്വഹീഹുൽ ബുഖാരി, കിതാബുൽജിഹാദ്, ഹദീഥ് 2902)

ഉഹുദ് യുദ്ധത്തിൽ ഹദ്റത്ത് അബൂത്വൽഹ(റ) ഈ കവിത ചൊല്ലിയതിനെ പറ്റിയും പറയുന്നുണ്ട്: വജ്ഹീ ലിവജ്ഹിക്കൽവിഖാഉ

വ നഫ്സീ ലിനഫ്സിക്കൽഫിദാഉ

അതായത് എന്റെ മുഖം അങ്ങയുടെ മുഖത്തെ സംരക്ഷിക്കാനുള്ളതാണ്. എന്റെ ജീവൻ അങ്ങയുടെ ജീവനുമേൽ സമർപ്പണം ചെയ്യാൻ സന്നദ്ധവുമാണ്.(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, വാല്യം 4, പേജ് 665, മുസ്നദ് ഹദീഥ് 13781, ആലമുൽകുതുബ് ബെയ്റുത്ത് 1998)

ഹദ്റത്ത് അബൂത്വൽഹ അൻസ്വാരിയെപ്പറ്റി ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് (റ) എഴുതുന്നു: അബൂത്വൽഹ അൻസ്വാരി അമ്പെയ്തുകൊണ്ട് മൂന്ന് വില്ലുകൾ പൊട്ടിക്കുകയുണ്ടായി. ശത്രുക്കളുടെ ശരങ്ങൾക്കുമുന്നിൽ നെഞ്ചുവിരിച്ച് നബി(സ)തിരുമേനിയുടെ ശരീരത്തെ തന്റെ പരിചകൊണ്ട് മറച്ചുപിടിച്ചു.(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)എം.എ. പേജ് 495)

ഇനി ഹദ്റത്ത് ത്വൽഹ ബിൻ ഉബയ്ദുല്ലായെപറ്റിയുള്ള വിവരണമാണുള്ളത്. നേരത്തെ പറഞ്ഞത് (ഹദ്റത്ത് അബൂത്വൽഹ(റ))അൻസ്വാരിയെ കുറിച്ചായിരുന്നു. ഇദ്ദേഹം ഖുറയ്ശിൽപ്പെട്ടയാളാണ്. ഉഹുദു ദിവസം നബി(സ)തിരുമേനിയെ സംരക്ഷിച്ചുകൊണ്ട് ഇദ്ദേഹം ശരങ്ങൾ കൈയിലേറ്റുവാങ്ങുകയുണ്ടായി. ഹദ്റത്ത് ത്വൽഹ ഉഹുദ് ദിവസം നബി (സ)തിരുമേനിയോടൊപ്പം പങ്കാളിയായിരുന്നു. ഇദ്ദേഹം അന്ന് നബി(സ) തിരുമേനിയുടെകൂടെ സ്ഥിരചിത്തരായി നിന്നവരിലും നബി(സ)തിരുമേനിയുമായി മരണത്തിന്റെ കാര്യത്തിൽ ബയ്അത്ത് ചെയ്തവരിലും ഉൾപ്പെടുന്നു. മാലിക് ബിൻ സുഹയ്ർ, നബി (സ)തിരുമേനിയുടെ നേരെ അമ്പെയ്തപ്പോൾ ഹദ്റത്ത് ത്വൽഹ(റ) നബി(സ)തിരുമേനിയുടെ മുഖകമലം തന്റെ കൈകൊണ്ട് സംരക്ഷിക്കുകയായിരുന്നു. അമ്പ് അദ്ദേഹത്തിന്റെ ചെറുവിരലിലാണ് കൊണ്ടത്. അക്കാരണം കൊണ്ടുതന്നെ അത് ഉപയോഗശൂന്യമായിത്തീരുകയും ചെയ്തു. ആദ്യത്തെ അമ്പു കൊണ്ടപ്പോൾ വേദന കാരണം ചെറിയൊരു ശബ്ദം വരികയുണ്ടായി. നബി(സ)തിരുമേനി പറഞ്ഞു: അദ്ദേഹം ബിസ്മില്ലാഹ് എന്ന് പറഞ്ഞിരുന്നുവെങ്കിൽ ജനങ്ങൾ കണ്ടുകൊണ്ടിരിക്കേ അദ്ദേഹത്തിന് സ്വർഗത്തിൽ പ്രവേശിക്കാമായിരുന്നു.(അത്ത്വബഖാത്തുൽകുബ്റാ ലി ഇബ്നിസഅ്ദ്, ഭാഗം 3, പേജ് 162-163, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 1990)

ഈ സംഭവത്തിന്റെ വിശദീകരണം സീറത്തുൽഹൽബിയായിലെ ഒരു നിവേദനത്തിൽ ഇങ്ങനെയും വന്നിട്ടുണ്ട്. ഖയ്സ് ബിൻ അബൂഹാസിം(റ)പറയുന്നു: ഞാൻ ഉഹുദ് ദിവസം ഹദ്റത്ത് ത്വൽഹ ബിൻ ഉബയ്ദുല്ലായുടെ കൈയുടെ അവസ്ഥ കണ്ടു. അത് നബി(സ)തിരുമേനിയെ അമ്പുകളിൽനിന്ന് സംരക്ഷിച്ചതിനാൽ തളർന്നുപോയിരുന്നു. ഒരു മൊഴിയുണ്ട്. അതിൽ പറയുന്നത് അമ്പ് കൊണ്ടിരുന്നു. അങ്ങനെ അതിൽനിന്ന് രക്തം വാർന്നൊഴുകിയതിനാൽ ക്ഷീണം കാരണം അദ്ദേഹം മോഹാലസ്യപ്പെടുകയുണ്ടായി എന്നാണ്. ഹദ്റത്ത് അബൂബക്ർ(റ)അദ്ദേഹത്തിന്റെ മുഖത്ത് വെള്ളം തളിച്ചു. അപ്പോൾ അദ്ദേഹത്തിന് ബോധം വന്നു. ബോധം വന്നുടനെ അദ്ദേഹം ചോദിച്ചു: നബി(സ)തിരുമേനി എങ്ങനെയിരിക്കുന്നു. ഹദ്റത്ത് അബൂബക്ർ(റ)പറഞ്ഞു: അവിടന്ന് സുഖമായിരിക്കുന്നു. നബി(സ)തിരുമേനി തന്നെയാണ് എന്നെ താങ്കളുടെ അടുത്ത് അയച്ചത്. ഹദ്റത്ത് ത്വൽഹ(റ)പറഞ്ഞു:അൽഹംദുലില്ലാഹി കുല്ലു മുസീബത്തിൻ ബഅ്ദഹു ജലലൂ സർവ സ്തുതിയും അല്ലാഹുവിന്നാകുന്നു. നബി(സ) തിരുമേനിക്ക് സുഖമാണെങ്കിൽ മറ്റെല്ലാ പ്രയാസങ്ങളും നിസ്സാരമാകുന്നു.(സീറത്തുൽഹൽബിയ്യ വാല്യം 2, പേജ് 324, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)

ഹദ്റത്ത് ത്വൽഹയുടെ മക്കളായ ആഇശയും ഉമ്മു ഇസ്ഹാഖും വിവരിക്കുന്നു: ഉഹുദ് ദിവസം ഞങ്ങളുടെ പിതാവിന് 24 മുറിവുകൾ പറ്റിയിരുന്നു. അതിൽ വലിയ മുറിവ് തലയ്ക്കായിരുന്നു. കാലിലെ ഞരമ്പ് മുറിയുകയും ചെയ്തിരുന്നു. വിരൽ തളർന്നുപോയിരുന്നു. ശരീരത്തിലായിരുന്നു മറ്റു പരിക്കുകൾ. അദ്ദേഹം അബോധാവസ്ഥയിലായിരുന്നു. നബി(സ)തിരുമേനിയുടെ മുന്നിലെ രണ്ടു പല്ലുകൾ പൊട്ടിയിരുന്നു. നബി(സ)തിരുമേനിയുടെ മുഖത്ത് പരിക്കേറ്റിരുന്നു. ഹദ്റത്ത് ത്വൽഹ(റ), നബി (സ)തിരുമേനിയെ തന്റെ പുറത്തേറ്റിക്കൊണ്ട് പിന്നിലേക്ക് നീങ്ങി. ശത്രുക്കളെ ആരെയെങ്കിലും കണ്ടാൽ അയാളുമായി പൊരുതിയിരുന്നു. അങ്ങനെ നബി(സ)തിരുമേനിയെ താഴ്‌വരയിലെത്തിച്ചു. താങ്ങി ഇരുത്തുകയും ചെയ്തു.(അത്ത്വബഖാത്തുൽകുബ്റാ ഭാഗം 3, പേജ് 163, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)

ഉഹുദ് യുദ്ധത്തിൽ സ്വഹാബാക്കളുടെ ജീവത്യാഗത്തേയും കൂറിനേയും സംബന്ധിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ഇങ്ങനെ വിവരിക്കുന്നു:ഉഹുദ്‌യുദ്ധ ദിവസം ഖാലിദ് ബിൻ വലീദ് മുസ്‌ലിമീങ്ങൾക്കുമേൽ അപ്രതീക്ഷിതമായി ആക്രമണം നടത്തിയപ്പോൾ മുസ്‌ലിമീങ്ങൾ നാലുഭാഗത്തേക്കും ചിതറിപ്പിരിഞ്ഞു. ഏതാനും സ്വഹാബാക്കൾ മാത്രമാണ് നബി(സ)തിരുമേനിയുടെ കൂടെയുണ്ടായിരുന്നത്. അത് കൂടിയാൽ 30 പേർ മാത്രമായിരുന്നു. നബി(സ)തിരുമേനി നിൽക്കുന്ന സ്ഥലത്തേക്ക് കാഫിരീങ്ങൾ ശക്തമായ ആക്രമണം നടത്തി. നബി(സ)തിരുമേനിയെ സംരക്ഷിച്ചുകൊണ്ട് ഒന്നിനുപിറകെ മറ്റൊന്നായി സ്വഹാബാക്കൾ മരിച്ചുവീഴാൻ തുടങ്ങി. വാൾ പയറ്റുകാരെ കൂടാതെ അമ്പെയ്ത്തുകാർഉയർന്ന കുന്നുകളിൽനിന്ന് നബി(സ)തിരുമേനിയുടെ നേരെ നിരവധി അമ്പുകൾ എയ്തുകൊണ്ടിരുന്നു. ശത്രുക്കൾ എണ്ണമറ്റ ശരങ്ങൾ വർഷിക്കുന്നതു കണ്ടപ്പോൾ, ശത്രുക്കളുടെ എല്ലാ അമ്പുകളും നബി(സ)തിരുമേനിയ്ക്കു നേരെയാണ് വർഷിക്കുന്നതെന്ന് മനസ്സിലായപ്പോൾ ഖുറയ്ശി വംശജനും മുഹാജിറുമായ ത്വൽഹ(റ) നബി(സ) തിരുമേനിയുടെ മുഖത്തിന് മുന്നിൽ തന്റെ കൈ ഉയർത്തി നിന്നു. ഉന്നത്തിൽ വന്ന് പതിക്കുന്ന ഓരോ ശരങ്ങളും ത്വൽഹ(റ)തന്റെ കൈകൾ കൊണ്ട് തടഞ്ഞുകൊണ്ടിരുന്നു. പക്ഷേ, കൂറും ജീവാർപ്പണസന്നദ്ധനുമായ ആ സ്വഹാബിവര്യൻ തന്റെ കൈ അനക്കിയതുപോലുമില്ല. അമ്പുകൾ അദ്ദേഹത്തിന്റെ കൈയിൽ വന്ന് തറച്ചുകൊണ്ടിരുന്നു. ത്വൽഹയുടെ(റ)കൈ പരിക്കുകളുടെ കാഠിന്യംകൊണ്ട് തികച്ചും തളർന്നുപോയി. ഒരു കൈ മാത്രം അവശേഷിച്ചു.

വർഷങ്ങൾക്കുശേഷം ഇസ്‌ലാമിന്റെ നാലാം ഖിലാഫത്ത് കാലത്ത് മുസ്‌ലിമീങ്ങൾക്കിടയിൽ ആഭ്യന്തരയുദ്ധം ഉണ്ടായപ്പോൾ ഒരു വിരോധി പരിഹസിച്ചുകൊണ്ട് ത്വൽഹയെ മുറിക്കയ്യൻ എന്ന് വിളിച്ചു. അപ്പോൾ മറ്റൊരു സ്വഹാബി പറഞ്ഞു: അതേ, മുറിക്കയ്യൻ തന്നെ! പക്ഷേ, എത്ര അനുഗൃഹീതനായ മുറിക്കയ്യനാണ്! താങ്കൾക്കറിയുമോ? ത്വൽഹയുടെ ഈ കൈ നബി(സ)തിരുമേനിയുടെ മുഖകമലത്തെ സംരക്ഷിച്ചതുകൊണ്ടാണ് ഇങ്ങനെയായത്!

ഉഹുദ് യുദ്ധത്തിനുശേഷം ഒരാൾ ത്വൽഹയോട് ചോദിച്ചു: താങ്കളുടെ കൈയിൽ അമ്പുകൾവന്ന് തറയ്ക്കുമ്പോൾ വേദന തോന്നിയിരുന്നില്ലെ? ഉഫ് എന്ന ശബ്ദം വന്നിരുന്നില്ലെ? ത്വൽഹ(റ) മറുപടിയായി പറഞ്ഞു: വേദനയുണ്ടായിരുന്നു. ഉഫ് ശബ്ദം വരുമായിരുന്നു. പക്ഷേ, ഞാൻ അത് പറഞ്ഞില്ല. ഉഫ് എന്ന് പറയുമ്പോൾ എന്റെ കൈ അനങ്ങുകയും അമ്പ് നബി(സ)തിരുമേനിയുടെ മുഖത്ത് തറയ്ക്കുകയും ചെയ്തെങ്കിലോ എന്നായിരുന്നു എന്റെ ആശങ്ക.(ദീബാച്ച തഫ്സീറുൽഖുർആൻ, അൻവാറുൽഉലൂം, വാല്യം 20, പേജ് 250)

ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ്(റ), ധീരതയും കൂറും പ്രകടിപ്പിച്ച ജീവത്യാഗ സന്നദ്ധനായ ആളുകളിൽപ്പെട്ട വ്യക്തിയായിരുന്നു. ആഇശ ബിൻത് സഅ്ദ്(റ)തന്റെ പിതാവിൽനിന്ന് നിവേദനം. അവർ പറയുന്നു: അദ്ദേഹം പറഞ്ഞു: അവർ അതായത് ശത്രുക്കൾ തിരിച്ചാക്രമിച്ചപ്പോൾ

ഞാൻ ആ ഭാഗത്തായിപ്പോയി. ഞാൻ പറഞ്ഞു: ഒന്നുകിൽ ഞാൻ അവരെ എന്നിൽനിന്ന് അകറ്റും അല്ലെങ്കിൽ ഞാൻ രക്ഷപ്പെടും. അതുമല്ലെങ്കിൽ ഞാൻ ശഹീദാകും. അപ്പോൾ ഞാൻ ചെമന്ന മുഖമുള്ള ഒരു വ്യക്തിയെ കണ്ടു. മുശ്‌രികീങ്ങൾ അദ്ദേഹത്തെ കീഴ്പ്പെടുത്തുമെന്ന ഘട്ടമെത്തിയപ്പോൾ അദ്ദേഹം കൈനിറയെ പൊടിക്കല്ലുകൾ വാരി അവർക്കു നേരെ എറിഞ്ഞു. അപ്പോൾത്തന്നെ എനിക്കും അദ്ദേഹത്തിനുമിടയിൽ മിഖ്ദാദ് വരികയുണ്ടായി. ഞാൻ അദ്ദേഹത്തോട് ചോദിക്കാൻ ആഗ്രഹിക്കുകയായിരുന്നു. അപ്പോൾ അദ്ദേഹം എന്നോടു പറഞ്ഞു: സഅ്ദേ! അത് നബി(സ)തിരുമേനിയായിരുന്നു. താങ്കളെ വിളിക്കുന്നുണ്ട്. അപ്പോൾ ഞാനെഴുന്നേറ്റു നിന്നു. എനിക്ക് ഒരു പ്രയാസവുമുണ്ടായിട്ടില്ലെന്ന് തോന്നി. ഞാൻ നബി(സ)തിരുമേനിയുടെ അടുക്കലെത്തിയപ്പോൾ നബി(സ)തിരുമേനി എന്നെ മുന്നിലിരുത്തി. ഞാൻ അമ്പെയ്യാൻ തുടങ്ങി. ഞാൻ പറഞ്ഞു: അല്ലാഹുവേ! നിന്റെ അമ്പുകളാണെങ്കിൽ അവ ശത്രുക്കളെ നശിപ്പിക്കട്ടെ. നബി(സ)തിരുമേനി ഇങ്ങനെ പറഞ്ഞു: അല്ലാഹുവേ! നീ സഅ്ദിന്റെ ദുആകളെ സ്വീകരിക്കേണമേ. അല്ലാഹുവേ! നീ സഅ്ദിന്റെ ഉന്നം ശരിയാക്കേണമേ. അല്ലയോ സഅ്ദേ! എന്റെ മാതാപിതാക്കൾ നിന്നിൽ തെണ്ടമായിരിക്കട്ടെ. സഅ്ദ് പറയുന്നു: അതായത് അദ്ദേഹം സംഭവം വിവരിക്കുകയാണ്: ഇങ്ങനെ ഞാൻ ചെയ്തുകൊണ്ടിരിക്കുകയായിരുന്നു, ഞങ്ങൾക്കിടയിൽ ഏതോ മലക്ക് വന്ന് പോകുന്നതുപോലെയാണ് എനിക്ക് അനുഭവപ്പെട്ടത്. പക്ഷേ, അത് നബി(സ)തിരുമേനി ആയിരുന്നുവെന്ന് എന്നോടു ആരോ പറയുകയുണ്ടായി. വ്യത്യസ്തമായി അനുഭവപ്പെട്ടിരിക്കാം. ജനങ്ങൾക്ക് കശ്ഫിന്റെ അവസ്ഥ ഉണ്ടായതായിരിക്കാം. അതല്ലെങ്കിൽ അങ്ങനെതന്നെ സംഭവിച്ചതായിരിക്കാം. ഏതായാലും ഒടുവിൽ അദ്ദേഹം നബി(സ)തിരുമേനിയുടെ അടുക്കൽത്തന്നെയായിരുന്നു. സഅ്ദ് തുടരുന്നു: ഞാൻ അമ്പെയ്യുമ്പോഴെല്ലാം നബി(സ) തിരുമേനി ഇങ്ങനെ പറഞ്ഞിരുന്നു: അല്ലാഹുവേ! ഇദ്ദേഹത്തിന്റെ ഉന്നം കൃത്യമാക്കേണമേ. ഇദ്ദേഹത്തിന്റെ ദുആ സ്വീകരിക്കേണമേ. അങ്ങനെ ഞാൻ ആവനാഴിയിൽനിന്ന് അമ്പുകൾ എയ്തു കഴിഞ്ഞപ്പോൾ നബി(സ)തിരുമേനി തന്റെ ആവനാഴി തുറക്കുകയും എനിക്ക് മുനയും ചിറകുമില്ലാത്ത അമ്പു തരികയും ചെയ്തു. അത് മറ്റു അമ്പുകളെ അപേക്ഷിച്ച് കൂടുതൽ തീവ്രത(വേഗം)യുള്ളതായിരുന്നു.

സുഹ്‌രി (റഹ്)എഴുതിയിരിക്കുന്നു: ആ ദിവസം സഅ്ദ് ആയിരം അമ്പുകൾ തൊടുത്തു വിടുകയുണ്ടായി. (സുബുലുൽഹുദാ വർറശാദ് വാല്യം 4, പേജ് 200–201, ദാറുൽകുതുബുൽ ഇൽമിയ്യ)

ഉഹുദ് യുദ്ധവേളയിൽ നബി(സ)തിരുമേനിയുടെ അടുക്കൽ ഉറച്ചുനിന്ന സ്വഹാബാക്കൾ ഏതാനും പേർ മാത്രമായിരുന്നു. ആ സമയത്തുണ്ടായിരുന്ന ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസിനെപ്പറ്റി സീറത്ത് ഖാത്തമുന്നബിയ്യീനിൽ ഹദ്റത്ത് മിർസ ബശീർ അഹ്‌മദ് സാഹിബ്(റ)എഴുതുന്നു:

സഅ്ദ് ബിൻ വഖാസിന് നബി(സ)തിരുമേനി തന്നെ അമ്പുകളെടുത്തുകൊടുത്തുകൊണ്ടിരുന്നു. ഹദ്റത്ത് സഅ്ദ്(റ)ഈ അമ്പുകൾ ശത്രുക്കൾക്കു നേരെ തുരുതുരാ എയ്തുകൊണ്ടിരുന്നു. ഒരുവേള നബി(സ)തിരുമേനി ഹദ്റത്ത് സഅ്ദിനോടു പറഞ്ഞു: എന്റെ മാതാപിതാക്കൾ നിനക്ക് തെണ്ടമായിരിക്കട്ടെ. തുടർച്ചയായി അമ്പെയ്തുകൊണ്ടിരിക്കൂ. സഅ്ദ് തന്റെ ആയുഷ്ക്കാലം മുഴുവനും ഈ വാക്കുകൾ വളരെ അഭിമാനത്തോടെ പറയാറുണ്ടായിരുന്നു.(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസ ബശീർ അഹ്‌മദ് സാഹിബ്(റ), പേജ് 495)

ഒരു നിവേദനത്തിൽ പറയുന്നു. ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ്(റ)വിവരിക്കുന്നു: നബി(സ)തിരുമേനി ഉഹുദ്‌യുദ്ധ ദിവസം തന്റെ ആവനാഴിയിൽനിന്ന് എനിക്കുവേണ്ടി അമ്പുകളെടുത്ത് നിരത്തി. നബി(സ)തിരുമേനി പറഞ്ഞു: അമ്പെയ്യുക, എന്റെ മാതാപിതാക്കൾ നിനക്ക് തെണ്ടമായിരിക്കട്ടെ.(സ്വഹീഹ് ബുഖാരി, കിതാബുൽ മഗാസി, ബാബ് ഇദ് ഹമ്മത്ത് ത്വഇഫത്താനി മിൻകും....ഹദീഥ് 4055)

ഹദ്റത്ത് അലി(റ)വിവരിക്കുന്നു: ഞാൻ ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസിന് പുറമെ മറ്റാരോടും നബി(സ)തിരുമേനി എന്റെ മാതാപിതാക്കൾ നിനക്ക് തെണ്ടമായിരിക്കട്ടെ എന്ന് ദുആ ചെയ്തതായി കേട്ടിട്ടില്ല. നബി(സ)തിരുമേനി ഉഹുദ്‌യുദ്ധ വേളയിൽ ഹദ്റത്ത് സഅ്ദിനോട് പറഞ്ഞു: എന്റെ മാതാപിതാക്കൾ നിനക്ക് തെണ്ടമായിരിക്കട്ടെ. നീ അമ്പെയ്തു കൊണ്ടിരിക്കുക. അല്ലയോ ശക്തനായ യോദ്ധാവേ അമ്പെയ്തു കൊണ്ടിരിക്കുക.(ജാമുഉത്തിർമുദി, കിതാബുൽ മനാഖിബു ഹദീഥ് 3753)

പക്ഷേ, ബുഖാരിയിലുള്ള മറ്റൊരു നിവേദനമനുസരിച്ച് ഹദ്റത്ത് സഅ്ദിനെ കൂടാതെ ചരിത്രത്തിൽ ഹദ്റത്ത് സുബയ്ർ ബിൻ അവ്വാമിന്റെ പേരും നബി(സ)ഫിദാക്ക അബീ വ ഉമ്മീ എന്റെ മാതാപിതാക്കൾ നിനക്ക് തെണ്ടമായിരിക്കട്ടെ. എന്ന് പറഞ്ഞതായി കാണുന്നുണ്ട്. (സ്വഹീഹ് ബുഖാരി, കിതാബുൽഫളാഇൽ, ബാബ് മനാഖിബുസ്സുബയ്ർബ്നുൽഅവ്വാം....ഹദീഥ് 3720)

അതുപോലെ ഹദ്റത്ത് അബൂദുജാനയുടെ ത്യാഗത്തെപറ്റി വിവരണങ്ങൾ കാണുന്നുണ്ട്. ഒരു നിവേദനത്തിൽ പറയുന്നു: ഉഹുദ്‌യുദ്ധത്തിൽ അബൂദുജാന നബി(സ)തിരുമേനിയുടെ സംരക്ഷണത്തിൽ പരിചയായിരുന്നു. അങ്ങനെ അദ്ദേഹം നബി(സ)തിരുമേനിയുടെ മുഖത്തിന് അഭിമുഖമായി നിൽക്കുകയുണ്ടായി. വരുന്ന അമ്പുകളാകട്ടെ അദ്ദേഹത്തിന്റെ ഇടുപ്പിലാണ് കൊണ്ടിരുന്നത്. അദ്ദേഹം കുനിഞ്ഞ് നിൽക്കുകയായിരുന്നു. എല്ലാ അമ്പുകളും തന്റെ ഇടുപ്പിലാണ് ഏറ്റുവാങ്ങിയത്. അങ്ങനെ അദ്ദേഹത്തിന്റെ ഇടുപ്പിൽ നിരവധി അമ്പുകൾ തറയ്ക്കുകയുണ്ടായി.(സീറത്തുൽഹൽബിയ്യ വാല്യം 2, പേജ് 314, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2008)

ഹദ്റത്ത് അബൂദുജാനയുടെ സ്ഥൈര്യത്തെപ്പറ്റി ഹദ്റത്ത് മിർസാ ബശീർ അഹ്‌മദ് സാഹിബ് (റ) വിവരിക്കുന്നു: ഹദ്റത്ത് അബൂദുജാന(റ)ഒരുപാടുനേരം തന്റെ ശരീരംകൊണ്ട് നബി(സ)തിരുമേനിയുടെ ശരീരത്തെ മറച്ചുപിടിച്ചുനിന്നു. എല്ലാ അമ്പുകളും കല്ലുകളും തന്റെ ശരീരത്തിൽ ഏറ്റുവാങ്ങി. അങ്ങനെ അദ്ദേഹത്തിന്റെ ശരീരം അമ്പുകൊണ്ട് അരിപ്പപോലെയായി. പക്ഷേ, അദ്ദേഹം ഉഫ് എന്നുപോലും പറഞ്ഞില്ല. അങ്ങനെ തന്റെ ശരീരം അനങ്ങിയാൽ നബി(സ)തിരുമേനിയുടെ ശരീരത്തിന്റെ ഏതെങ്കിലും ഭാഗം കാണപ്പെടുകയും നബി(സ)തിരുമേനിക്കുമേൽ അമ്പുകൊള്ളുകയും ചെയ്തെങ്കിലോ എന്നായിരുന്നു അദ്ദേഹത്തിന്റെ ആശങ്ക.(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്‌മദ് സാഹിബ്(റ) എം.എ.പേജ് 495)

ഇനി ഹദ്റത്ത് സഹ്‌ൽ ബിൻ ഹുനയ്ഫ്(റ) ആണ്. ഇദ്ദേഹം അഗ്രഗണ്യനായ സ്വഹാബാക്കളിൽപെടുന്നു. ഇദ്ദേഹം ഉഹുദ് ദിവസം സ്ഥൈര്യം കാണിച്ചു. അന്ന് ഇദ്ദേഹം മരണം വരിക്കാമെന്ന കാര്യത്തിൽ നബി(സ)തിരുമേനിയോടു ബയ്അത്ത് ചെയ്തിരുന്നു. ആ സമയത്ത് ഇദ്ദേഹം നബി(സ)തിരുമേനിക്കു മുന്നിൽ പരിചയായി ഉറച്ചുനിന്നു. ശത്രുക്കളുടെ കഠിനമായ ആക്രമണം കാരണം മുസ്‌ലിമീങ്ങൾ ചിതറിപ്പിരിഞ്ഞപ്പോൾ ഇദ്ദേഹം നബി(സ)തിരുമേനിയ്ക്കുവേണ്ടി അന്ന് അമ്പെയ്യുകയായിരുന്നു. നബി(സ)തിരുമേനി പറഞ്ഞു: സഹ്‌ലിന് അമ്പുകൾ കൊടുക്കൂ. കാരണം അമ്പെയ്യുന്നത് അദ്ദേഹത്തിന് എളുപ്പമുള്ള കാര്യമാകുന്നു.(അൽഇസ്തീആബ്, വാല്യം 2, പേജ് 662–663, ദാറുൽജീൽ ബെയ്റുത്ത് 1992)

ഒരു സ്ത്രീ സ്വഹാബിയെപ്പറ്റിയും പരാമർശം കാണപ്പെടുന്നുണ്ട്. ഹദ്റത്ത് ഉമ്മു ഉമാറ(റ) ഉഹുദ്‌യുദ്ധത്തിൽ ധീരത പ്രകടിപ്പിക്കുകയുണ്ടായി. ഇവർ ധീരത കാണിച്ച് നല്ല കൂറുള്ള ജീവത്യാഗസന്നദ്ധയായ സ്വഹാബിയ ആയിരുന്നു. ഇവരുടെ മുഴുവൻ പേര് ഉമ്മു ഉമാറ, ഉമാറ മാസിനിയ എന്നായിരുന്നു. ഹദ്റത്ത് ഉമ്മു ഉമാറയുടെ പേര് നുസയ്ബ എന്നായിരുന്നു. അതായത് നുസയ്ബ എന്നാണ് അവരുടെ യഥാർഥ പേര്. ഇവർ ഹദ്റത്ത് സയ്ദ് ബിൻ ആസിമിന്റെ ഭാര്യയായിരുന്നു. ഇവർ അതായത് ഹദ്റത്ത് ഉമ്മു ഉമാറ തന്നെ പറയുന്നു: ഉഹുദ് യുദ്ധവേളയിൽ ജനങ്ങളെന്താണ് ചെയ്യുന്നതെന്ന് നോക്കാൻവേണ്ടി ഞാൻ പോകുകയുണ്ടായി. എന്റെ കൈയിൽ പരിക്കേറ്റവർക്ക് കൊടുക്കാൻ വെള്ളം നിറച്ച പാത്രമുണ്ടായിരുന്നു. അങ്ങനെ ഞാൻ നബി(സ)തിരുമേനിയുടെ അടുക്കലെത്തി. അപ്പോൾ നബി(സ)തിരുമേനി സ്വഹാബാക്കൾക്കിടയിലായിരുന്നു. ആ സമയത്ത് മുസ്‌ലിമീങ്ങളുടെ നില ഭദ്രമായിരുന്നു. അതായത് യുദ്ധത്തിന്റെ പ്രാരംഭഘട്ടമായിരുന്നു അത്. പിന്നീട് സ്വാഹാബാക്കൾ ഉന്തിലും തള്ളിലും പെട്ട് പലഭാഗത്തേക്ക് ചിതറിപ്പിരിഞ്ഞുപോയി. പിന്നീടാണ് മലയിടുക്ക് ഒഴിവാക്കിയതും മുശ്‌രിക്കീങ്ങൾ പിന്നിലൂടെവന്ന് ആക്രമിച്ചതുമായ സംഭവങ്ങൾ വരുന്നത്. തുടർന്ന് പറയുന്നു: മുശ്‌രിക്കീങ്ങൾ നാലുഭാഗത്തുനിന്നും നബി(സ) തിരുമേനിയെ വളഞ്ഞ് ആക്രമിക്കുകയായിരുന്നു. ഈ അവസ്ഥ കണ്ടപ്പോൾ ഞാൻ എണീറ്റ് യുദ്ധം ചെയ്യാൻ തുടങ്ങി. ശത്രുക്കൾ നബി(സ) തിരുമേനിയുടെ അടുത്തുവരുന്നത് ഞാൻ വാളുകൊണ്ട് തടയുകയായിരുന്നു. ഒപ്പം ഞാൻ അമ്പും എയ്തുകൊണ്ടിരുന്നു. അങ്ങനെ എനിക്കും പരിക്കേറ്റു. അവളുടെ തോളിൽ ആഴത്തിൽ മുറിവ്

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം •**

**ഏതുകാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞ വാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക (സന്ദേശം ജൽസാസാലാന ഡന്മാർക്ക് 2019)**

**• കലാമുൽ ഇമാം •**

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."(മൽഫൂദാത്ത് വാല്യം 1, പേജ് 64)**

ത്വാലിബെ ദുആ:
C.K.MANSOOR & FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

ത്വാലിബെ ദുആ:
P.ABDUL AMEER
AHMADIYYA MUSLIM JAMAATH, MANJERI

പറ്റി. ആരാണ് താങ്കളെ പരിക്കേൽപ്പിച്ചതെന്ന് ചോദിച്ചപ്പോൾ ഇബ്നുഖമിഅയാണെന്ന് അവർ പറഞ്ഞു. ഹദ്റത്ത് ഉമ്മു ഉമാറ തുടരുന്നു: മുസ്ലിമീങ്ങൾ പെട്ടെന്ന് നബി(സ)തിരുമേനിയുടെ അടുക്കൽനിന്ന് ചിതറിപ്പിരിഞ്ഞപ്പോൾ അയാൾ ഇങ്ങനെ പറഞ്ഞ് മുന്നോട്ടുവന്നു: മുഹമ്മദിനെ ശ്രദ്ധിക്കുക. ഇന്ന് അയാൾ രക്ഷപ്പെട്ടാൽ പിന്നെ ഞാൻ രക്ഷപ്പെടുകയില്ലെന്ന് മനസ്സിലാക്കിക്കൊള്ളുക. അതായത് ഇന്ന് അയാളോ ഞാനോ ഒരാൾ മാത്രം ബാക്കിയാകുന്നതാണ്. അവർ പറയുന്നു: അയാൾ അടുത്തെത്തിയപ്പോൾ ഞാനും മുസ്അബ് ബിൻ ഉമയ്റും അദ്ദേഹത്തിന്റെ വഴി തടഞ്ഞു. ആ സമയത്ത് അയാളെന്നെ ആക്രമിച്ചു. ആ ആക്രമണത്തിലാണ് ഈ പരിക്കേൽപ്പിച്ചത്. ഈ തോളിലുണ്ടായ മുറിവിനെ പറ്റിയല്ലേ ചോദിക്കുന്നത്? ഇത് അയാൾ എന്നെ മുറിവേൽപ്പിച്ചതാണ്. ഞാൻ അയാളെ പലവട്ടം ആക്രമിച്ചു. എന്നാൽ, ദൈവത്തിന്റെ ആ ശത്രു അന്ന് രണ്ട് പടച്ചട്ടയണിഞ്ഞിരുന്നു. ചില ഉലമാ എഴുതുന്നു: ഉഹുദ് യുദ്ധവേളയിൽ നുസയ്ബയും അവരുടെ ഭർത്താവ് സയ്ദ് ബിൻ ആസിമും രണ്ട് മക്കളായ ഖുബയ്ബും അബ്ദുല്ലായുമെല്ലാം യുദ്ധത്തിന് പോയിരുന്നു. നബി(സ)തിരുമേനി അവരോടു പറഞ്ഞു: അല്ലാഹു നിങ്ങളുടെ കുടുംബക്കാരിൽ കാരുണ്യം വർഷിക്കുമാറാകട്ടെ. ഒരു നിവേദനത്തിൽ പറയുന്നു: അല്ലാഹു നിങ്ങളുടെ കുടുംബത്തിന് അനുഗ്രഹം ചൊരിയുമാറാകട്ടെ. നബി(സ) തിരുമേനി ഈ ദുആ ചെയ്തപ്പോൾ ഹദ്റത്ത് ഉമ്മു ഉമാറ അതായത് നുസയ്ബ, നബി(സ)തിരുമേനിയോടു പറഞ്ഞു: ഞങ്ങൾ സ്വർഗത്തിൽ അങ്ങയുടെ കൂടെ ഉണ്ടാകുന്നതിനുവേണ്ടി ദുആ ചെയ്താലും. നബി(സ)തിരുമേനി ദുആ ചെയ്തുകൊണ്ട് പറഞ്ഞു: അല്ലാഹുവേ! ഇവരെ സ്വർഗത്തിൽ എന്റെ സുഹൃത്തുക്കളും സഹചരരുമാക്കേണമേ. ആ സമയത്ത് ഹദ്റത്ത് ഉമ്മു ഉമാറ(റ) പറഞ്ഞു: ഇനി ഈ ലോകത്ത് എന്താണ് സംഭവിക്കുന്നതെന്നതിനെപ്പറ്റി എനിക്ക് ആശങ്കയില്ല. ഈ ദുആ എനിക്ക് കിട്ടിയിരിക്കുന്നു. എനിക്ക് അത് ധാരാളമാണ്.

നബി(സ)തിരുമേനി അവരെപറ്റി പറഞ്ഞു: ഉഹുദ് ദിവസം ഇടത്തും വലത്തും എവിടെ നോക്കിയാലും അവരെ കാണാമായിരുന്നു. അവർ എന്റെ സംരക്ഷണത്തിനുവേണ്ടി ശത്രുക്കളുമായി പൊരുതുകയായിരുന്നു. ഉഹുദ് യുദ്ധത്തിൽ ഹദ്റത്ത് ഉമ്മു ഉമാറക്ക് 12 മുറിവുകളുണ്ടായി. അതിൽ വാളുകൊണ്ടും കുന്തം കൊണ്ടുമുള്ള മുറിവുകളുമുണ്ടായിരുന്നു.(സീറത്തുൽഹൽബിയ്യ വാള്യം 2, പേജ് 313-314, പ്രസാധനം ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 2008)

ഹദ്റത്ത് ഉമ്മു ഉമാറ(റ)യെപറ്റി ഹദ്റത്ത് മിർസ ബശീർ അഹ്മദ് സാഹിബ്(റ) എഴുതുന്നു:

ഉമ്മു ഉമാറ എന്നുപേരുള്ള ഒരു മുസ്ലിംസ്ത്രീ വാളും കൈയിലേന്തി വെട്ടിയും കുത്തിയും നബി(സ)തിരുമേനിയുടെ അടുക്കലെത്തി. ആ നേരത്ത് അബ്ദുല്ലാഹ് ബിൻ ഖമിഅ, നബി(സ) തിരുമേനിയെ ആക്രമിക്കാൻ മുന്നോട്ടു വരുകയായിരുന്നു. മുസ്ലിം സ്ത്രീ ശീഘ്ര ഗതിയിൽ മുന്നോട്ടുവന്ന് ആ ആക്രമണം സ്വയം ഏറ്റുവാങ്ങി. പിന്നെ വാളൂരിക്കൊണ്ട് അയാളെ എതിരിട്ടു. പക്ഷേ, അയാൾ ഇരട്ട പടച്ചട്ടയണിഞ്ഞ പുരുഷനായിരുന്നു. ഇവരാകട്ടെ ഒരു അബലയായ സ്ത്രീയും. അതുകൊണ്ട് വാളിന്റെ പ്രഹരം ശക്തമായി കൊണ്ടില്ല. ഇബ്നു ഖമിഅ ഗർജിച്ചുകൊണ്ടും മുസ്ലിം അണികളെ വകഞ്ഞുമാറ്റിക്കൊണ്ടും മുന്നോട്ടുഗമിച്ചു. സ്വഹാബാക്കൾ അയാളെ തടഞ്ഞുകൊണ്ടുതന്നെ നബി(സ)തിരുമേനിയുടെ അടുത്തുവരെ എത്തി. അവിടെ എത്തിയതും അയാൾ ശക്തമായി നിർദാക്ഷിണ്യം നബി(സ) തിരുമേനിയുടെ പരിശുദ്ധ മുഖകമലത്തിനുനേരെ ആക്രമണം നടത്തി. സ്വഹാബാക്കൾ അതിൽ നടുങ്ങിപ്പോയി. ജീവത്യാഗ സന്നദ്ധനായ ത്വൽഹ(റ)മുന്നോട്ടു ചാടി. പ്രസ്തുത പ്രഹരം തന്റെ നഗ്നമായ കൈകളിലേറ്റുവാങ്ങി. എന്നാൽ, ഇബ്നു ഖമിഅയുടെ വാൾ ത്വൽഹയുടെ കൈ മുറിച്ചുകൊണ്ട് നബി(സ)തിരുമേനിയുടെ പാർശ്വത്തിൽ പതിച്ചു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മുറിവ് പറ്റിയില്ല. കാരണം നബി(സ)തിരുമേനി ആപാദചൂഢം രണ്ട് പടച്ചട്ട അണിഞ്ഞിരുന്നു. ആക്രമണത്തിന്റെ ശക്തിയും ത്വൽഹയുടെ ജീവത്യാഗ പോരാട്ടത്തിൽ കുറഞ്ഞുപോയിരുന്നു. പക്ഷേ, ഈ ദുഃഖത്തിൽ നബി(സ)തിരുമേനി തലകറങ്ങി വീണുപോയി. ഇബ്നു ഖമിഅ അപ്പോൾ താൻ മുഹമ്മദിനെ(സ) വധിച്ചുവെന്ന് പറഞ്ഞ് സന്തോഷത്തോടെ മുദ്രാവാക്യം മുഴക്കാൻ തുടങ്ങി. ഇബ്നു ഖമിഅ നബി(സ)തിരുമേനിയെ ആക്രമിക്കുകയും സന്തോഷപൂർവ്വം മുദ്രാവാക്യം വിളിച്ചുകൊണ്ട് പിന്മാറുകയും ചെയ്തു. താൻ മുഹമ്മദിനെ വധിച്ചു എന്ന് സ്വയം വിചാരിക്കുകയും ചെയ്തു. പക്ഷേ, നബി(സ)തിരുമേനി വീണപ്പോൾത്തന്നെ ഹദ്റത്ത് അലിയും ഹദ്റത്ത് ത്വൽഹയും തൽക്ഷണം നബി(സ)തിരുമേനിയെ പൊക്കിയെടുത്തു. നബി(സ)തിരുമേനി ജീവനോടെ ഉണ്ടെന്നറിഞ്ഞപ്പോൾ മുസ്ലിമീങ്ങളുടെ മുഖം സന്തോഷംകൊണ്ട് തിളങ്ങി. ഇപ്പോൾ യുദ്ധത്തിന്റെ തീവ്രതയും കുറയാൻ തുടങ്ങി. ഒന്ന് നബി(സ)തിരുമേനി ശഹീദായെന്ന സംതൃപ്തിയിൽ കാഫിരീങ്ങൾ അല്പം അയഞ്ഞു തുടങ്ങി. അതുകൊണ്ട് അവർ യുദ്ധത്തിൽ നിന്ന് ശ്രദ്ധമാറ്റി തങ്ങളുടെ ചില വധിക്കപ്പെട്ടവരെ അന്വേഷിക്കാൻ തുടങ്ങി. ചില മുസ്ലിം ശുഹദാഇന്റെ മൃതദേഹങ്ങളോടു അവർ അനാദരവ് കാണിക്കാനും തുടങ്ങി. മറുഭാഗത്ത് മുസ്ലിമീങ്ങൾ അധിക പേരും ചിതറിപ്പോയിരുന്നു.(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ(റ), പേജ് 496-497)

യുദ്ധത്തിൽ അബൂസുഫ്യാനോടുള്ള സംസാരത്തെ പറ്റിയും ഖുറയ്ശികൾ എങ്ങനെയാണ് തിരിച്ചുവന്നത് എന്നതിനെപറ്റിയും പരാമർശമുണ്ട്. ഉഹുദ്യുദ്ധ ദിവസം നബി(സ)തിരുമേനി സ്വഹാബാക്കളോടൊപ്പം മലകയറിയപ്പോൾ കാഫിരീങ്ങളും പിന്നാലെ എത്തി. സ്വഹീഹ് ബുഖാരിയിലുള്ള നിവേദനത്തിൽ പറയുന്നു: അബൂസുഫ്യാൻ ഒരു തവണ ഉറക്കെ വിളിച്ചു ചോദിച്ചു: നിങ്ങളിൽ മുഹമ്മദ്(സ)ജീവിച്ചിരിപ്പുണ്ടോ? നബി(സ)തിരുമേനി മറുപടി പറയുന്നതിൽനിന്ന് സ്വഹാബാക്കളെ വിലക്കി. പിന്നെ അയാൾ 3 പ്രാവശ്യം വിളിച്ചു ചോദിച്ചു: നിങ്ങൾക്കിടയിൽ അബൂ ഖുഹാഫയുടെ മകൻ അതായത് അബൂബക്ർ ജീവിച്ചിരിപ്പുണ്ടോ? പിന്നെ അയാൾ 3 പ്രാവശ്യം ചോദിച്ചു: നിങ്ങൾക്കിടയിൽ ഖത്വാബിന്റെ മകൻ അതായത് ഉമർ ഉണ്ടോ? പിന്നെ അയാൾ തന്റെ കൂട്ടാളികളിലേക്ക് തിരിഞ്ഞുകൊണ്ടു പറഞ്ഞു: ഇവരെല്ലാവരും മരണപ്പെട്ടിരിക്കുന്നു. പക്ഷേ, ഉമറിന്(റ)നിയന്ത്രണം വിട്ടുപോയി. അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ ശത്രുവേ! നീ പേരെടുത്ത് പറഞ്ഞവരെല്ലാം ജീവിച്ചിരിപ്പുണ്ട്. ഇനി അസഹനീയമായ കാര്യങ്ങൾ നിനക്കുവേണ്ടി വളരെയേറെ ബാക്കിവെച്ചിട്ടുമുണ്ട്. ഇതും ബുഖാരിയുടെ നിവേദനമാകുന്നു. (സ്വഹീഹുൽബുഖാരി, കിതാബുൽ ജിഹാദ് വസ്സയ്ർ)

അബൂ സുഫ്യാൻ പറഞ്ഞു: ഇത് ബദ്ർ യുദ്ധത്തിനുള്ള മറുപടിയാകുന്നു. യുദ്ധം വെള്ളംനിറച്ച തൊട്ടിപോലെയാണ് ചിലപ്പോൾ ഇവർക്ക് വിജയം ചിലപ്പോൾ അവർക്ക് വിജയം. നിങ്ങളുടെ മൃതദേഹങ്ങളിൽ മൂക്കും കാതും ഛേദിക്കപ്പെട്ട അതായത് വികൃതമാക്കപ്പെട്ടവയും കാണുന്നതാണ്. ഞാൻ അങ്ങനെ ചെയ്യാൻ കൽപ്പിച്ചിരുന്നില്ല. പക്ഷേ, ഞാൻ അത് തെറ്റാണെന്നും ഗണിക്കുന്നില്ല. തുടർന്ന് അയാൾ വിജയഭേരി മുഴക്കിക്കൊണ്ടു പറഞ്ഞു: ഉഅ്ലുഹുബൽ, ഉഅ്ലുഹുബൽ(ഹുബൽ വിജയിക്കട്ടെ, ഹുബൽ വിജയിക്കട്ടെ). നബി(സ) തിരുമേനി ചോദിച്ചു: നിങ്ങളെന്തുകൊണ്ട് മറുപടി നൽകുന്നില്ല? സ്വഹാബാക്കൾ ചോദിച്ചു: ഞങ്ങളെന്താണ് പറയേണ്ടത്? നബി(സ)തിരുമേനി പറഞ്ഞു: നിങ്ങൾ വ അല്ലാഹു അഅ്ലാ വ അജല്ലു-അല്ലാഹു അഅ്ലാ വ അജല്ലു(അല്ലാഹുതന്നെയാണ് അത്യുന്നതനും പ്രതാപവാനും എന്ന് പറയുക. പിന്നീട് അബൂസുഫ്യാൻ പറഞ്ഞു: ഉസ്സാ എന്നുപേരുള്ള ബിംബം ഞങ്ങൾക്കുണ്ട്. നിങ്ങൾക്ക് ഒരു ഉസ്സയുമില്ല.നബി(സ)തിരുമേനി അതുകേട്ടപ്പോൾ ചോദിച്ചു: നിങ്ങൾ അതിന് മറുപടി എന്തുകൊണ്ട് പറയുന്നില്ല? ഹദ്റത്ത് ബറാഅ് ബിൻ ആസിബ്(റ)പറയുന്നു: സ്വഹാബാക്കൾ ചോദിച്ചു: ഞങ്ങളെന്താണ് പറയേണ്ടത്? നബി(സ)തിരുമേനി പറഞ്ഞു: അല്ലാഹു മൗലാനാ വലാ മൗലാലക്കും (അല്ലാഹു ഞങ്ങളുടെ സഹായിയാകുന്നു. നിങ്ങൾക്ക് ഒരു സഹായിയുമില്ല.) (സ്വഹീഹ് ബുഖാരി കിതാബുൽജിഹാദിവസ്സയ്ർ ഹദീഥ് 3039)

തുടർന്ന് അബൂസുഫ്യാൻ മുസ്ലിമീങ്ങളോടു വിളിച്ചു പറഞ്ഞു: അടുത്തവർഷം ബദ്ർ മൈതാനത്ത് നമുക്കു വീണ്ടും കണ്ടുമുട്ടാം. നബി(സ) തിരുമേനി സ്വഹാബാക്കളിൽ ഒരാളോടു പറഞ്ഞു: അതേ! കണ്ടുമുട്ടാമെന്ന നിങ്ങളുടെ ഈ വാഗ്ദാനം ബാക്കിയാണ്.(സീറത്തുൽഹൽബിയ്യ വാള്യം 2, പേജ് 333, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത് 2008)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) സീറത്ത് ഖാത്തമുന്നബിയ്യീനിൽ എഴുതുന്നു: ഇവിടെ മുസ്ലിമീങ്ങൾ തങ്ങളുടെ മുറിവുകൾ കെട്ടുകയായിരുന്നു. എന്നാൽ, മറുഭാഗത്ത് താഴെ യുദ്ധമൈതാനത്ത് ഖുറയ്ശികൾ മുസ്ലിം ശുഹദാഇന്റെ മൃതദേഹങ്ങൾ നിർദാക്ഷിണ്യം വികൃതമാക്കുകയായിരുന്നു. മൃതദേഹങ്ങൾ വികൃതമാക്കുന്ന മൃഗീയ ആചാരം തികച്ചും മൃഗീയമായ നിലയിൽത്തന്നെ അവർ നടത്തിക്കൊണ്ടിരുന്നു. മുസ്ലിം ശുഹദാഇന്റെ മൃതദേഹത്തോടു മക്കയിലെ രക്തദാഹികളായ മൃഗങ്ങൾ തങ്ങൾക്ക് തോന്നിയതെല്ലാം ചെയ്തു. ഖുറയ്ശി സ്ത്രീകൾ മുസ്ലിമീങ്ങളുടെ കാതും മൂക്കും അരിഞ്ഞെടുത്ത് അതുകൊണ്ട് മാലയുണ്ടാക്കി കഴുത്തിലിട്ടു. അബൂസുഫ്യാന്റെ ഭാര്യ ഹിന്ദ് ഹദ്റത്ത് ഹംസയുടെ കരളെടുത്ത് ചവയ്ക്കുകയുണ്ടായി. വില്യം മ്യൂർ പറയുന്നതനുസരിച്ച് മുസ്ലിമീങ്ങളുടെ മൃതദേഹത്തോടു ഖുറയ്ശികൾ മൃഗീയമായി പെരുമാറി. മക്കാമൂപ്പന്മാർ ഒരുപാടുനേരം നബി(സ)തിരുമേനിയുടെ മൃതദേഹം മൈതാനത്ത് അന്വേഷിച്ചു നടന്നു. ഈ ദൃശ്യം കാണാനുള്ള ആഗ്രഹത്തിൽ അവരുടെ ദൃഷ്ടികൾ കൊതിക്കുകയായിരുന്നു. എന്നാൽ, അത് അവർക്ക് കിട്ടുകയുണ്ടായില്ല. അത് സാധ്യവുമല്ലായിരുന്നു. നബി(സ)തിരുമേനി അവിടെ ഉണ്ടായിരുന്നില്ല. ഈ അന്വേഷണത്തിൽ നിരാശനായി അബൂസുഫ്യാൻ ഏതാനും കൂട്ടുകാരേയുംകൂട്ടി മുസ്ലിമീങ്ങൾ ഒരുമിച്ചുകൂടിയിരുന്ന മലയിടുക്കിലേക്ക് നീങ്ങി. അതിന്റെ സമീപത്തെത്തിയശേഷം വിളിച്ചുചോദിച്ചു: മുസ്ലിമീങ്ങളേ നിങ്ങളിൽ മുഹമ്മദുണ്ടോ? നബി(സ) തിരുമേനി ആംഗ്യം കാണിച്ചുകൊണ്ട് അതിനു മറുപടി കൊടുക്കണ്ടെന്ന് പറഞ്ഞു. അങ്ങനെ എല്ലാ സ്വഹാബാക്കളും നിശബ്ദത പാലിച്ചു. പിന്നെ അബൂബക്ർ, ഉമർ എന്നിവരെപറ്റിയും

ചോദിച്ചു. പക്ഷേ, നബി(സ)തിരുമേനിയുടെ നിർദ്ദേശപ്രകാരം ആരും ഒരു മറുപടിയും നൽകിയില്ല. അപ്പോൾ അയാൾ വളരെ ധിക്കാരത്തോടെ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു: അവരെല്ലാവരും കൊല്ലപ്പെട്ടിരിക്കുന്നു. അവർ ജീവിച്ചിരിപ്പുണ്ടെങ്കിൽ മറുപടി നൽകുമായിരുന്നു. ആ സമയത്ത് ഹദ്റത്ത് ഉമറിന് അടങ്ങിയിരിക്കാൻ കഴിഞ്ഞില്ല. അദ്ദേഹം അനിയന്ത്രിതനായി പറഞ്ഞു: അല്ലാഹുവിന്റെ ശത്രൂ! നീ പറയുന്നത് കള്ളമാണ്. ഞങ്ങളെല്ലാവരും ജീവനോടെയുണ്ട്. അല്ലാഹു ഞങ്ങളുടെ കൈകളാൽ നിന്നെ നിന്ദ്യനാക്കുന്നതാണ്. അബൂസുഫ്യാൻ ഹദ്റത്ത് ഉമറിന്റെ ശബ്ദം തിരിച്ചറിഞ്ഞപ്പോൾ ചോദിച്ചു: ഉമറേ! മുഹമ്മദ് ജീവിച്ചിരിപ്പുണ്ടോ എന്ന സത്യം പറയുക. ഹദ്റത്ത് ഉമർ പറഞ്ഞു: ഉണ്ട്! അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജീവിച്ചിരിപ്പുണ്ട്. നീ ഈ പറയുന്നതൊക്കെ കേൾക്കുന്നുണ്ട്. അബൂസുഫ്യാൻ ഏറെക്കുറെ പതിഞ്ഞ സ്വരത്തിൽ പറഞ്ഞു: എങ്കിൽപ്പിന്നെ ഇബ്നു ഖമിഅ പറഞ്ഞത് കള്ളമാകുന്നു. കാരണം അവനേക്കാളും ഞാൻ നിന്നെ സത്യസന്ധനാണെന്ന് മനസ്സിലാക്കുന്നു.

അതിനുശേഷം അബൂസുഫ്യാൻ ഉറക്കെ വിളിച്ചുപറഞ്ഞു:ഉഅ്ലുഹുബൽ, ഉഅ്ലു ഹുബൽ(ഹുബൽ വിജയിക്കട്ടെ, ഹുബൽ വിജയിക്കട്ടെ). സ്വഹാബാക്കൾ നബി(സ)തിരുമേനിയുടെ നിർദേശം പ്രതീക്ഷിച്ച് നിശബ്ദരായിരുന്നു. കാരണം നബി(സ)തിരുമേനി നേരത്തെ വിലക്കിയതാണ്. എന്നാൽ, തന്റെ പേര് പറഞ്ഞപ്പോൾ നിശബ്ദനായിരിക്കാൻ കൽപ്പിച്ച നബി(സ)തിരുമേനി ഏകനായ അല്ലാഹുവിന്റെ അഭിമാനത്തിന്റെ പ്രശ്നമുണ്ടാകുകയും അന്യാരാധനയുടെ മുദ്രാവാക്യം മുഴങ്ങുകയും ചെയ്തപ്പോൾ അവിടത്തെ ആത്മാവ് അസ്വസ്ഥഭരിതമായി. അവിടന്ന് അങ്ങേയറ്റം ആവേശത്തോടെ സ്വഹാബത്തിലേക്ക് നോക്കിക്കൊണ്ടു ചോദിച്ചു: നിങ്ങളെന്തുകൊണ്ട് മറുപടി നൽകുന്നില്ല? സ്വഹാബാക്കൾ ചോദിച്ചു: യാ റസൂലല്ലാഹ്! ഞങ്ങളെന്ത് മറുപടിയാണ് നൽകേണ്ടത്? നബി(സ)തിരുമേനി പറഞ്ഞു: അല്ലാഹു അഅ്ലാ വ അജല്ലു(ഉന്നതിയും മഹത്ത്വവും അല്ലാഹുവിന് മാത്രമാണുള്ളതെന്ന്പറയുക.) അബൂസുഫ്യാൻ പറഞ്ഞു: ലനൽ ഉസ്സാ വലാ ഉസ്സാലക്കും ഞങ്ങൾക്ക് ഉസ്സയുണ്ട്. നിങ്ങൾക്ക് ഉസ്സയില്ല. നബി(സ)തിരുമേനി സ്വഹാബാക്കളോട് പറഞ്ഞു: വല്ലാഹു മൗലാനാ വലാ മൗലാലക്കും ഉസ്സക്ക് എന്ത് പ്രസക്തി? ഞങ്ങൾക്ക് സഹായിയായി അല്ലാഹു ഉണ്ട്. നിങ്ങൾക്ക് ഒരു സഹായിയുമില്ല എന്ന് പറയുവിൻ. തുടർന്ന് അബൂസുഫ്യാൻ പറഞ്ഞു: യുദ്ധം തൊട്ടിപോലെയാണ്. ചിലപ്പോൾ ഉയരുകയും ചിലപ്പോൾ താഴുകയും ചെയ്യും. ഈ ദിവസം ബദ്റിന്റെ പകരമാണെന്ന് കരുതിക്കൊള്ളുക. നിങ്ങൾ യുദ്ധമൈതാനത്ത് വികൃതമാക്കപ്പെട്ട മൃതദേഹങ്ങൾ കാണുന്നതാണ്. ഞാൻ അങ്ങനെ ചെയ്യാൻ കൽപ്പന നൽകിയിട്ടില്ല. പക്ഷേ, ഞാൻ ഇതേപ്പറ്റി അറിഞ്ഞപ്പോൾ ഞങ്ങളുടെ ആളുകൾ ചെയ്തത് മോശമാണെന്നും എനിക്ക് തോന്നിയിട്ടില്ല. നിങ്ങൾക്കും ഞങ്ങൾക്കുമിടയിൽ അടുത്തവർഷം ഇതേദിവസങ്ങളിൽ ബദ്റിന്റെ സ്ഥലത്തുവെച്ച് വീണ്ടും യുദ്ധം ചെയ്യാമെന്ന് വാഗ്ദാനം ചെയ്യുന്നു. ഒരു സ്വഹാബി, നബി(സ)തിരുമേനിയുടെ നിർദ്ദേശപ്രകാരം മറുപടി നൽകിക്കൊണ്ട് പറഞ്ഞു: വളരെ നല്ലത്! ഈ വാഗ്ദാനം അങ്ങനെയിരിക്കട്ടെ. ഇത്രയും പറഞ്ഞ ശേഷം അബൂസുഫ്യാൻ തന്റെ കൂട്ടാളികളേയും കൂട്ടി താഴെ ഇറങ്ങി. പെട്ടെന്നുതന്നെ ഖുറയ്ശികളുടെ സൈന്യം മക്കയിലേക്ക് തിരിക്കുകയും ചെയ്തു.

അദ്ദേഹം എഴുതുന്നു:കൗതുകകരമെന്ന് പറയട്ടെ, ഖുറയ്ശികൾ മുസ്ലിമീങ്ങൾക്കെതിരിൽ വിജയം വരിച്ചിരുന്നു. ഭൗതിക സാഹചര്യത്തിന്റെ അടിസ്ഥാനത്തിൽ അവർക്ക് തങ്ങളുടെ ഈ വിജയത്തെ പ്രയോജനപ്പെടുത്താമായിരുന്നു. അവർക്ക് മദീനയെ ആക്രമിക്കാനുള്ള വഴി ഏതായാലും തുറന്നിരിക്കുകയായിരുന്നു. എന്നാൽ, അല്ലാഹുവിന്റെ ഇടപെടൽ കാരണം വിജയം വരിച്ചെങ്കിലും ഖുറയ്ശികളുടെ ഹൃദയം ഉള്ളിന്റെയുള്ളിൽ പരീക്ഷീണതയിലായിരുന്നു. അവർ അതായത് ഉഹുദ് മൈതാനത്ത് ലഭിച്ച വിജയംതന്നെ വലുതാണെന്ന് മനസ്സിലാക്കി എത്രയും വേഗം തിരിച്ചുപോകുന്നതാണ് ഉചിതമെന്ന് കരുതി. അതേസമയം നബി(സ)തിരുമേനി മുൻകരുതൽ നടപടിയെന്ന നിലക്ക് എത്രയും വേഗം ഹദ്റത്ത് അബൂബക്ർ, ഹദ്റത്ത് സുബയ്ർ എന്നിവരെല്ലാം ഉൾപ്പെട്ട 70 അംഗ സ്വഹാബാക്കളുടെ ഒരു സംഘത്തെ ഖുറയ്ശി സൈന്യത്തിന് പിന്നിൽ പറഞ്ഞുവിട്ടു. ഇത് ബുഖാരിയിലുള്ള നിവേദനമാകുന്നു. പൊതുവിൽ ചരിത്രകാരന്മാർ പറയുന്നു: നബി(സ)തിരുമേനി ഹദ്റത്ത് അലിയെ(റ)ചില നിവേദനമനുസരിച്ച് സഅ്ദ് ബിൻ വഖാസിനെ ഖുറയ്ശികളുടെ പിന്നിൽ പറഞ്ഞയച്ചു. അവരോടു പറഞ്ഞു: ഖുറയ്ശികൾ മദീനയെ ആക്രമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിഞ്ഞുവരിക. നബി(സ)തിരുമേനി പറഞ്ഞു: ഖുറയ്ശികൾ ഒട്ടകങ്ങളിൽ സവാരി ചെയ്യുകയും കുതിരകളെ വെറുതെ കൊണ്ടുപോകുകയുമാണെങ്കിൽ അവർ മക്കയിലേക്ക് പോകുകയാണെന്നും അവർക്ക് മദീനയെ ആക്രമിക്കാൻ ഉദ്ദേശമില്ലെന്നും മനസ്സിലാക്കുക. എന്നാൽ, അവർ കുതിരകളിൽ സവാരി ചെയ്യുകയാണെങ്കിൽ അവരുടെ ഉദ്ദേശ്യം നല്ലതല്ലെന്ന് അറിയുക. നബി(സ)തിരുമേനി അവരോടു ആവർത്തിച്ച് പറഞ്ഞു: ഖുറയ്ശികളുടെ സൈന്യം മദീനയിലേക്ക് തിരിയുകയാണെങ്കിൽ ഉടൻതന്നെ വിവരം നൽകണം. നബി(സ)തിരുമേനി വളരെ ആവേശത്തോടെ പറഞ്ഞു: ഖുറയ്ശികൾ മദീനയെ ആക്രമിക്കുകയാണെങ്കിൽ അല്ലാഹുവാണ്! അവരെ നേരിട്ടുകൊണ്ട് ആക്രമണത്തിന്റെ സ്വാദ് അവരെ രുചിപ്പിക്കുന്നതാണ്. അങ്ങനെ നബി(സ)തിരുമേനി അയച്ച വ്യക്തി പോകുകയും വളരെ വേഗം തിരിച്ചെത്തുകയും ചെയ്തു. ഖുറയ്ശി സൈന്യം മക്കയിലേക്ക് പോയികൊണ്ടിരിക്കുകയാണെന്ന് അറിയിക്കുകയും ചെയ്തു.(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ് മദ് സാഹിബ്(റ)എം.എ. പേജ് 498-500)

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ), നബി(സ)തിരുമേനി പരിക്കേറ്റ് മോഹാലാസ്യപ്പെട്ട് വീണതിനെയും അതിനുശേഷമുള്ള സംഭവങ്ങളെയുംപറ്റി പറയുന്നു: കുറച്ചു സമയത്തിനുശേഷം നബി(സ) തിരുമേനിയ്ക്ക് ബോധം വീണു. മുസ്ലിമീങ്ങളെ വീണ്ടും ഒരുമിച്ചുകൂട്ടാൻ സ്വഹാബാക്കൾ മൈതാനത്തിന്റെ നാലുഭാഗത്തേക്കും ആളെ അയച്ചു. ഓടിപ്പോയ സൈന്യം വീണ്ടും ഒരുമിച്ചുകൂടാൻ തുടങ്ങി. നബി(സ)തിരുമേനി അവരേയുംകൂട്ടി മലയുടെ താഴ്വാരത്തുപോയി. താഴ്വരയിൽ ബാക്കിവന്ന സൈന്യം നിലയുറപ്പിച്ചു. അപ്പോൾ അബൂസുഫ്യാൻ വളരെ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു: ഞങ്ങൾ മുഹമ്മദിനെ വധിച്ചിരിക്കുന്നു. നബി(സ)തിരുമേനി അബൂസുഫ്യാന്റെ വാക്കുകൾക്ക് മറുപടി നൽകിയില്ല. ശത്രുക്കൾ യാഥാർഥ്യം മനസ്സിലാക്കി ആക്രമിക്കാതിരിക്കാനും പരിക്കേറ്റ മുസ്ലിമീങ്ങൾ വീണ്ടും ശത്രുക്കളുടെ ആക്രമണത്തിന് ഇരയാകാതിരിക്കാനുമാണ് നബി(സ) തിരുമേനി അങ്ങനെ ചെയ്തത്. മറുപടി ഒന്നും കിട്ടാതായപ്പോൾ തന്റെ ധാരണ ശരിയാണെന്ന് ഉറപ്പിച്ച അബൂസുഫ്യാൻ ഉറക്കെ വിളിച്ചുപറഞ്ഞു: ഞങ്ങൾ അബൂബക്റിനേയും വധിച്ചിരിക്കുന്നു. നബി(സ)തിരുമേനി അബൂബക്റിനോടും മറുപടി നൽകേണ്ടെന്ന് കൽപ്പിച്ചു. പിന്നീട് അബൂസുഫ്യാൻ തങ്ങൾ ഉമറിനേയും വധിച്ചിരിക്കുന്നുവെന്ന് വിളിച്ചു പറഞ്ഞു. ഉമർ(റ)വളരെ ആവേശഭരിതനായിരുന്നു. ഞങ്ങൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജീവിച്ചിരിക്കുന്നുവെന്നും നിന്നോടു പോരാടാൻ തയ്യാറാണെന്നും പറയാൻ ഹദ്റത്ത് ഉമർ ആഗ്രഹിച്ചെങ്കിലും നബി(സ)തിരുമേനി അദ്ദേഹത്തെ വിലക്കിക്കൊണ്ട് പറഞ്ഞു: മുസ്ലിമീങ്ങളെ പ്രയാസത്തിലാക്കരുത്. നിശബ്ദനായിരിക്കൂ. ഇസ്ലാമിന്റെ സ്ഥാപകരേയും അദ്ദേഹത്തിന്റെ ഇടതുവലതു കൈകളേയും തങ്ങൾ വധിച്ചിരിക്കുന്നുവെന്ന് കാഫിരീങ്ങൾക്കുറപ്പായി. തുടർന്ന് അബൂസുഫ്യാനും അയാളുടെ കൂട്ടുകാരും സന്തോഷപൂർവ്വം ഉഅ്ലു ഹുബൽ, ഉഅ്ലു ഹുബൽ(ഹുബൽ വിജയിക്കട്ടെ, ഹുബൽ വിജയിക്കട്ടെ)എന്നു വിളിച്ചു പറഞ്ഞു. ഇന്ന് ഇസ്ലാമിനെ നാമാവശേഷമാക്കി എന്ന മുദ്രാവാക്യവും വിളിച്ചു തുടങ്ങി. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)പറയുന്നു:തന്റെയും അബൂബക്റിന്റെയും ഉമറിന്റെയും മരണത്തെപ്പറ്റി വിളംബരം കേട്ടുകൊണ്ട് നിശബ്ദരായിരിക്കാൻ ഉപദേശിച്ച നബി(സ)തിരുമേനി ഏകനായ അല്ലാഹുവിന്റെ അന്തസിന്റെ വിഷയം വന്നപ്പോൾ, ശിർക്കിന്റെ മുദ്രാവാക്യം മൈതാനത്ത് മുഴങ്ങിയപ്പോൾ വളരെ അസ്വസ്ഥനായിക്കൊണ്ട് വളരെ ആവേശത്തോടെ സ്വഹാബാക്കളോടു പറഞ്ഞു: നിങ്ങളെന്തുകൊണ്ട് മറുപടി നൽകുന്നില്ല? സ്വഹാബാക്കൾ ചോദിച്ചു: യാ റസൂലല്ലാഹ്! ഞങ്ങളെന്താണ് പറയേണ്ടത്? നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു അഅ്ലാ വ അജല്ലു-അല്ലാഹു അഅ്ലാ വ അജല്ലു(അല്ലാഹുതന്നെയാണ് അത്യുന്നതനും പ്രതാപവാനും എന്ന് പറയുക)ഹുബലിന്റെ പ്രതാപമുയർന്നു എന്ന് നിങ്ങൾ പറയുന്നത് കള്ളമാണ്. അല്ലാഹു വഹ്ദഹൂ ലാ ശരീക്ക് തന്നെയാണ് അന്തസ്സുടയവൻ, അവന്റെ പ്രതാപമാണ് മഹത്ത്വമുള്ളത് എന്ന് പറയുവിൻ. അങ്ങനെ നബി(സ)തിരുമേനി താൻ ജീവിച്ചിരിക്കുന്നുവെന്ന അറിയിപ്പും ശത്രുക്കൾക്ക് നൽകുകയുണ്ടായി. ഇത്രയും ആർജവവും ധൈര്യവുമുള്ള മറുപടി കാഫിരീങ്ങളുടെ

**• കലാമുൽ ഇമാം •**

**'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫൂദാത്ത് വാല്യം 3, പേജ് 38)**



SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)


**• കലാമുൽ ഇമാം •**

**'അല്ലയോ എന്റെ ബൈഅത്തിൽ പ്രവേശിച്ചിട്ടുള്ള എന്റെ പ്രിയപ്പെട്ട സ്നേഹിതരേ അല്ലാഹു നമ്മെ അവൻ തൃപ്തിപ്പെടുമാറുള്ള കാര്യങ്ങൾ ചെയ്യാൻ സഹായിക്കട്ടെ(ഇസാലെ ഔഹാം പേ.825)**


ത്വാലിബെ ദുആ: ANWAR SADAT & FAMILY
JAMA-ATH AHMADIYYA,PATHAPIRIYAM

സൈന്യത്തെ വല്ലാതെ സ്വാധീനിച്ചു. അവരുടെ പ്രതീക്ഷകൾ മണ്ണടിഞ്ഞു. വിരലിലെണ്ണാവുന്ന പരിക്കേറ്റ മുസ്‌ലിമീങ്ങളായിരുന്നു അവർക്കു മുന്നിൽ. അവരെ ആക്രമിച്ച് കൊലപ്പെടുത്തുക എന്നത് പ്രത്യക്ഷത്തിൽ തീർച്ചയായും സാധ്യമായിരുന്നുതാനും. പക്ഷേ, അവർക്കു വീണ്ടും ആക്രമിക്കാനുള്ള തന്റേടമുണ്ടായില്ല. അവർ ലഭിച്ച അത്രയും വിജയത്തിൽ സന്തോഷിച്ചുകൊണ്ട് മക്കയിലേക്ക് തിരിച്ചുപോയി.(ദീബാച്ച തഫ്സീറുൽ ഖുർആൻ, അൻവാറുൽഉലൂം, വാല്യം 20, പേജ് 252-253)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)വ്യത്യസ്തമായ നിലയിൽ ആ സംഭവം വിവിധ സ്ഥലങ്ങളിൽ വിവരിച്ചിട്ടുണ്ട്. അത് ഇൻശാ അല്ലാഹ് തുടർന്നും വിവരിക്കുന്നതായിരിക്കും.

ഈ നേരത്ത് ഞാൻ പൊതുവിൽ ദുആക്കു വേണ്ടി പറയുകയാണ്. ഫലസ്തീനികളുടെ പൊതുവായ അവസ്ഥകൾക്കുവേണ്ടി ദുആ തുടർന്നുകൊണ്ടിരിക്കുക. ഗസ്സയിൽ യുദ്ധം നിറുത്തലാക്കാൻ ശ്രമിക്കുന്നതായി കേൾക്കുന്നുണ്ട്. ഒരു പക്ഷേ, ഇസ്രായേൽ സർക്കാരും ഒരു പരിധിവരെ ഇത് അംഗീകരിക്കും. എന്നാൽ, ലബ്നാനിലെ അതിർത്തികളിൽ യുദ്ധം പൊട്ടിപ്പുറപ്പെടാനുള്ള സാധ്യത കൂടിക്കൊണ്ടിരിക്കുന്നു. അതിന്റെ പ്രഭാവം പിന്നെ വെസ്റ്റ് ബാങ്കിലെ ഫലസ്തീനികൾക്കുമേലും ഉണ്ടാകുന്നതാണ്. പാശ്ചാത്യഭരണകൂടങ്ങൾക്ക് നീതിയുടെ പേരും ചൂരുംപോലുമില്ല. ആക്രമണം പാരമ്യത്തിലെത്തിയെന്ന് ഇപ്പോൾ അവരുടെ ലേഖകന്മാർതന്നെ തുറന്നെഴുതാൻ തുടങ്ങിയിരിക്കുന്നു. അമേരിക്കൻ നേതാക്കൾ തങ്ങളുടെ സാമ്പത്തികം മെച്ചപ്പെടുത്താൻ യുദ്ധത്തിന് പ്രോത്സാഹനം നൽകുകയാണ്. അതുകാരണം അവരുടെ വരുമാനം വർധിക്കുന്നതാണ്. കാരണം അവരുടെ ഫാക്ടറികൾക്ക് കൂടുതൽ സാധനങ്ങൾനിർമിക്കാൻ കഴിയുന്നതാണ്. ഇപ്പോൾ അവരുടെ വിശകലന വിദഗ്ധന്മാരും അമേരിക്ക തങ്ങളുടെ സാമ്പത്തികാവസ്ഥ മെച്ചപ്പെടുത്തുന്നതിന് യുദ്ധത്തെ നീട്ടിക്കൊണ്ടുപോകാൻ ശ്രമിക്കുകയാണെന്നും ലോകത്ത് കുഴപ്പങ്ങൾ പരത്തുകയാണെന്നും പറഞ്ഞു തുടങ്ങിയിരിക്കുന്നു. അല്ലാഹുവിന്റെ പിടിത്തത്തിൽനിന്ന് രക്ഷപ്പെടാൻ കഴിയില്ലെന്ന് ഇവർ മനസ്സിലാക്കുന്നില്ല.

അഹ്മദികളേതായാലും തങ്ങളുടെ ദുആകളും ബന്ധങ്ങളുംവച്ച് നാശത്തിൽനിന്ന് രക്ഷപ്പെടുത്താൻ തങ്ങളുടെ കർമങ്ങൾ നിർവ്വഹിക്കേണ്ടതാണ്.

കഴിഞ്ഞദിവസം വന്ന മറ്റൊരു വാർത്തയിൽ പറയുന്നു: യു.എൻ സഹായ ഏജൻസിക്ക്, സഹായം നൽകുന്നത് നിറുത്തിവെക്കാൻ അമേരിക്കയും യു.കെ.യും തയ്യാറല്ലെന്ന് പറയുകയും ചെയ്തിരിക്കുന്നു. കാരണം അവരുടെ പതിനൊന്നോ പന്ത്രണ്ടോ ആളുകൾ ഹമാസുമായി ചേർന്നിരിക്കുന്നു. അതുകൊണ്ട് ഫലസ്തീനികൾക്ക് സഹായം നൽകാതെ ദ്രോഹം ചെയ്യുകയാണ്. അവരെ നിർബന്ധിതാവസ്ഥയിൽ എത്തിക്കുന്നതിനുവേണ്ടിയാണ് ഇത് ചെയ്യുന്നത്, അല്ലാതെ ഒന്നുമല്ല. എന്നാൽ, ഏറെ ആശ്ചര്യകരമായ സംഗതിയെന്തെന്നാൽ പാശ്ചാത്യരാജ്യങ്ങൾ സഹായം നിറുത്തുന്നെങ്കിൽ എണ്ണപ്പണമുള്ള മുസ്‌ലിം രാജ്യങ്ങൾ എന്തുകൊണ്ടാണ് തങ്ങൾ സഹായിക്കാമെന്ന് പറയാത്തത്? കാരണം യു.എൻ ഏജൻസി, ഫെബ്രുവരിയിൽ സഹായം കിട്ടിയില്ലെങ്കിൽ തങ്ങൾക്ക് സഹായമെത്തിക്കാൻ കഴിയില്ലെന്ന് വിളംബരപ്പെടുത്തിയിരിക്കുന്നു.

ഏതായാലും അല്ലാഹു മുസ്‌ലിം രാജ്യങ്ങൾക്കും തങ്ങളുടെ പങ്ക് നിറവേറ്റാൻ തൗഫീഖ് നൽകുമാറാകട്ടെ. ലോകത്ത് നടമാടുന്ന കലാപങ്ങൾ അവസാനിക്കുമാറാകട്ടെ. ഇപ്പോൾ ജപ്പാനുമായുള്ള യുദ്ധത്തിനുള്ള ആശങ്കയും വർധിക്കുന്നു. അതുപോലെ യമനിലുള്ള അഹ്മദികൾക്കുവേണ്ടിയും ദുആ ചെയ്യുക. അവിടെ നമ്മുടെ ആത്മാർഥനായ ഒരു അഹ്മദി കൽത്തുറുങ്കിലോ വീട്ടുതടങ്കലിലോ ശരിയായ ചികിത്സ കിട്ടാതെ മരണപ്പെടുകയുണ്ടായി. വിവരങ്ങൾ വളരെ പ്രയാസപ്പെട്ടാണ് കിട്ടുന്നത്. പ്രയാസങ്ങളിൽ അകപ്പെട്ടിട്ടുള്ള ആളുകൾക്കുവേണ്ടി ദുആ ചെയ്യുക. കൂടുതൽ വിവരങ്ങൾ കിട്ടിയാൽ മർഹൂമിന്റെ ജനാസയും നമസ്കരിപ്പിക്കുന്നതാണ്.

പാകിസ്താനിലെ അഹ്മദികൾക്കുവേണ്ടിയും ദുആ ചെയ്യുക. തങ്ങളുടെ രാഷ്ട്രീയ ലാഭങ്ങൾക്കുവേണ്ടി അഹ്മദികളെ കുറിമാനമാക്കുകയാണ്. കൂടാതെ ചില ഉഗ്രവാദികളായ സംഘടനകളിൽനിന്ന് ജമാഅത്തിന് പ്രയാസങ്ങളുമുണ്ട്. എല്ലാ സ്ഥലത്തും അഹ്മദികൾക്ക് ഇരട്ട പ്രയാസമാണുള്ളത്. ഒന്ന് പൗരൻ എന്ന നിലയിലും മറ്റൊന്ന് അഹ്മദി എന്ന നിലയിലും.

റബ്വയിലേയും മറ്റുപട്ടണങ്ങളിലേയും അഹ്മദികൾക്കുവേണ്ടിയും ദുആ ചെയ്യുക. അല്ലാഹു അവരെ തന്റെ സംരക്ഷണത്തിൽ വെക്കുമാറാകട്ടെ. ദ്രോഹികളുടെ ദ്രോഹം അവർക്കുമേൽ ത്തന്നെ പതിക്കുമാറാകട്ടെ. അല്ലാഹു സകല രാജ്യങ്ങളിലേയും അഹ്മദികളെ സംരക്ഷിക്കുമാറാകട്ടെ.

അല്ലാഹുവിലേക്ക് തിരിയാതെ തങ്ങൾക്ക് നിലനിൽപ്പിനുള്ള മറ്റൊരു വഴിയുമില്ലെന്ന് ലോകത്തിന് ബോധ്യപ്പെടുമാറാകട്ടെ. അല്ലാഹുവിനെ തിരിച്ചറിയുന്നതിലും അല്ലാഹു അയച്ച ആളെ അംഗീകരിക്കുന്നതിലുമാണ് അവർക്ക് നിലനിൽപ്പുള്ളത്. അല്ലാഹു അവർക്ക് അതിന് തൗഫീഖ് നൽകുമാറാകട്ടെ.

---


**സദ്ർ അഞ്ചുമൻ അഹ്മദിയ്യ ഖാദിയാൻ സ്ഥാപനത്തിൽ സേവനം ചെയ്യാനാഗ്രഹിക്കുന്നവർ ശ്രദ്ധിക്കുക.**
**നളാറത്തെ തഅ്ലീമിന്റ കീഴിൽ വിദ്യഭ്യാസസ്ഥാപനങ്ങളിൽ അധ്യാപകരെ ആവശ്യമുണ്ട്.**

തഅ്ലീമുൽ ഇസ്‌ലാം സീനിയർ സെക്കന്ററി സ്കൂളിൽ ഫിസിക്കൽ എഡ്യൂക്കേഷനിലും കമ്പ്യൂട്ടറിലും കുറച്ച് ഒഴിവുകളുണ്ട്. ജമാഅത്തിനു സേവനം ചെയ്യാൻ താൽപര്യമുള്ളവർക്കും വിദ്യാഭ്യാസയോഗ്യതയുള്ളവർക്കും നിളാറത്ത് ദീവാനിൽനിന്ന് പ്രസിദ്ധീകരിച്ചിട്ടുളള ഫാറം വാങ്ങി പൂരിപ്പിച്ച് തങ്ങളുടെ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. ഒഴിവുകളുടെ വിശദീകരണവും നിബന്ധനകളും താഴെ ചേർക്കുന്നു:

Computer Teacher:
(1)Qualification:BCA/B.Sc(IT/CS/internet Science). B Tech(IT/CS)
(2)അപേക്ഷകർ ഉർദു, ഇംഗ്ലീഷ്, ഹിന്ദി, പഞ്ചാബി ടൈപ്പിംഗ് അറിഞ്ഞിരിക്കണം.
(3)ബന്ധപ്പെട്ട വിഷയത്തിൽ ഗ്രാജ്യുവേഷൻ(BCA/B.Sc, B Tec) 55% മാർക്ക് നേടിയിരിക്കണം. അംഗീകരിക്കപ്പെട്ട സ്ഥാപനത്തിൽനിന്ന് 3 വർഷത്തെ പരിചയമുണ്ടായിരിക്കണം. പോസ്റ്റു ഗ്രാജ്യുവേഷന് മുൻഗണന നല്കപ്പെടുന്നതാണ്.

physical Education Teacher:
(1) B.A with p-hysical Education as an Elective subject/3 year Graduation Course in physical Education and B.P.Ed
(2) 4 Years interated Course of Bachelor of physical Education from a recognised University
(3)ബന്ധപ്പെട്ട വിഷയത്തിൽ 55% മാർക്കുണ്ടായിരിക്കുകയും അംഗീകൃത സ്ഥാപനത്തിൽനിന്ന് 3 വർഷത്തെ പ്രവർത്തന പരിചയവും ഉണ്ടായിരിക്കണം.
(4)ഉദ്യോഗാർഥിയുടെ പ്രായം 20 വയസ്സിൽ കുറവും 40 വയസ്സിൽ കൂടുതലുമാകരുത്. ഒറ്റപ്പെട്ട അവസ്ഥയിൽ പ്രായപരിധിയിൽ ഇളവു ലഭിക്കാവുന്നതാണ്.
(5)കേന്ദ്ര നിയമന കമ്മിറ്റി ഉദ്യോഗസ്ഥന്മാർ നടത്തുന്ന എഴുത്തുപരീക്ഷയിലും ഇന്റർവ്യൂയിലും വിജയിക്കുകയും നൂർ ഹോസ്പിറ്റലിന്റെ റിപ്പോർട്ടനുസരിച്ച് തിരഞ്ഞെടുക്കപ്പെടുകയും ചെയ്യുന്നവർക്കായിരിക്കും സെലക്ഷൻ ലഭിക്കുക.
(6)സെലക്ഷൻ ലഭിച്ചാൽ ഉദ്യോഗാർഥി ഖാദിയാനിൽ താമസ സൗകര്യം സ്വയം ചെയ്യേണ്ടതാണ്.
(7) ഇന്റർവ്യൂവിന് ഖാദിയാനിൽ വിളിച്ചാൽ യാത്രാചെലവുകൾ ഉദ്യോഗാർഥി സ്വയം വഹിക്കേണ്ടതാണ്.
(8)ഇന്റർവ്യൂവിന്റെ തിയതി ഉദ്യോഗാർഥിയെ പിന്നീട് അറിയിക്കുന്നതാണ്.
(9)അപേക്ഷാഫാറം നിളാറത്ത് ദീവാനിൽനിന്നോ അല്ലെങ്കിൽ താഴെ കാണുന്ന അഡ്രസ്സ്/ഈമെയിൽനിന്നോ കരസ്ഥമാക്കാവുന്നതാണ്.
(10)അപേക്ഷകൾ വിദ്യഭ്യാസയോഗ്യതയുടേയും പ്രവർത്തന പരിചയത്തിന്റേയും സർട്ടിഫിക്കറ്റുകളുടെ(Self Attested) കോപ്പികളോടൊപ്പം ഈ വിളംബരത്തിന് രണ്ടുമാസത്തിനുള്ളിൽ നിളാറത്ത് ദീവാനിൽ ലഭിച്ചിരിക്കേണ്ടതാണ്.
(11) അലവൻസിനെ സംബന്ധിച്ചും മറ്റുമുള്ള വിവരങ്ങൾ അറിയുന്നതിന് താഴെക്കാണുന്ന ഈമെയിലോലോ ഫോൺനമ്പറിലോ ഓഫീസ് സമയത്ത് ബന്ധപ്പെടാവുന്നതാണ്.


NAZARATH DEEVAN SADR ANJUMAN AHMADIYYA QADIAN, PIN 143516
MOB:09682627592/09682587713 EMAIL: divan@qadian.in


**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**അല്ലാഹുവിനുവേണ്ടി പരസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവർ ആണ് യഥാർഥ തഖ്‌വയിൽ നിലകൊള്ളുന്നവർ.**
**(ജുമുഅ ഖുത്ബ 4-10-2019)**

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**ദൈവം വൻനിധിയാകുന്നു. അവനെ പ്രാപിക്കാൻ, നിർഭാഗ്യങ്ങളെ നേരിടാൻ നിങ്ങൾ തയ്യാറാകണം.(ഇസാലെ ഔഹാം പേ.445)**



ത്വാലിബെ ദുആ:
NEWTECH. INTERNATIONAL(P)LTD, SRINGILS & GLASS WORK ,ERNAKULAM. CONT: 79025 95215


ത്വാലിബെ ദുആ: BYZANTINE BUILDERS
CONSTRUCT ANY WHERE IN KERALA
CONT: 80752 22792

- താങ്കൾ എപ്പോഴെങ്കിലും അസ്വസ്ഥനാകുകയാണെങ്കിൽ അല്ലെങ്കിൽ ദുഃഖിതനാകുകയാണെങ്കിൽ അല്ലാഹുവിന്റെ മുമ്പിൽ സുജൂദ് ചെയ്യുക. അല്ലാഹുവിനോടു ദുആ ചെയ്യുക. നമസ്കാരത്തിന്റെ നേരമല്ലെങ്കിൽത്തന്നെയും നഫ്ലുകളിൽ അല്ലാഹുവിന്റെ മുമ്പിൽ കരയുക;താങ്കളെ ഈ അവസ്ഥയിൽനിന്ന് പുറത്തുകൊണ്ടുവരുന്നതിന്! താങ്കളുടെ മനസ്സിന് സമാധാനവും സൗഖ്യവും പ്രദാനം ചെയ്യുന്നതിന്! ഇക്കാരണത്താലാണ് അല്ലാഹു വിശുദ്ധ ഖുർആനിൽ അലാ ബി ദിക് രില്ലാഹി തത്വമഇന്നുൽ ഖുലൂബ് എന്ന് പറഞ്ഞിട്ടുള്ളത്. ഇതിന്റെ ഉദ്ദേശ്യം മനഃശ്ശാന്തിക്കും മനഃസ്സമാധാനത്തിനും നിങ്ങൾ അല്ലാഹുവിനെ സ്മരിക്കണമെന്നാണ്.
- ഇസ്‌ലാമിൽ എവിടെയാണോ സ്ത്രീകളോടു തങ്ങളുടെ ദൃഷ്ടികൾ താഴോട്ടാക്കാനും മുഖം മറയ്ക്കാനും കൽപ്പിച്ചിട്ടുള്ളത് അവിടെ പുരുഷന്മാരോടും തങ്ങളുടെ ദൃഷ്ടികൾ താഴോട്ടാക്കാനും സ്ത്രീകളെ നോക്കാതിരിക്കാനും കൽപ്പിച്ചിട്ടുണ്ട്.
- നവഅഹ്മദികൾ ഏറ്റവുമാദ്യം വിശുദ്ധ ഖുർആനിലെ ആദ്യസൂറത്തായ സൂറ ഫാത്തിഹായായിലെ വാക്കുകൾ പഠിക്കേണ്ടതാണ്. സൂറ ഫാത്തിഹ അറബിയിൽ പഠിക്കാൻ ശ്രമിക്കുക. അതിന്റെ തർജമയും പഠിക്കുക. പിന്നീട് അഞ്ചുനേരം നമസ്കാരം ജമാഅത്തായി നമസ്കരിക്കുക. ഇതിനുപുറമെ നിങ്ങൾ നഫ്ലുകളും നമസ്കരിക്കുക. ശക്തമായ ഈമാൻകൊണ്ട് അനുഗ്രഹിക്കുന്നതിന് അല്ലാഹുവിനോടു ദുആ ചെയ്യുക. ഒരിക്കലും ഒരുനേര നമസ്കാരംപോലും ഉപേക്ഷിക്കരുത്. അഞ്ചുനേര നമസ്കാരം അനുഷ്ഠിക്കേണ്ടത് നിർബന്ധമാണ്.
- ഹദ്റത്ത് അമീറുൽമുഅ്മിനീനും നവഅഹ്മദികളും തമ്മിൽ നടന്ന ഓൺലൈൻ മീറ്റിംഗും ഹുദൂർ അയ്യദഹുല്ലായുടെ ഉപദേശങ്ങളും

അഹ്മദിയ്യ മുസ്‌ലിം ജമാഅത്തിന്റെ ഇമാം ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് 2022 ഫെബ്രുവരി 12 ന് ബ്രിട്ടനിൽ വസിക്കുന്ന നവഅഹ്മദികളുമായി ഓൺലൈൻ മീറ്റിംഗ് നടത്തി. ഹുദൂർ ഈ കൂടിക്കാഴ്ചയ്ക്കുവേണ്ടി ഇസ്‌ലാമാബാദിലുള്ള(ടിൽഫോർഡ്)എം. ടി. എ സ്റ്റുഡിയോയിൽ ആഗതരായി. പുരുഷന്മാരും സ്ത്രീകളുമടങ്ങുന്ന 65-ലധികം നവഅഹ്മദികൾ ലണ്ടനിലെ ബയ്ത്തുൽഫുത്തൂഹിൽനിന്ന് പങ്കെടുത്തു.

ഈ കൂടിക്കാഴ്ചയ്ക്കിടയിൽ കുറച്ച് നവഅഹ്മദികൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ സ്വീകരിച്ചതിന്റേയും ജമാഅത്തിൽ ചേർന്നതിന്റേയും അനുഭവങ്ങൾ പങ്കുവച്ചു.

ഒരു നവഅഹ്മദി പറഞ്ഞു:*എന്റെ പേര് സുബയ്ർ ളഫ്ർ എന്നാണ്. എനിക്ക് 42 വയസ്സുണ്ട്. വിവാഹിതനാണ്. എനിക്ക് മൂന്നു മക്കളുണ്ട്. യുവത്വകാലത്ത് എനിക്ക് ഇസ്‌ലാംമതത്തോടു വളരെ ഇഷ്ടമായിരുന്നു. ഇസ്‌ലാം സത്യമതമാണെന്ന് എനിക്കറിയാമായിരുന്നു. എന്നാൽ, ഖേദകരമെന്നു പറയട്ടെ യുവത്വത്തിന്റെ ആ വർഷങ്ങളിൽ എന്റെ ചിന്ത വളരെ ഇളകിക്കൊണ്ടിരിക്കുന്നതായിരുന്നു. സുന്നീ മുസ്‌ലിമീങ്ങളുടെ ഇടയിലെ വേർതിരിവ് കണ്ട് എനിക്ക് വളരെ വിഷമമുണ്ടാകുമായിരുന്നു. മുസ്‌ലിം ഉമ്മത്ത് വീണ്ടും എങ്ങനെ ഒന്നിക്കുമെന്ന് ഞാനെപ്പോഴും ചിന്തിക്കുമായിരുന്നു. ആ നാളുകളിൽ ഞാനൊരു അഹ്മദിയേയും അറിയുമായിരുന്നില്ല. അഹ്മദിയ്യത്തിനെ കുറിച്ച്, അതിന്നെതിരിൽ ഉന്നയിക്കപ്പെടുന്ന പൊതുവായ ആക്ഷേപങ്ങളല്ലാതെ ഒരിക്കലും ഒന്നും കേട്ടിട്ടുമില്ലായിരുന്നു. അഹ്മദിയ്യത്തിനെക്കുറിച്ച് ഞാൻ കേട്ടതിൽനിന്നും എന്റെ മുമ്പിൽ അവതരിപ്പിക്കപ്പെട്ടതിൽനിന്നും എനിക്കു തോന്നിയത് അഹ്മദിയ്യത്ത് സത്യമല്ലെന്നായിരുന്നു. എന്നെ എപ്പോഴും സംവാദത്തിൽ ഹദ്റത്ത് ഈസായുടെ കുരിശുമരണസംഭവം പ്രയാസത്തിലാക്കുമായിരുന്നു. എനിക്ക് തോന്നിയിരുന്നത് ക്രിസ്ത്യാനികൾക്ക് മുസ്‌ലിമീങ്ങളുടെമേൽ ശ്രേഷ്ഠത കരസ്ഥമാകുന്ന കാര്യമാണ് ഇതെന്നായിരുന്നു. മുസ്‌ലിമീങ്ങളുടെ വിശ്വാസങ്ങൾ ഇതുസംബന്ധമായി പരസ്പരം വളരെ വിഭിന്നമാണെന്നതും അവരുടെ തെളിവുകളുടെ അടിത്തറ ഏതെങ്കിലും ചരിത്രപരമായ പ്രമാണങ്ങളുടെ അടിസ്ഥാനത്തിലല്ലെന്നതും എന്നെ വല്ലാതെ ബുദ്ധിമുട്ടിച്ചിരുന്നു. ഞാൻ ഈ എല്ലാ ചോദ്യങ്ങൾക്കുമുള്ള മറുപടി അന്വേഷിക്കാൻ തുടങ്ങിയപ്പോൾ വായന ആരംഭിച്ചു. ഈ അന്വേഷണത്തിൽ എനിക്ക് ഇസ്‌ലാം വെബ്സൈറ്റിൽ 'ഹദ്റത്ത് ഈസാ(അ)യും കശ്മീരിലെ ഗോത്രങ്ങളും' എന്നതിനെ സംബന്ധിച്ചുള്ള ഒരു ലേഖനം കിട്ടി. ആ നേരത്ത് ഞാനൊരു അഹ്മദിയ്യ വെബ്സൈറ്റിലാണുള്ളതെന്ന അറിവും എനിക്കുണ്ടായിരുന്നില്ല. ഈ ലേഖനമാണ് എന്റെ കണ്ണുതുറന്നത്. കൂടുതൽ അറിവു തേടണമെന്ന വിചാരവുമുണ്ടായി. അതിൽ മസീഹ് ഹിന്ദുസ്താൻ മെ എന്ന ഗ്രന്ഥത്തിന്റെ ലിങ്കും കൊടുത്തിരുന്നു. ഞാൻ ആ ഗ്രന്ഥം തുറന്നു. അതു വായിക്കാൻ തുടങ്ങി. ഗ്രന്ഥകർത്താവാരെന്ന് നോക്കാതെയായിരുന്നു ഇത്. സുബ്ഹാനല്ലാഹ് ആ ഗ്രന്ഥം എന്നെ വല്ലാതെ സ്വാധീനിച്ചു. എന്റെ എല്ലാ ചോദ്യങ്ങൾക്കുമുള്ള മറുപടി കിട്ടിക്കൊണ്ടിരിക്കുന്നതായി തോന്നി. ഞാൻ ഈ ഗ്രന്ഥത്തിന്റെ അവസാനത്തിലെത്തുകയും ഗ്രന്ഥകർത്താവാരാണെന്നും അദ്ദേഹത്തിന്റെ വാദമെന്താണെന്ന് നോക്കുകയും ചെയ്തപ്പോൾ വ്യാകുലചിത്തനായി.*

ഹുദൂർ പറഞ്ഞു: ജസാക്കുമുല്ലാഹ്, മാശാഅല്ലാഹ്. ഇത് വളരെ ഈമാൻ ദൃഢീകരിപ്പിക്കുന്നതാണ്.

ഒരു നവഅഹ്മദി സ്ത്രീ പറഞ്ഞു: *ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനിയെ(അ) മഹ്ദിയാണെന്ന് വിശ്വസിക്കുന്നതിനുമുമ്പേ ഞാൻ മൂന്നു സ്വപ്നം കണ്ടിരുന്നു. അതിൽ അഹ്മദിയ്യത്ത് സത്യമാണെന്നതിനുള്ള സൂചന ഉണ്ടായിരുന്നു. ഞാനെന്റെ ചുറ്റുവട്ടത്തുള്ള അനഹ്മദികളോടും കൂട്ടുകാരോടും അഹ്മദിയ്യത്തിനെക്കുറിച്ച് ചോദിക്കാൻ തുടങ്ങി. കാരണം ഞാൻ അങ്ങോട്ടുമിങ്ങോട്ടുമില്ലാത്ത അവസ്ഥയിലായി. ഞാനാണെങ്കിൽ സ്വപ്നവും കണ്ടിരുന്നു. സത്യത്തെ സ്വീകരിക്കാതെ, വിഡ്ഢിത്തമാണ് കാണിച്ചുകൊണ്ടിരിക്കുന്നതെന്ന് എനിക്കുതോന്നി. എന്റെ കൂട്ടുകാർ എന്നോടു പറഞ്ഞു: അഹ്മദിയ്യത്തിന്റെ പിന്നാലെ പോകണ്ട, കാരണം അവർ നിന്നിൽ മന്ത്രം ചെയ്യും. പക്ഷേ, അതൊന്നും എന്നെ ഒരിക്കലും തടഞ്ഞില്ല. എന്നല്ല എനിക്ക് താൽപര്യം കൂടുകയാണ് ചെയ്തത്. ഞാൻ അൽഇസ്‌ലാം വെബ്സൈറ്റിൽ കയറുകയും ഗ്രന്ഥങ്ങൾ വായിക്കാൻ തുടങ്ങുകയും ചെയ്തു. അതിനോടൊപ്പം നിത്യവും തഹജ്ജുദിന് ഉണരാനും തുടങ്ങി. അല്ലാഹുവേ എനിക്ക് ഹിദായത്ത് നല്കേണമേ എന്നും എന്തെങ്കിലും അടയാളം കാണിച്ചുതരേണമേ എന്നും ദുആയും ചെയ്തു. ആ അവസരത്തിൽ എനിക്ക് മൂന്നാമതൊരു സ്വപ്നവും വന്നു. ഞാൻ കണ്ടു, ഞാൻ അങ്ങയുടെ കൈപിടിച്ച് ബയ്അത്ത് ചെയ്തുകൊണ്ടിരിക്കുന്നു. ഞാൻ പെൺകുട്ടികളുടെ ഒരു നിര കണ്ടു. അവർ കറുത്ത ഹിജാബ് ധരിച്ചിരിക്കുന്നു. അവരെല്ലാവരും അങ്ങയുടെ കൈയിൽ ബയ്അത്ത് ചെയ്യുകയായിരുന്നു. അതോടെ അഹ്മദിയ്യത്ത് സത്യമാണെന്ന് എനിക്ക് ദൃഢവിശ്വാസമായി.*

ഹുദൂർ അൻവർ അയ്യദഹുല്ലാഹ് പറഞ്ഞു:മാശാഅല്ലാഹ്.

ഒരു സ്നേഹിതൻ വ്യക്തിപരമായ പ്രയാസങ്ങളിൽ ക്ഷമയും സഹിഷ്ണുതയും ഉണ്ടാക്കുന്നതിനെ സംബന്ധിച്ച് മാർഗനിർദേശം തേടി.ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു:താങ്കൾ എപ്പോഴെങ്കിലും അസ്വസ്ഥനാകുകയാണെങ്കിൽ അല്ലെങ്കിൽ ദുഃഖിതനാകുകയാണെങ്കിൽ അല്ലാഹുവിന്റെ മുമ്പിൽ സുജൂദ് ചെയ്യുക. അല്ലാഹുവിനോടു ദുആ ചെയ്യുക. നമസ്കാരത്തിന്റെ നേരമല്ലെങ്കിൽത്തന്നെയും നഫ്ലുകളിൽ അല്ലാഹുവിന്റെ മുമ്പിൽ കരയുക;താങ്കളെ ഈ അവസ്ഥയിൽനിന്ന് പുറത്തുകൊണ്ടുവരുന്നതിന്! താങ്കളുടെ മനസ്സിന് സമാധാനവും സൗഖ്യവും പ്രദാനം ചെയ്യുന്നതിന്! ഇക്കാരണത്താലാണ് അല്ലാഹു വിശുദ്ധ ഖുർആനിൽ അലാ ബി ദിക്‌രില്ലാഹി തത്വമഇന്നുൽ ഖുലൂബ് എന്ന് പറഞ്ഞിട്ടുള്ളത്. ഇതിന്റെ ഉദ്ദേശ്യം മനഃശ്ശാന്തിക്കും മനഃസ്സമാധാനത്തിനും നിങ്ങൾ അല്ലാഹുവിനെ സ്മരിക്കണമെന്നാണ്. ഇപ്പോൾ ഈ ഒരു പരിഹാരമാർഗമെയുള്ളു. അതിനോടൊപ്പം താങ്കളെ സഹായിക്കാൻ പറ്റിയവരെ സുഹൃത്തുക്കളാക്കുകയും വേണം.

ഒരു നവഅഹ്മദി സ്ത്രീ ചോദിച്ചു:*സ്ത്രീകൾക്ക് പർദ ധരിക്കാനുള്ള കൽപ്പന ഇസ്‌ലാമിലുണ്ട്. പക്ഷേ, ഇതുസംബന്ധമായി പുരുഷന്മാർക്കുള്ള കൽപ്പനയെന്താണ്? അമുസ്‌ലിമീങ്ങൾക്ക് എങ്ങനെയാണ് ഇതു വ്യക്തമാക്കിക്കൊടുക്കുക?*

ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു: നോക്കൂ!തങ്ങളുടെ ദൃഷ്ടികൾ താഴോട്ടാക്കാനും മുഖം മറയ്ക്കാനും എവിടെയാണോ സ്ത്രീകൾക്ക്

**• അല്ലാഹുവിന്റെ കലാം: •**

**നീ ആദ്യമായി നിന്റെ അടുത്ത ബന്ധുക്കൾക്ക് മുന്നറിയിപ്പു നല്കുക. നിന്നെ പിന്തുടർന്ന സത്യവിശ്വാസികൾക്ക് നിന്റെ സ്നേഹത്തിന്റെ ചിറകു താഴ്ത്തിക്കൊടുക്കുക.(വിശുദ്ധ ഖുർആൻ 26:215 – 216)**


tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ: Prop.M. SHAFIQ(8075212141),M.MUSTAFA (9188768150),M.MUNEER(9946871947) KARULAI, MALAPPURAM

**• അല്ലാഹുവിന്റെ കലാം: •**

**'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫൂദാത്ത് വാള്യം 3, പേജ് 38)**

ത്വാലിബെ ദുആ: T.A. SAJEER
AHMADIYYA JAMA-ATH, ALLEPPEY Ph:92497 38840

കൽപ്പനയുള്ളത് അതിനു മുമ്പേയുള്ള വചനത്തിൽ പുരുഷന്മാരോടു തങ്ങളുടെ ദൃഷ്ടികൾ താഴോട്ടാക്കാനും സ്ത്രീകളെ തിരിഞ്ഞ് തിരിഞ്ഞ് നോക്കാതിരിക്കാനും കൽപ്പിച്ചിരിക്കുന്നു. അത് പുരുഷന്മാരുടെ സ്വഭാവമാണ്. അതുകൊണ്ട് അല്ലാഹു ആദ്യം പുരുഷന്മാരോടു സ്ത്രീകളെ നോക്കരുതെന്ന് കൽപ്പിച്ചു. ദൃഷ്ടി താഴോട്ടാക്കുക. യഥാർഥമായ ഒരു ഇസ്‌ലാമിക സമൂഹത്തിൽ ഇതുണ്ടാകുന്നതായിരിക്കും. സ്വഭാവങ്ങൾ മോശമാകുമ്പോൾ, മതപരമായ മൂല്യങ്ങൾ ഇല്ലാതാകുകയും മനുഷ്യൻ മതാധ്യാപനങ്ങളിൽനിന്ന് അകന്നുപോകുകയും ഭാതികനാകുകയും ചെയ്യുമ്പോൾ കേവലം ഭൗതിക കാര്യങ്ങളും ഭൗതികാഗ്രഹങ്ങളും അവശേഷിക്കുന്നു. അതുകൊണ്ട് ഇസ്‌ലാം അവിടെ സ്ത്രീകളെ രക്ഷിക്കുന്നതിനുവേണ്ടി-പുരുഷനെന്തായാലും അവന്റെ സ്വഭാവത്തിൽനിന്ന് പിന്മാറുകയില്ല- അല്ലാഹുവിന്റെ കൽപ്പനയാണ് ദൃഷ്ടികൾ താഴോട്ടാക്കുകയും സ്ത്രീകളെ നോക്കാതിരിക്കുകയും ചെയ്യുക എന്നത്. ഇതുണ്ടായിട്ടും അത്തരം ചേഷ്ടകൾ അവൻ ചെയ്യുന്നതായിരിക്കും. അതുകൊണ്ട് പുരുഷന്മാരുമായി സംസാരിക്കുമ്പോൾ നിങ്ങളുടെ മൃദുലമായ ഭാഷണത്തിൽനിന്ന് ആരെങ്കിലും തെറ്റായ ഉദ്ദേശ്യം എടുക്കാതിരിക്കാൻ സംസാരശൈലിയിൽ അൽപം ഗൗരവമുണ്ടാകേണ്ടതാണെന്ന് വിശുദ്ധ ഖുർആനിലും എഴുതിയിരിക്കുന്നു. മാനുഷികമായ സ്വഭാവങ്ങളുടെ തേട്ടമനുസരിച്ചാണ് കൽപ്പനകൾ ഉണ്ടാക്കപ്പെട്ടിട്ടുള്ളത്. സ്ത്രീകൾക്ക് സംരക്ഷണം നല്കുന്നതിനാണ് പർദ ധരിക്കാനുള്ള കൽപ്പന. അല്ലാതെ സ്ത്രീകളെ ദ്രോഹിക്കാനല്ല. അതുകൊണ്ടാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞത്, ആദ്യം നിങ്ങൾ പുരുഷന്മാരെ പരിഷ്കരിക്കുകയും അവർ പരിഷ്കരിക്കപ്പെട്ടുവെന്നതിന് ജാമ്യമാകുകയുമാണെങ്കിൽ അപ്പോൾ സ്ത്രീകളുടെ പർദയിലും റിലാക്സേഷൻ വേണ്ടതാണെന്ന് ഞാൻ നിങ്ങളോടു പറയുന്നതായിരിക്കും. പക്ഷേ, പുരുഷന്മാരുടെ പരിഷ്കരണമുണ്ടാകുകയില്ല. ആദമിന് അല്ലാഹു നുബുവ്വത്ത് പദവി നല്കിയപ്പോൾ, ആ നേരത്ത് ശയ്ത്വാൻ നിഷേധിക്കുകയും ഇബ്‌ലീസ് തള്ളിപ്പറയുകയും എനിക്ക് നീട്ടിത്തരികയാണെങ്കിൽ ഞാനെന്റെ പിന്നാലെ അവരെ നടത്താൻ ശ്രമിക്കുമെന്ന് പറയുകയും ചെയ്തപ്പോൾ 'എന്റെ കൽപ്പനകളനുസരിച്ച് നടക്കുന്ന എന്റെ ശരിയായിട്ടുള്ള ദാസന്മാർ, യഥാർഥ ദാസന്മാർ നിന്റെ പിന്നാലെ നടക്കുകയില്ല' എന്ന് അല്ലാഹു പറഞ്ഞത്. പക്ഷേ, എന്നിട്ടും ഭൂരിപക്ഷവും തന്റെ പിന്നാലെ നടക്കുമെന്ന് ശയ്ത്വാൻ വെല്ലുവിളിച്ചു പറഞ്ഞു. ഇതുതന്നെയാണ് നമ്മളിന്ന് കണ്ടുകൊണ്ടിരിക്കുന്നത്. ഭൂരിഭാഗവും നിന്റെ പിന്നാലെ നടക്കുകയില്ലെന്ന് അല്ലാഹു പറഞ്ഞില്ല. പക്ഷേ, അതാണിന്ന് നമ്മൾ കാണുന്നത്. ഭൂരിഭാഗവും ശയ്ത്വാന്മാരുടെ പിന്നാലെതന്നെ നടക്കുന്നു. സാത്താനികമായ ചിന്താഗതികളാണ് വെച്ചുപുലർത്തുന്നത്. സത്കർമികൾ കുറവാണ്. അല്ലാഹുവിന്റെ കൽപ്പനകളനുസരിച്ച് പ്രവർത്തിക്കുന്നവർ കുറവാണ്. അതുകൊണ്ട് മുഅ്മിനായ സ്ത്രീകൾക്കുള്ള കൽപ്പന നിങ്ങൾ സ്വയംതന്നെ നിങ്ങളെ രക്ഷിക്കണമെന്നാണ്. അതിനാൽ അല്ലാഹുവിന്റെ കൽപ്പനകളനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് പുരുഷന്മാരിൽനിന്ന് ഒരു അകലം പാലിക്കുകയെന്നതാണ് നല്ലത്. പരസ്യമായ നിലയിൽ പ്രകടമാകരുത്. പരസ്യമായ നിലയിൽ(merge) മേർജാകരുത്. സംസാരിക്കുമ്പോൾ നിങ്ങളുടെ സംസാരത്തിൽനിന്ന് ആർക്കെങ്കിലും തെറ്റായ മെസേജ് തോന്നുംവിധമുള്ള ശൈലിയിൽ സംസാരിക്കരുത്. അതുകൊണ്ട് നന്മ ചെയ്യുന്നതിനും പർദ ചെയ്യുന്നതിനുമുള്ള കൽപ്പന ഇരുവർക്കുമാണ്.

പങ്കെടുത്തവരിൽ ഒരു നവഅഹ്മദി സ്ത്രീ ചോദിച്ചു:*ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടം ആയിരം വർഷമാണ്. നൂറുവർഷം കഴിഞ്ഞു. 900 വർഷം ബാക്കിയുണ്ട്. അതിനുശേഷം തീർച്ചയായും ഖിയാമത്ത് വരുമോ?*

ഹുദൂർ പറഞ്ഞു:വരും. മുഴുവൻ വർഷവും കൂട്ടിച്ചേർക്കുകയാണെങ്കിൽ അതിനുശേഷം ഖിയാമത്താണ്. പക്ഷേ, ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു അല്ലാഹു ഇങ്ങനെയും വാഗ്ദാനം ചെയ്തിട്ടുണ്ട്. നിന്നെക്കൊണ്ട് ഞാൻ ചെയ്യിച്ചിട്ടുള്ള പ്രവചനങ്ങളും നിന്നോടു ഞാൻ ചെയ്തിട്ടുള്ള വാഗ്ദാനങ്ങളും പൂർത്തിയാക്കുന്നതായിരിക്കും. ഇൻശാ അല്ലാഹ്. അത് ലോകം കാണുന്നതായിരിക്കും. അവയിൽ ഒരുപാട് വാഗ്ദാനങ്ങൾ പൂർത്തിയാകാൻ ഇനി ബാക്കിയുണ്ട്. ഇപ്രകാരംതന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു:ഈസാ(അ)ന്റെ ക്രൈസ്തവമതം വ്യാപിക്കാൻ 300 വർഷത്തിലധികം കാലമെടുത്തിരുന്നു. പക്ഷേ, അവിടന്ന് പറഞ്ഞു:300 വർഷം കഴിയുകയില്ല, അതിനുമുമ്പേ ഇസ്‌ലാംഅഹ്മദിയ്യത്തിന്റെ ബഹുഭൂരിഭാഗവും ലോകത്ത് സ്ഥാപിതമാകുന്നത് നിങ്ങൾ കാണും. അതിനുശേഷമാണ് എല്ലാ കാര്യവുമുണ്ടാകേണ്ടത്. ഇനി ധാരാളം പ്രവചനങ്ങൾ പൂർത്തിയാകാൻ പോകുകയാണ്. ധാരാളം കാര്യങ്ങളുണ്ടാകാൻ പോകുകയാണ്. അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദൗത്യം പൂർത്തിയായെന്ന് നമുക്ക് പറയാൻ പറ്റുകയില്ല. ഇനി ദൗത്യം പൂർത്തിയാകേണ്ടതുണ്ട്. അതു പൂർത്തിയാകുന്നതുവരെ ഇൻശാ അല്ലാഹ് അഹ്മദിയ്യ ജമാഅത്തിന്റെ അഭിവൃദ്ധിയാണ്. അതു ലോകത്ത് വിജയിക്കേണ്ടതുണ്ട്. പിന്നീടാണ് ഇസ്‌ലാംഅഹ്മദിയ്യത്ത് വിജയംവരിക്കേണ്ടത്. അതിനുശേഷം പിന്നീട് ഖിയാമത്തിന്റെ ദൃശ്യങ്ങൾ വരണം. അല്ലാഹു പറയുന്നത് ആ നേരത്ത് വീണ്ടും തിന്മകൾ അധികമായി വ്യാപിക്കുമെന്നാണ്. അത് വളരെ കഴിഞ്ഞുള്ള കാര്യമാണ്. നമ്മുടെ കാലവുമായി അതിന് ബന്ധമൊന്നുമില്ല. അത് ചിന്തിക്കണ്ട.

പങ്കെടുത്തവരിൽ ഒരാൾ ചോദിച്ചു:*അഹ്മദി മുസ്‌ലിമീങ്ങളും അനഹ്മദി മുസ്‌ലിമീങ്ങളും തമ്മിലുള്ള വ്യത്യാസമെന്താണ്?*

ഹുദൂർ അൻവർ അയ്യദഹുല്ലാഹ് പറഞ്ഞു: നിങ്ങൾ അഹ്മദിയ്യ സാഹിത്യങ്ങൾ വായിക്കുക. പ്രത്യേകിച്ചും *ഇൻവിറ്റേഷൻ ടു അഹ്മദിയ്യത്ത്*വായിക്കുക. അത് ഖലീഫത്തുൽ മസീഹ് ഥാനിയുടെ ഗ്രന്ഥമാണ്. ഹുദൂർ കൂടുതൽ വിശദീകരിച്ചു: മറ്റു മുസ്‌ലിമീങ്ങൾ വാഗ്ദത്ത മസീഹിനേയും ഇമാം മഹ്ദിയേയും കാത്തിരിക്കുകയാണ്. അഹ്മദി മുസ്‌ലിമീങ്ങളുടെ വിശ്വാസം ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് സാഹിബ് വാഗ്ദത്ത മസീഹും മഹ്ദിയുമായി വന്നു കഴിഞ്ഞിരിക്കുന്നുവെന്നതാണ്.

അവിടന്ന് വന്നതിന്റെ അടയാളങ്ങളെ സംബന്ധിച്ച് വിശകലനം ചെയ്തുകൊണ്ട് ഹുദൂർ അൻവർ പറഞ്ഞു:മറ്റു ചില അടയാളങ്ങളുമുണ്ട്. അതായത് നബി(സ)തിരുമേനിയുടെ കാലത്ത് ഉപയോഗിച്ചിരുന്ന പല മാർഗങ്ങളും ഉപേക്ഷിക്കപ്പെടുന്നതായിരിക്കും. ഇക്കാലത്ത് ആളുകൾ ഒട്ടകത്തേയും കുതികളേയും യാത്രയ്ക്ക് ഉപയോഗിക്കാറില്ല. അതിനുപകരം വണ്ടികളും ട്രൈനുകളും വിമാനങ്ങളും കപ്പലുലുമാണ് ഉപയോഗിക്കുന്നത്. അടിസ്ഥാനപരമായ കാര്യം ലോകത്തിന്റെ അവസാന നാളുകളിൽ മുസ്‌ലിമീങ്ങളുടെ ഈമാനിനെ ശക്തിപ്പെടുത്തുന്നതിനും പുനരുദ്ധാരണത്തിനുംവേണ്ടി ആരാണോ വരേണ്ടിയിരുന്നത് അത് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് സാഹിബിന്റെ രൂപത്തിൽ വന്നു കഴിഞ്ഞിരിക്കുന്നു എന്നതാണ്. പക്ഷേ, അനഹ്മദികൾ അദ്ദേഹത്തെ സ്വീകരിക്കുന്നില്ല. ഞങ്ങൾ പറയുന്നത് ഈ പ്രവചനം ഏതു കാലത്ത് പുലരുമെന്നാണോ പറഞ്ഞിട്ടുള്ളത് അതായത് 14-ാം നൂറ്റാണ്ട്, അതു കഴിഞ്ഞു കടന്നിരിക്കുന്നു. അക്കാലത്ത് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് സാഹിബ് വാദിക്കുകയും ചെയ്തു, പ്രവചനങ്ങൾ അതുപോലെതന്നെ പുലരുകയും ചെയ്തു.

മറ്റൊരു നവഅഹ്മദി ചോദിച്ചു: *നവഅഹ്മദികൾക്കുള്ള ഉപദേശമെന്താണ്?*

ഹുദൂർ അൻവർ അയ്യദഹുല്ലാഹ് പറഞ്ഞു: അവർ ഏറ്റവുമാദ്യം വിശുദ്ധ ഖുർആനിലെ ആദ്യ സൂറത്തായ സൂറ ഫാത്തിഹായായിലെ വാക്കുകൾ പഠിക്കേണ്ടതാണ്. അവിടന്ന് പറഞ്ഞു: സൂറ ഫാത്തിഹ അറബിയിൽ പഠിക്കാൻ ശ്രമിക്കുക. പിന്നീട് അതിന്റെ തർജമയും പഠിക്കുക. പിന്നീട് നിങ്ങൾ അഞ്ചുനേരം നമസ്കരിക്കേണ്ടതാണ്. സാധ്യമെങ്കിൽ ജമാഅത്തായി നമസ്കരിക്കുക. ഇതിനുപുറമെ നിങ്ങൾ നഫ്‌ലുകളും നമസ്കരിക്കുക. നിങ്ങളെ ശക്തമായ ഈമാൻകൊണ്ട് അനുഗ്രഹിക്കുന്നതിന് അല്ലാഹുവിനോടു ദുആ ചെയ്യുക. ഇതു സംബന്ധമായി അല്ലാഹുവിനോടു സഹായം തേടുക. ഒരിക്കലും ഒരു നമസ്കാരവും ഉപേക്ഷിക്കരുത്. അഞ്ചുനേര നമസ്കാരം അനുഷ്ഠിക്കേണ്ടത് നിർബന്ധമാണെന്ന കാര്യം ശ്രദ്ധിക്കുക. വളരെ കൃത്യമായി നമസ്കാരം നിർവഹിക്കുക. സജ്ദയ്ക്കിടയിൽ കരഞ്ഞുകരഞ്ഞ് അല്ലാഹുവിനോടു സഹായം തേടുക. പിന്നീട് കുറച്ചു മാസങ്ങൾക്കകം നിങ്ങളുടെ ഉള്ളിൽ ഒരു മാറ്റം അനുഭവിക്കുന്നതായിരിക്കും.(അൽഫള്ൽ പത്രം ഇന്റർനാഷണൽ, 8-3-2022)

**വിവാഹാവസരത്തിലെ ഡാൻസും പാട്ടും**

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: വിവാഹാവസരങ്ങളിൽ ശരീഅത്തിന്റെ അടിസ്ഥാനത്തിൽ പാട്ടുപാടുക അനുവദനീയമാണ്. എന്നാൽ, അത് ഉപദ്രവമുണ്ടാക്കാത്തതോ മതപരമോ ആയിരിക്കേണ്ടതാണ്. (അൽഫള്ൽ 1945

## • ഹദീഥുന്നബ്‌വി(സ) •

**'അല്പമുള്ളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുള്ളതിനും നന്ദി കാണിക്കുകയില്ല. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുന്നില്ല.'(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ)**

## • കലാമുൽ ഇമാം: •

**"ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു."(മൽഫൂദാത്ത് വാള്യം 1, പേജ് 220)**

ത്വാലിബെ ദുആ:
RAHMAN SHAKEErR& FAMILY
AHMADIYYA JAMA'ATH KARULAI, KERALA

ത്വാലിബെ ദുആ:
C.K.MUHAMMED SHAREEF &FAMILY
AHMADIYYA MUSLIM JAMA'ATH VANIYAMBALAM, KERALA

## സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസി(അയ്യദഹുല്ലാഹ്)ന്റെ അയർലന്റ് പര്യടനം(സെപ്റ്റംബർ 2014)

വിവ: മൗലവി അമീൻ മുഹമ്മദ്, മാത്ര

**(ബദ്ർ വാല്യം 9, പേജ് 18, ലക്കം 7–8, കോളം 3-ൽനിന്ന് തുടർച്ച......)**

**കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ചകൾ**

ഇന്നു വൈകുന്നേരം രണ്ട് പരിപാടികളാണ് ഹുദൂറിനുള്ളത്. അത് കുടുബങ്ങളുമായുള്ള കൂടിക്കാഴ്ചയും അയർലാൻഡ് ലജ്നാ ഇമാഇല്ലായുടെ നാഷണൽ മജ്‌ലിസെ ആമിലായുടെ ഹുദൂറുമായുള്ള മീറ്റിംഗുമാണ്. ഇതിനുള്ള സംവിധാനം ഇതേ ഹോട്ടലിന്റെ ഒരു ഭാഗത്ത് ഒരുക്കപ്പെട്ടിരുന്നു.

6.30ന് ഹുദൂർ കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ചക്കുവേണ്ടി തയ്യാറാക്കിയിരുന്ന ഹാളിലെത്തി. 24 കുടുംബങ്ങളിലെ 64 വ്യക്തികൾ തങ്ങളുടെ പ്രിയപ്പെട്ട ഇമാമുമായി കൂടിക്കാഴ്ച നടത്തി സായൂജ്യരായി. ഇവരിൽ 22 പേർ ജീവിതത്തിൽ ആദ്യമായാണ് ഹുദൂറുമായി നേരിട്ട് കൂടിക്കാഴ്ച നടത്തുന്നത്. ഈ അനുഗൃഹീത നിമിഷം ലഭിച്ചതിൽ അവരിലോരോരുത്തരും സന്തോഷവാന്മാരായിരുന്നു. തങ്ങളുടെ പ്രിയപ്പെട്ട ഹുദൂറുമായി ലഭിച്ച സാമീപ്യത്തിന്റേയും കൂടിക്കാഴ്ചയുടേയും ഓരോ നിമിഷത്തിലും ദുആകളുടെ ഖജനാവുകളാണ് അവർ നേടിയത്. ഇന്നത്തെ ഈ ദിനവും അനുഗൃഹീത നിമിഷങ്ങളും അവരുടെ ജീവിതത്തിന്റെ സമ്പാദ്യമാണ്.

കൂടിക്കാഴ്ചകളിൽ പങ്കെടുത്തവർ ഗാൽവെ പട്ടണത്തെ കൂടാതെ ലൈംറിക്ക്, കവാൻ, കോർക്ക്, ഡബ്ലിൻ, അത്‌ലോൺ പ്രദേശങ്ങളിൽ നിന്നുള്ളവരാണ്. എല്ലാവർക്കും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും ഭാഗ്യം കിട്ടി. ഹുദൂർ വാത്സല്യപൂർവം വിദ്യാഥികൾക്ക് പേനയും കുഞ്ഞുങ്ങൾക്ക് ചോക്ലേറ്റും നല്കി. കൂടിക്കാഴ്ചാ പരിപാടികൾ 08.00 മണിവരെ നീണ്ടു നിന്നു.

**അയർലാൻഡ് ലജ്ന ഇമാഇല്ലാഹ് നാഷണൽ മജ്‌ലിസെ ആമിലയുടെ ഹുദൂറുമായി മീറ്റിംഗ്**

ശേഷം അയർലാൻഡ് ലജ്നാ ഇമായില്ലാഹ് നാഷണൽ മജ്‌ലിസെ ആമില അംഗങ്ങളുമായുള്ള ഹുദൂറിന്റെ മീറ്റിംഗ് ആരംഭിച്ചു. ഹുദൂറിന്റെ നേതൃത്വത്തിൽ ദുആ ചെയ്തു. തുടർന്ന് എല്ലാ അംഗങ്ങളും ക്രമത്തിൽ തങ്ങളെ പരിചയപ്പെടുത്തി.

**നാഇബ് സ്വദ്ർ ലജ്നയോട് ഹുദൂർ:** എന്തെല്ലാം ദൗത്യങ്ങളാണ് നാഷണൽ ആമിലയിൽ നിങ്ങൾക്കുള്ളത്. കാരണം നാഇബ് സ്വദ്റിന്റെ അടുക്കൽ മറ്റൊരു വിഭാഗവുംകൂടി ഉണ്ടാകേണ്ടത് അത്യാവശ്യമാണ്.

**സ്വദ്ർ ലജ്ന**:അവർ തദ്ദേശ ലജ്നാ സ്വദ്റുമാണ്.

**ഹുദൂർ**: സെക്രട്ടറി വഖ്ഫെ നൗ എന്ന പോസ്റ്റ് നാഷണൽ ആമിലയിൽ ഇല്ല. അതുകൊണ്ട് ഇവരെ മുആവിനെസ്വദ്റാക്കുക. വാഖിഫാത്തെ നൗവിന്റെ പ്രവർത്തനങ്ങൾക്ക് അവരെ ഉപയോഗപ്പെടുത്തുക.

സെക്രട്ടറി തബ്‌ലീഗിനോടു പ്രചാരണ പ്രവർത്തനങ്ങളെ കുറിച്ചും ലീഫ്‌ലെറ്റിന്റെ വിതരണത്തെ കുറിച്ചും ഹുദൂർ അന്വേഷിച്ചറിഞ്ഞു. മീനാ ബസാർ നടന്നിരുന്നോ എന്നും ഹുദൂർ ചോദിച്ചു.

**ലജ്ന സ്വദ്ർ:** ഹാൾ വാടകക്കെടുത്ത് ഈ പ്രദേശത്തുള്ളവരെ മീനാ ബസാറിലേക്ക് ക്ഷണിക്കുന്നു. തന്മൂലം കൂടുതൽപേരെ പങ്കെടുപ്പിക്കാൻ സാധിക്കുന്നു. വിൽപ്പനയോടൊപ്പം ജമാഅത്തിനെ കുറിച്ചുള്ള പരിചയപ്പെടുത്തലും നടക്കുന്നു. മീനാ ബസാർ പ്രചാരണത്തിനുള്ള നല്ല മാർഗമാണ്. ഞങ്ങളിവിടെ പ്രചാരണ പോയന്റും സ്ഥാപിക്കുന്നു. ഗ്രന്ഥങ്ങളും ഇതര സാഹിത്യങ്ങളും അവിടെ വെക്കുന്നു. മീനാ ബസാറിൽ പർദ ധരിച്ചുകൊണ്ട് ലജ്നാ അംഗങ്ങൾ നോട്ടീസുകൾ വിതരണം ചെയ്യുന്നു.

**ഹുദൂർ:** നിങ്ങൾ നല്കുന്ന ക്ഷണമനുസരിച്ച് അവർ മീനാ ബസാറിൽ വന്നാൽ അത് നല്ല കാര്യമാണ്. നിങ്ങളുടെ ചെറിയ മക്കൾ മീനാ ബസാറിൽ പോകട്ടെ, ഒപ്പം ലജ്നകൾ അവർക്ക് വഴികാട്ടാനും പോകട്ടെ.

**ഹുദൂർ പ്രചാരണകാര്യ സെക്രട്ടറിയോട്**: പ്രചാരണ പ്രവർത്തനത്തിനുവേണ്ടി സെമിനാറുകൾ നടത്തുക. കോളേജിലും സ്കൂളിലും പഠിക്കുന്ന അഹ്മദീ വിദ്യാർഥിനികൾ അവരവരുടെ സ്ഥാപനങ്ങളുമായി ബന്ധപ്പെടുക. സെമിനാറുകൾ സംഘടിപ്പിക്കുക.

**പ്രചാരണ കാര്യ സെക്രട്ടറി:**ഫണ്ടിന്റെ കുറവ് കാരണത്താൽ ഞങ്ങളത് ചെയ്യുന്നില്ല.

**ഹുദൂർ**: ഇപ്പോൾ മർകസിന്റെ പങ്ക് നിങ്ങൾക്ക് നല്കിയിട്ടുണ്ട്. സാമ്പത്തിക ശേഷിയുള്ളവരിൽ നിന്ന് ഫണ്ട് ശേഖരിക്കുക. അമേരിക്കയിൽ ഒരു സ്റ്റേറ്റിൽ നിന്ന് മറ്റൊന്നിലേക്ക് പോകുന്നതിന് അവർ സ്വയം ചെലവ് ചെയ്യുന്നു. താങ്ങാൻ പറ്റുന്നവരിൽനിന്ന് പണം സ്വരൂപിക്കുക. നല്ല സമ്പാദിക്കുന്ന ഭർത്താക്കന്മാരുള്ള ലജ്നകളിൽനിന്നും വാങ്ങുക.

**സ്വദ്ർ ലജ്ന**:ഹുദൂർ അൻവർ ഞങ്ങൾക്ക് മർക്കസിൽനിന്ന് തന്ന വിഹിതത്തിൽനിന്ന് ഞങ്ങൾ ഗ്രന്ഥങ്ങൾ വാങ്ങി. അപ്പോൾ ഹുദൂർ പറഞ്ഞു:അടുത്ത അഞ്ചുവർഷത്തെ ബഡ്ജറ്റ് നിങ്ങൾത്തന്നെ വെക്കുക. അത് തബ്‌ലീഗ് പ്രവർത്തനങ്ങൾക്കുവേണ്ടി ചെലവഴിക്കുക. തബ്‌ലീഗിന് പുതിയ വഴികൾ കണ്ടെത്തുക. തബ്‌ലീഗ് പരിപാടികളെ കുറിച്ച് സെക്രട്ടറി തബ്‌ലീഗ് പറഞ്ഞു: ഞങ്ങൾ വിവിധ സ്കൂളുകൾക്ക് കത്തെഴുതി. ജമാഅത്ത് ഇന്റർഫെയ്ത്ത് പ്രോഗ്രാം സംഘടിപ്പിച്ചു. അപ്പോൾ ഹുദൂർ പറഞ്ഞു:കത്തെഴുതുന്നതുകൊണ്ട് ഒന്നുമുണ്ടാകുകയില്ല. സ്വയം വീട്ടിൽനിന്നിറങ്ങുക. രണ്ടാമത്തെ പ്രാവശ്യം പോകുക. ആവർത്തിച്ച് പോകുക. സ്ത്രീകളുമായി ബന്ധങ്ങളുണ്ടാക്കാനും നിങ്ങളെ പരിചയപ്പെടുത്താനും നിങ്ങളുടെ പെൺകുട്ടികളോടു പറയുക. ഇന്റർഫെയ്ത്ത് പ്രോഗ്രാം ജമാഅത്ത് സംഘടിപ്പിച്ചിരുന്നു. ലജ്ന നിങ്ങളുടേതായ എന്തെങ്കിലും ചെയ്യുക.

ഹുദൂർ അന്വേഷിച്ചപ്പോൾ ലജ്ന സ്വദ്ർ പറഞ്ഞു:മസ്ജിദിന്റെ സമാപന പരിപാടിയിൽ ലജ്ന മുഖേന 15 അതിഥികൾ പങ്കെടുത്തു. അപ്പോൾ ഹുദൂർ പറഞ്ഞു:ലജ്ന പർദയണിഞ്ഞുകൊണ്ട് തബ് ലീഗ് ചെയ്യുക. നിങ്ങളുടെ ഭർത്താക്കന്മാരുമായി കൂടിയാലോചിക്കാവുന്നതാണ്. തബ്‌ലീഗ് കമ്മിറ്റികളുണ്ടാക്കുക. പദ്ധതികൾ ആസൂത്രണം ചെയ്യുക. എനിക്കെഴുതി അപ്പ്റൂവ് ചെയ്യിക്കുക. പിന്നീട് പ്രവർത്തിക്കുക.

**ഹൂദൂർ പറഞ്ഞു**:നിങ്ങൾക്ക് നിങ്ങളുടെ ഭർത്താവിന്റേയും കുട്ടികളുടേയും പണികളിൽ നിന്നു തന്നെ ഒഴിവുണ്ടാകുകയില്ല. എങ്കിലും തബ്‌ലീഗും നിർബന്ധമാണ്. അതിനോടൊപ്പം തർബിയ്യത്തും നിർബന്ധമാണ്.

**സ്വദ്ർ ലജ്ന ചോദിച്ചു:**തബ്‌ലീഗിന് സ്റ്റാളിട്ട് ആളുകൾക്ക് നോട്ടീസ് വിതരണം ചെയ്യാമോ? പർദയണിഞ്ഞുകൊണ്ട് ഇപ്രകാരം പ്രവർത്തിക്കാമോ?

**ഹൂദൂർ പറഞ്ഞു:**തബ്‌ലീഗ് സ്റ്റാളിടുക. പുരുഷന്മാർ സ്റ്റാളിടാറുണ്ട്. നിങ്ങൾക്കും പർദയിട്ടുകൊണ്ട് ചെയ്യാവുന്നതാണ്. ഹുദൂർ പറഞ്ഞു: ഞാൻ പാർലമെന്റിൽ പോയപ്പോൾ നിങ്ങളുടെ സ്ത്രീകൾക്ക് സ്വാതന്ത്ര്യം ഇല്ലേ എന്ന് അവിടുത്തെ ഒരു സ്ത്രീ ചോദിച്ചു. അതുകൊണ്ട് നിങ്ങൾക്ക് സ്റ്റാളിടാം. സ്വാതന്ത്ര്യത്തിന്റെ പേരിൽ കുറച്ച് വളരെ മുന്നിൽ പോകാറുണ്ട്. നിങ്ങൾ മധ്യമ വഴി സ്വീകരിക്കുക. സ്വാതന്ത്ര്യത്തിന്റെ പേര് ഉപയോഗിക്കാതിരിക്കുക.

ഇശാഅത്ത് സെക്രട്ടറി ഹുദൂറിനോടു രിസാല മർയമും നാഷണൽ സിലബസ്സും സമർപ്പിച്ചു.

അപ്പോൾ ഹുദൂർ പറഞ്ഞു:ഇതു നിങ്ങൾ വളരെ വലുതാണ് ഉണ്ടാക്കിയിട്ടുള്ളത്. ഇതെത്ര പ്രവർത്തിക്കാൻ കഴിയും. രിസാല മർയമിന്റെ പ്രസാധനത്തെ സംബന്ധിച്ച് ഹുദൂർ ചോദിച്ചപ്പോൾ ഇശാഅത്ത് സെക്രട്ടറി പറഞ്ഞു:ഈ രിസാല ഞങ്ങൾ യു.കെ.യിൽനിന്നാണ് അച്ചടിക്കുന്നത്. കാരണം അയർലാൻഡിൽ അച്ചടിച്ചെലവ് വളരെയധികമാണ്.

**ഹുദൂർ പറഞ്ഞു**:വാഖ്ഫാത്തെ നൗഇന്റെ രിസാലയായ *മർയം* വാങ്ങുക. വിതരണം ചെയ്യുക.

മജ്‌ലിസെ ശൂറാ സംഘടിപ്പിക്കുന്നതിനെ സംബന്ധിച്ച് ഹുദൂർ മാർഗനിർദേശം നല്കി. ലജ്ന അവരുടെ ശൂറായും സംഘടിപ്പിക്കുക. ഇതിൽ നാഷണൽ ആമിലായ്ക്കു പുറമെ ഓരോ പത്ത് അംഗങ്ങൾക്കും ഒന്നു എന്ന നിലയിൽ അംഗത്തെ തിരഞ്ഞെടുക്കുക.

സെക്രട്ടറി മാലിനെ സംബന്ധിച്ച് ഹുദൂർ ചോദിച്ചു. അപ്പോൾ സ്വദ്ർ ലജ്ന പറഞ്ഞു: സെക്രട്ടറിമാൽ ഡോക്ടർ റുബീന സാഹിബയ്ക്കു സുഖമില്ല. പക്ഷേ, അവർ തങ്ങളുടെ ജോലി വളരെ ഉത്തരവാദിത്വത്തോടെ നിർവഹിച്ചുകൊണ്ടിരുന്നു. ഇപ്പോൾ അവരുടെ ആരോഗ്യം വളരെ മോശമായിരിക്കുകയാണ്. അപ്പോൾ അവരുടെ സ്ഥാനത്ത് വേറെയാരെയെങ്കിലും സെക്രട്ടറിയാക്കാൻ ഹുദൂർ പറഞ്ഞു.സ്വദ്ർ ലജ്ന ലജ്നചന്ദയുടെ തുക ജമാഅത്തിന്റെ അക്കൗണ്ടിൽ ഇടുന്നതിനെ സംബന്ധിച്ച് ചില വിഷമങ്ങൾ പറഞ്ഞു. അപ്പോൾ ഹുദൂർ ചില സംഘടനാപരമായ നിർദേശങ്ങൾ നല്കി. വരവ് ചെലവ് കണക്ക് ശ്രദ്ധിക്കാനും ഹുദൂർ പറഞ്ഞു. നിങ്ങളുടെ ബജറ്റ് ഉണ്ടാക്കുന്നതുപോലെ ശ്രദ്ധിക്കുക.

സെക്രട്ടറി തർബിയ്യത്ത് സാഹിബ, തങ്ങൾ ലജ്നയ്ക്ക് എങ്ങനെ തർബിയ്യത്ത് കൊടുക്കണമെന്ന് ചോദിച്ചു.

**ഹുദൂർ പറഞ്ഞു**:ആദ്യം ആമില അംഗങ്ങൾ തങ്ങളെ നന്നാക്കുക. ആളുകളുടെ പിന്നാലെ കൂടാതിരിക്കുക. നിരന്തരം ഉപദേശിക്കുക. ക്ഷമയോടും സഹനത്തോടുംകൂടി മനസ്സിലാക്കിക്കൊടുക്കുക. ഓരോരുത്തർക്കും അവരുടേതായ മാനസികാവസ്ഥ ഉണ്ടാകും. അതനുസരിച്ച് ട്രീറ്റു ചെയ്യുക.

**സെക്രട്ടറി തർബിയ്യത്ത് ചോദിച്ചു:**കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ചയിൽ തർബിയ്യത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും കുറവോ പരിഷ്കരണമോ കാണാൻ കഴിഞ്ഞോ? ഹുദൂർ ഞങ്ങൾക്ക് മാർഗനിർദേശം നല്കിയാലും.

**ഹുദൂർ പറഞ്ഞു:** ലജ്ന ശരിതന്നെയാണ്. അവരുടെ കുട്ടികളുടെ തർബിയ്യത്തിന്റെ കാര്യത്തിലാണ് കൂടുതൽ ആശങ്കയുള്ളത്.

ഹുദൂർ ചോദിച്ചപ്പോൾ സ്വദ്ർ ലജ്ന പറഞ്ഞു: ഇവിടുത്തെ ലജ്നയുടെ തജ്നീദ് 122 ആകുന്നു. അപ്പോൾ ഹുദൂർ പറഞ്ഞു:ഈ എണ്ണം ഒരു മഹല്ലിലുള്ളത്രയുണ്ട്. നിങ്ങൾക്ക് അവരെ നോക്കുന്നതിൽ പ്രയാസം അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നു.

സെക്രട്ടറി നാസിറാത്ത് പറഞ്ഞു:നാസിറാത്തിന്റെ എണ്ണം 31 ആണ്. അപ്പോൾ ഹുദൂർ പറഞ്ഞു:നല്ല ലജ്നയെ കാണണമെങ്കിൽ നല്ല നാസിറാത്തിനെ ഉണ്ടാക്കുക.

**ഹുദൂർ പറഞ്ഞു:**നാസ്വിറാത്തിന്റെ ക്ലാസ്സിൽ ഒരു കുട്ടി പർദയെ കുറിച്ച് ചോദിച്ചിരുന്നു. പർദ ഇടാൻ തുടങ്ങേണ്ട ശരിയായ പ്രായം എത്രയാണെന്ന്? നിങ്ങൾ അമേരിക്കൻ പര്യടനത്തിന്നിടയിൽ പർദയെ കുറിച്ച് ഞാൻ ചെയ്ത ഖുത്ബകൾ കേട്ടിട്ടുണ്ടോ? അതിൽ ഞാൻ വിശദീകരിച്ച് പറഞ്ഞിട്ടുണ്ട്.

**ഹുദൂർ പറഞ്ഞു:**നിങ്ങൾ നിങ്ങളുടെ കുട്ടികളെ ചെറിയ പ്രായത്തിൽത്തന്നെ ലജ്ജാശീലമുള്ള വസ്ത്രങ്ങൾ അണിയിക്കുക; അവർ അതിന്റെ ശീലമുളളവരായിത്തീരാൻ! ആദ്യമെതന്നെ സ്ലീവലെസ്സും ശാർട്ടുമായ വസ്ത്രം അണിയിച്ചു നടത്തുകയാണെങ്കിൽ പിന്നീട് പൊടുന്നനെ ലജ്ജ വരികയില്ല. ഉമ്മമാർക്ക് തർബിയ്യത്ത് ചെയ്യേണ്ടതായി വരും. കുട്ടിക്കാലം മുതലെ തങ്ങൾക്ക് ലജ്ജാശീലമുള്ള വസ്ത്രം ധരിക്കണമെന്നുള്ള ബോധം അവരിലുണ്ടാക്കുക.ഹുദൂർ ആഫ്രിക്കയിലെ സ്ത്രീകളുടെ ഉദാഹരണം എടുത്ത് പറഞ്ഞു. ചില സ്ത്രീകളുടെ കൈയിൽ വസ്ത്രമുണ്ടാകുകയില്ല. പക്ഷേ, അഹ്മദിയ്യത്ത് സ്വീകരിച്ചതിനുശേഷം അവർ തങ്ങളെ പൊതിഞ്ഞു വെക്കുകയാണ് ചെയ്യുന്നത്. ഇവിടെ വന്നിട്ട് അവർ പൂർണമായി വസ്ത്രം ധരിക്കുന്നു. പക്ഷേ, പാകിസ്താനീ സ്ത്രീകൾ അവിടെനിന്നു വരുമ്പോൾ ബുർഖ ധരിച്ചിട്ടുണ്ടാകും. ഇവിടെ യൂറോപ്പിൽവന്ന് പർദയില്ലാതെ നടക്കുന്നു.

ഹുദൂർ സെക്രട്ടറി തഅ്ലീമിനോടു പറഞ്ഞു:നിങ്ങൾ നിങ്ങളുടെ കുടുംബത്തിൽ തനിച്ച് അഹ്മദിയാണ്. നിങ്ങളുടെ മാതാപിതാക്കളെ കുറിച്ച് എന്താണ് അഭിപ്രായം? നിങ്ങളുടെ പിതാവിനെ ജുമുഅയിലും കണ്ടു. അദ്ദേഹം ജുമുഅ ഖുത്ബയും കേട്ടു. ഇതിനെ സംബന്ധിച്ച് അദ്ദേഹമെന്താണ് പറുന്നത്?

സെക്രട്ടറി തഅ്ലീം പറഞ്ഞു: എന്റെ മാതാപിതാക്കൾ ജമാഅത്തിനെ കുറിച്ച് നല്ല അഭിപ്രായമുള്ളവരാണ്. അവർ എല്ലാ ആഴ്ചയും ഖുത്ബ കേൾക്കാനുള്ള സംവിധാനമൊരുക്കുന്നു. പല തവണയും മിഷൻഹൗസിൽവന്ന് ജുമുഅ നമസ്കരിക്കുന്നു. ഇതിനുപുറമെ എം.ടി.എയിൽ ജൽസ കേൾക്കുന്നു. പ്രസംഗങ്ങൾ കേൾക്കുന്നു. തദ്ദേശ ജൽസകളിലും പങ്കെടുക്കാറുണ്ട്.

അപ്പോൾ ഹുദൂർ പറഞ്ഞു:നിങ്ങൾ അവരെ അഹ്മദിയ്യത്തിൽ ചേർക്കുക. നിങ്ങളുടെ മാതാവ് സംതൃപ്തയാണ്. പിന്നീട് പിതാവിനെ പ്രേരിപ്പിക്കുക. അപ്പോൾ സെക്രട്ടറി തഅ്ലീം പറഞ്ഞു:മാതാപിതാക്കളുടെമേൽ കുടുംബത്തിന്റെ സമ്മർദമുണ്ട്. മൂത്ത സഹോദരനും ജമാഅത്തിനെ എതിർക്കുന്നു. ഇപ്പോൾ അവന്റെ വിവാഹം നടന്നിട്ടില്ല. എന്റെ സഹോദരനുമേൽ അല്ലാഹുവിന്റെ ഫള്ലുണ്ടാകുന്നതിന് ദുആ ചെയ്താലും. അവന് മാർഗദർശനം ചെയ്താൽ മാതാപിതാക്കളും അഹ്മദിയ്യത്തിലേക്ക് വരുന്നതായിരിക്കും.

അതിനുശേഷം ഹുദൂർ ഒരു ഐറിഷ് സഹോദരനെ കുറിച്ച് പറഞ്ഞു. അയാൾ മസ്ജിദിന്റെ ഉദ്ഘാടന വേളയിൽ സൗണ്ട് സിസ്റ്റവുമായി ബന്ധപ്പെട്ട ജോലി ചെയ്യുകയായിരുന്നു. രണ്ടുമൂന്നു ദിവസംകൊണ്ട് ഇവിടുത്തെ ചുറ്റുപാടും ഹുദൂർ അൻവറിന്റെ സാന്നിധ്യവും അയാളെ വളരെ സ്വാധീനിച്ചു. അയാൾ പറഞ്ഞു, കഴിഞ്ഞ 35 വർഷമായി ഞാൻ ദൈവത്തെ അന്വേഷിക്കുകയായിരുന്നു. അയാൾക്ക് ചർച്ചിൽ ദൈവത്തെ കിട്ടിയില്ല. പക്ഷേ ഇവിടെ ഖലീഫ നമസ്കരിപ്പിക്കുന്നത് കണ്ടു. ജുമുഅ ഖുത്ബ കേട്ടു. നിങ്ങളോടൊപ്പം നമസ്കരിച്ചു. അങ്ങനെ എനിക്കിവിടെ ദൈവത്തെ കിട്ടി.

അതിനുശേഷം മുആവിനെ സ്വദ്ർ വാഖ്ഫാത്തൂനെ സാഹിബ പറഞ്ഞു: അവരുടെ കുടുംബവും ബയ്അത്തു ചെയ്തു അഹ്മദിയ്യ ജമാഅത്തിൽ ചേർന്നു. അവർക്കും തന്റെ ഭർത്താവിൽനിന്ന് ഒരുപാട് എതിർപ്പുകൾ നേരിടേണ്ടി വന്നു. അപ്പോൾ ഹുദൂർ അൻവർ പറഞ്ഞു: എതിർപ്പുകൊണ്ട് നിങ്ങളുടെ പാപങ്ങൾ കൊഴിഞ്ഞുപോകുന്നു.

സെക്രട്ടറി സ്വിഹ്ഹത്തെ ജിസ്മാനീ ചോദിച്ചു:ലജ്നയുമായി സംഘം ചേർന്ന് ഞങ്ങൾക്ക് നടക്കാൻ പോകാമോ? അപ്പോൾ ഹുദൂർ ചോദിച്ചു:മാരത്തോൻ നടത്തത്തിൽ പോകാനാണോ? അപ്പോൾ സെക്രട്ടറി ചോദിച്ചു:സാധാരണ നടത്തം പർദയിട്ടുകൊണ്ട് നടക്കാമോ? അപ്പോൾ ഹുദൂർ പറഞ്ഞു: നടക്കാം. പാർക്കിൽത്തന്നെ പോകണമെങ്കിലും ഒരു കുഴപ്പവുമില്ല.

അയർലാൻഡ് നാഷൽ മജ്ലിസെ ആമിലാ ഇമാഇല്ലായുടെ ഹുദൂറുമൊത്തുള്ള ഈ മീറ്റിംഗ് എട്ടരമണിവരെ നീണ്ടുനിന്നു. അവസാനം ഹുദൂർ അയ്യദഹുല്ലാഹ് അവർക്കെല്ലാവർക്കും അലയ്സല്ലായുടെ മോതിരം നല്കി. അംഗങ്ങൾക്ക് ഹുദൂറുമൊത്ത് ഗ്രൂപ്പ് ഫോട്ടോയുമെടുക്കാനുള്ള ഭാഗ്യവും കിട്ടി.

**ആമീൻ പരിപാടി**

പിന്നീട് പരിപാടിയനുസരിച്ച് താഴെ പറയുന്ന എട്ടു കുട്ടികളുടെ ആമീൻ പരിപാടിയായിരുന്നു. അസീസ അഫ്ശാൻ കാംറാൻ, ഫാഇസ, മഖ്ബൂൽ, ഈശൽഈമാൻ, സ്വാലിഹ അസദ്, ശാഇസ അഹ്മദ്, മലാഇക്ക ത്വാഹിർ, ഹിബ്ത്തുസ്സലാം, കാഇനാത്ത് അഖ്ത്തർ

ഹുദൂർ അൻവർ ഓരോ പെൺകുട്ടിയിൽനിന്നും ഓരോരോ ആയത്ത് കേട്ടു. അവസാനം ദുആ ചെയ്യിച്ചു.

അതിനുശേഷം പരിപാടിയനുസരിച്ച് ഹുദൂർ അയ്യദഹുല്ലാഹ് മസ്ജിദ് മർയമിൽപോകുന്നതിനുവേണ്ടി ഹോട്ടലിൽനിന്ന് പുറത്തുവന്നു. ഹോട്ടലിന്റെ ലോബ്ബിയിൽ മൂന്നു ഐറിഷ് സ്ത്രീകൾ നിൽപ്പുണ്ടായിരുന്നു. അവർ ഇവിടെ ഒരു ഓർഗനൈസേഷനിൽനിന്ന് ഏതോ യോഗത്തിൽ പങ്കെടുക്കാൻ വന്നതായിരുന്നു. അവർ സംഘാടകരോടു തങ്ങൾ ടി.വിയിൽ കണ്ടിട്ടുണ്ടെന്ന് പറഞ്ഞു. ഖലീഫത്തുൽമസീഹിനെ കാണാനാഗ്രഹിക്കുന്നുവെന്നും അറിയിച്ചു. അങ്ങനെ അവർക്ക് ഹുദൂറുമായി കൂടിക്കാഴ്ച നടത്താൻ അവസരം കിട്ടി. അതിനുശേഷം ഹുദൂർ അയ്യദുഹുല്ലാഹ് മസ്ജിദ് മർയമിൽ പോയി മഗ്രിബ്-ഇശാ നമസ്കാരം ജംആക്കി നമസ്കരിപ്പിച്ചു. നമസ്കാരത്തിനുശേഷം ഹുദൂർ ഈ മസ്ജിദിന്റെ സ്ഥലത്ത് ആദ്യമെ നിലനിന്നുവരുന്ന വീടു കണ്ടു. ആ വീട് മോഡിപ്പിടിപ്പിച്ചതാണ്. അതിൽ ഒരു ഇൻഡിസ്ട്രിയൽ കിച്ചൺ, സ്റ്റോർ, ഭക്ഷണം കഴിക്കുന്നതിനുള്ള ഹാൾ, താമസിക്കുന്നതിനുള്ള ഭാഗവും ഉണ്ടാക്കിയിരുന്നു. ഹാളിനുള്ളിൽ ലൈബ്രറിയ്ക്കുവേണ്ടി പുസ്തകങ്ങളും വെച്ചിരുന്നു.

എല്ലാം നോക്കി കണ്ടതിനുശേഷം ഹുദൂർ അയ്യദഹുല്ലാഹ് തിരിച്ച് ഹോട്ടലിലെത്തുകയും തന്റെ താമസ അപ്പാർട്ടുമെന്റിൽ പോകുകയും ചെയ്തു. (തുടരും)(ബദ്ർ ഉർദു, 30-9-2014)

---

**രക്തദാന ക്യാമ്പ്**

കോഴിക്കോട്: മജ്ലിസ് അൻസ്വാറുല്ലാഹ് കോഴിക്കോടുജില്ല ഘടകം 2024 ജനുവരി 26-ന് രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു. സ്ത്രീകളുടേയും കുട്ടികളുടേയും കോഴിക്കോട് സർക്കാർ ആശുപത്രിയുമായി സഹകരിച്ച് ബയ്ത്തുൽ ഖുദ്ദൂസിൽ സംഘടിപ്പിച്ച ക്യാമ്പിൽ 6 ലജ്ന സഹോദരിമാർ ഉൾപ്പെടെ 37 പേരാണ് രക്തം ദാനം ചെയ്തത്. കോഴിക്കോടു ജില്ല അമീർ ജനാബ് അഹ്മദ് കോയ സാഹിബ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. അൻസ്വാറുല്ലാഹ് കോഴിക്കോടു ജില്ല നാളിം ഡോക്ടർ സ്വലാഹുദ്ദീൻ അധ്യക്ഷനായി. ജില്ല മുബല്ലിഗ് മൗലവി അബ്ദുസ്സലാം സാഹിബ് മുൻതളിം ഉമൂമി ജനാബ് അബ്ദുസ്സലാം സാഹിബ് എന്നിവർ സംസാരിച്ചു.

സംയുക്ത ജില്ല വഖാറെ അമൽ

കോഴിക്കോട്: കോഴിക്കോടു ജില്ല മജ്ലിസ് അൻസ്വാറുല്ലാഹ്, മജ്ലിസ് ഖുദ്ദാമുൽഅഹ്മദിയ്യ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ 1-1-2024 തിങ്കളാഴ്ച രാവിലെ ഏഴു മണിമുതൽ കോഴിക്കോടു കടപ്പുറം ബീച്ചിൽ നടത്തിയ വഖാറെ അമൽ(ശുചീകരണ പരിപാടി) ബഹുമാനപ്പെട്ട കോഴിക്കോട്-വയനാട് ജില്ല അമീർ ജനാബ് കെ.എം. അഹ്മദ് കോയാ സാഹിബ് ഉദ്ഘാടനം ചെയ്തു. അഹ്മദിയ്യ മുസ്ലിം ജമാഅത്തിന്റെ ശാഖാ സംഘടനകളായ അൻസ്വാർ, ഖുദ്ദാം, അത്ഫാൽ എന്നിവരുടെ സജീവസാന്നിധ്യമുണ്ടായിരുന്നു. ജില്ല ഖാഇദ് ജനാബ് നസ്റുദ്ദീൻ സാഹിബ് നേതൃത്വം നല്കി.

**മജ്ലിസെ ആമില റഫ്രഷർ ക്ലാസ്സ്**

കോഴിക്കോട്: 21-1-2024 ഞായറാഴ്ച രാവിലെ 10 മണിമുതൽ വൈകുന്നേരം 4 മണിവരെ കോഴിക്കോട് ബയ്ത്തുൽഖുദ്ദൂസിൽവച്ച് കോഴിക്കോട്-വയനാട് ജില്ലകളിലെ ജില്ല ഭാരവാഹികളുടേയും തദ്ദേശ ജമാഅത്ത് ഭാരവാഹികളുടേയും കോഴിക്കോടു ജമാഅത്തിന്റെ കീഴിലുള്ള ഹൽഖഭാരവാഹികളുടേയും റഫ്രഷർ കോഴ്സു നടന്നു. ജില്ല അമീർ കെ.എം. അഹ്മദ് കോയാസാഹിബ് ഉദ്ഘാടനം ചെയ്തു. ഹാഫിള് മുഹമ്മദു അബുൽവഫാ സാഹിബിന്റെ വിശുദ്ധഖുർആൻ പാരായണത്തോടെ പരിപാടികളാരംഭിച്ചു. അഹ്മദിയ്യ മുസ്ലിം ജമാഅത്ത് ജില്ല അമീർ പ്രതിജ്ഞാവാചകം ചൊല്ലിക്കൊടുത്തു. ത്വാഹിർ അഹ്മദ് പദ്യമാലപിച്ചു. തുടർന്ന് രണ്ടു സെഷനുകളിലായി, മൗലവി ശബീൽ അഹ്മദ് സാഹിബ് ഇൻചാർജ് മുബല്ലിഗ് മലപ്പുറം, മൗലവി കെ അബ്ദുസ്സലാം സാഹിബ് കോഴിക്കോട്, മൗലവി സുൽത്വാൻ നസീർ സാഹിബ് കോഴിക്കോട്, മൗലവി ഫാഹിൻ അഹ്മദ് സാഹിബ്, മൗലവി വസീം അഹ്മദ് സാഹിബ്, രാജാ ജമീൽ അഹ്മദ് സാഹിബ് ഖാദിയാൻ, അബ്ദുസ്സമദ് സാഹിബ് എന്നിവർ ജമാഅത്തിന്റെ വിവിധ ശുഅ്ബകളെ കുറിച്ച് ക്ലാസ്സെടുത്തു. സംശയനിവാരണവും നടന്നു. 4.15-ന് ദുആയോടെ പരിപാടി സമാപിച്ചു.

**ദുആ ഔഷധമാകുന്നു**

*താൻ ഇത്രയധികം പാപം ചെയ്തല്ലോ എന്നു ചിന്തിച്ച് പാപിയായ മനുഷ്യൻ ദുആയിൽനിന്ന് ഒരിക്കലും പിന്തിരിയരുത്. ദുആ ഔഷധമാണ്. പാപത്തോട് വിമുഖത തോന്നിത്തുടങ്ങിയത് എങ്ങനെയെന്ന് ഒടുവിൽ അയാൾ കാണുന്നതാണ്.*

(മൽഫൂദാത്ത് വാള്യം. 1 പേ. 4 )

## ബദ്ർ വായനക്കാരുടെ ശ്രദ്ധക്ക്

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചു തരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:

**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**
**ismayeel.ha@gmail.com**

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-9 Thursday 7 March 2024 Issue-10

MANAGER
Sheik Mujahid

Mobile: 91 9915379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 600/- (Per Issue : Rs. 12.00/-) (**WEIGHT** - 20-50 gms/issue)

( പേജ് 1 ൽനിന്ന്)

പിന്നീട് തിന്മകളിൽ വളർന്ന് വളർന്ന് അവസാനം ശയ്ത്വാൻ കൂട്ടുരൻ മാത്രമല്ല പ്രത്യുത അവന്റെ യജമാനന്റെ സ്ഥാനത്തെത്തിച്ചേരുന്നു. അവന്റെ അടിമത്വത്തിൽ പൂർണമായ നിലയിൽ വരിഞ്ഞു കെട്ടപ്പെടുന്നു. മുഅ്മിനാണെങ്കിൽ സന്മാർഗത്തിന്റെമേലാണ് സഞ്ചരിക്കുന്നത്. എന്നാൽ, ഇയാൾ എത്രമാത്രം അധഃപതിക്കുന്നുവെന്നാൽ, ശയ്ത്വാൻ അവന്റെ പുറത്തേറി സഞ്ചരിക്കുന്നു. അവനാഗ്രഹിക്കുന്നിടത്ത് ഇവനെ തെളിച്ചുകൊണ്ടുപോകുന്നു. അത്തരക്കാരെ കുറിച്ചാണ് വിശുദ്ധ ഖുർആൻ പറഞ്ഞത്, ചില മനുഷ്യരെ നാം എങ്ങനെ സൃഷ്ടിച്ചിരിക്കുന്നുവെന്നാൽ, അവർ ശയ്ത്വാനെ പൂജിക്കാൻ തുടങ്ങുന്നു.(5:61)അതായത് ഇതു നിന്ദ്യതയുടെ പരമമായ സ്ഥാനമാണ്. അല്ലാഹു തന്റെ ദാസനാക്കാൻ വേണ്ടി സൃഷ്ടിച്ച മനുഷ്യൻ തന്റെ ദുഷ്കർമങ്ങൾകൊണ്ട് ശയ്ത്വാനെ അനുസരിക്കാൻ തുടങ്ങുന്നു.

ഇവിടെ ശയ്ത്വാനെ കുറിച്ചും അതായത് അതെന്തു വസ്തുവാണെന്നതിനെ കുറച്ച് വെളിച്ചം വീശേണ്ടതും നിർബന്ധമായി മനസ്സിലാകുന്നു. അറബിഭാഷയുടെ അടിസ്ഥാനത്തിൽ ശയ്ത്വാനെന്നതിന്റെ അർഥം സത്യത്തിൽനിന്ന് അകന്നുപോകുന്ന അസ്തിത്വമെന്നാണ്. അല്ലെങ്കിൽ തിന്മയിൽ അഭിവൃദ്ധിപ്പെടുന്നതെന്നാണ്. നിരാശപ്പെട്ടുപോകുന്ന അസ്തിത്വത്തിനാണ് ഇബ്ലീസ് എന്നു പറയുന്നത്. എന്റെ ഗവേഷണമനുസരിച്ച് ശയ്ത്വാനും ഇബ്ലീസും എങ്ങനെയുള്ള അസ്തിത്വത്തിന്റെ പേരാണെന്നാൽ, അവനെ അല്ലാഹു മനുഷ്യരെ പരീക്ഷിക്കുന്നതിനുവേണ്ടി മലക്കുകൾക്കെതിരിൽ വെച്ചിരിക്കുന്നു. ഏതുപോലെ തങ്ങളുടെ ജോലി പൂർത്തിയാകുന്നതുവരെ മലക്കുകൾക്ക് മരണമില്ലയോ അതുപോലെ ശയ്ത്വാനും അവന്റെ ജോലി പൂർത്തിയാകുന്നതുവരെ മരണമില്ല.

ഹദ്റത്ത് ആദം(അ)മിന്നെതിരിൽ ഏതൊരു അസ്തിത്വമാണോ എഴുന്നേറ്റുനിന്നിരുന്നത് അത് ഈ ശയ്ത്വാനുമായിരുന്നു. അവന്റെ ഛായകളുമായിരുന്നു. പക്ഷേ, ആദമിന്റെ വൃത്താന്തത്തിൽ ഏതൊരു വിശദീകരണമാണോ വിവരിക്കപ്പെട്ടിരിക്കുന്നത് അതിനു രണ്ടു ഭാഗമുണ്ട്. ഒരു ഭാഗം തിന്മ പ്രേരിപ്പിക്കുന്നതിലേക്ക് സൂചിപ്പിക്കുന്നു. ഒരു ഭാഗം അതിന്റെ ഛായകളിലേക്ക് സൂചിപ്പിക്കുന്നു. അതുകൊണ്ട് ഹദ്റത്ത് ആദം(അ)ന്റെ കാലത്തുള്ള ശയ്ത്വാൻ ജീവിച്ചിരിക്കുന്നവനുമാണ്, മരിച്ചുകഴിഞ്ഞവനുമാണ്. അവനേത് അർഥത്തിലാണ് ജീവിച്ചിരിക്കുന്നവൻ? തിന്മ ചെയ്യാനുള്ള പ്രേരണ മനുഷ്യവംശം ഈ ലോകത്ത് നിലനില്ക്കുന്നതുവരെ നിലനിറുത്തപ്പെടുന്നതായിരിക്കും. അവൻ മരിച്ചവനാണ്. ഏതർഥങ്ങളിലാണെന്നാൽ, അവന്റെ ആ ഛായകൾ, അവയുടെ വൃത്താന്തം ആദമിൽ സ്മരണ വരുന്നുണ്ട്. അവൻ ആ കാലഘട്ടത്തിൽ വഫാത്തായി കഴിഞ്ഞിരിക്കുന്നു. തിന്മപ്രേരിപ്പിക്കുന്ന ആ ശയ്ത്വാനെ സംബന്ധിച്ച് ഏതെങ്കിലും പ്രതിഫലത്തിന്റേയോ ശിക്ഷയുടേയോ ചോദ്യംതന്നെ ഉദിക്കുന്നില്ല. കാരണം ഒരു മനുഷ്യനെ കൊല്ലുന്നവൻ കഴുകുമരത്തിൽ കയറ്റപ്പെടുന്നു. പക്ഷേ, നിരവധി ആളുകളെ കത്തിച്ചുകളയുന്ന വൈദ്യുതി ഒരു ശിക്ഷയ്ക്കും അർഹയല്ല. ഭൂകമ്പത്തിന്റെ മൂലധാതു പ്രദേശങ്ങളെ ഇളക്കിമറിക്കുന്നു. ആലിപ്പഴങ്ങളുടെ മഴ കൃഷിക്കാരെ നശിപ്പിക്കുന്നു. പൊടിക്കാറ്റ് നഗരങ്ങളെ ജനശൂന്യമാക്കുന്നു. ഇത് വിഷമമുണ്ടാക്കുന്ന കാര്യങ്ങളാണ്. പക്ഷേ, ഏതെങ്കിലും മതപരമായ ആക്ഷേപത്തിന് വിധേയമായി വരുന്നില്ല. ഏതുപോലെ മലക്കുകളുടെ സങ്കേതം ജന്നത്താണോ അതേപോലെ ശയ്ത്വാന്റേയും ഇബ്ലീസിന്റേയും സങ്കേതം ജഹന്നമാണെന്നതിൽ സംശയമില്ല. പക്ഷേ, മലക്കുകൾക്ക് ജന്നത്തിൽനിന്ന് രുചിആസ്വദിക്കാൻ കഴിയുകയില്ല. ശയ്ത്വാന് ജഹന്നമിൽനിന്ന് പീഢനവുംമേൽക്കുകയില്ല. ശയ്ത്വാനെന്നത് ഒരു അഗ്നിമയമായ അസ്തിത്വമാണ്. തീപ്പൊരിയും ചൂളയിൽ വേദന അനുഭവിക്കുമോ? അതിന്റെ സ്ഥലംതന്നെ അതാണ്. അതുകൊണ്ട് ശയ്ത്വാൻ നരകത്തിൽ പോകുമെന്നതിന്റെ അർഥം അവന് ശിക്ഷ നല്കപ്പെടുമെന്നല്ല. പ്രത്യുത അവൻ ഏതു സ്ഥലത്തിന്റെ വസ്തുവാണോ അവിടെ ചെന്നു ചേരുന്നതായിരിക്കും. മലക്കുകൾ ജന്നത്തിൽപോകുകയാണെങ്കിൽ ഏതെങ്കിലും സമ്മാനത്തിന് പകരമായിട്ടല്ല പോകുന്നത്. ഇതേപോലും ശയ്ത്വാനും നരകത്തിൽപോകുന്നത് ഏതെങ്കിലും ശിക്ഷ കാരണത്താലല്ല. അതേ അതിന്റെ ഛായകൾ അവ അതാതിന്റെ നിലയനുസരിച്ച് ശിക്ഷ അനുഭവിക്കും. കാരണം അവയ്ക്ക് സൃഷ്ടിക്കപ്പെട്ട ജോലിയല്ല അവ ചെയ്യുന്നത്. പ്രകൃതിപരമായ നിയമത്തിന്നെതിരിൽ പ്രവർത്തിക്കുന്നതിനാണ് എപ്പോഴും ശിക്ഷ കിട്ടുന്നത്. മനുഷ്യൻ സൃഷ്ടിക്കപ്പെട്ടതുതന്നെ നന്മ പ്രവർത്തിക്കുന്നതിനുവേണ്ടിയാണ്. വമാ ഖലഖ്ത്തുൽജിന്ന വൽഇൻസ ഇല്ലാ ലിയഅ്ബുദൂൻ അതുകൊണ്ട് ആരാണോ ദാസത്വം ഉപേക്ഷിക്കുകയും ഇബാദത്ത് മറക്കുകയും ചെയ്യുന്നത് അവൻ ശിക്ഷയ്ക്കർഹനായിത്തീരുന്നു. എന്നാൽ, തിന്മയുടെ പ്രേരണ ഉണ്ടായിട്ടുള്ളതുതന്നെ പരീക്ഷണത്തിനുവേണ്ടിയാണ്. അതിന് ശിക്ഷ ലഭിക്കുന്നത് അത് തിന്മ പ്രേരിപ്പിക്കുന്നതിൽ അലസത കാണിക്കുമ്പോഴാണ്. പിന്നീടെന്തിനാണ് അതിനെ മോശമെന്ന് പറയുന്നത്? എന്ന ചോദ്യമുണ്ടാകാം. അതിനുള്ള മറുപടി ഏതെങ്കിലും വസ്തു മോശമാകുക എന്നത് മറ്റൊരു കാര്യമാണ്. ശിക്ഷയ്ക്കർഹനാകുക എന്നത് വേറൊരു കാര്യമാണ്. മലം വീട്ടിൽനിന്നെടുത്ത് എറിയാത്തത് അതിനെ ശിക്ഷിക്കുന്നുവെന്ന നിലയിലല്ല. പ്രത്യുത അത് അവിടെ ഇരിക്കുക എന്നത് നമ്മുടെ ആരോഗ്യത്തിന് ഹാനികരമാണെന്നതുകൊണ്ടാണ്. ഇതേ അവസ്ഥയാണ് തിന്മയെ പ്രേരിപ്പിക്കുന്ന ശയ്ത്വാന്റേതും. അവൻ രോഗത്തിന്റേയും പാപത്തിന്റേയും പ്രതിനിധിയാണ്. അതുകൊണ്ട് നിർബന്ധമായും അവനെ ചീത്ത എന്നു പറയുന്നതായിരിക്കും. ഇങ്ങനെയായിട്ടും അവൻ ശിക്ഷയ്ക്കർഹനല്ല. അതേ!അവനു വിധേയമായി കുറച്ച് ഛായകളുണ്ട്. അത് മനുഷ്യരിൽനിന്നുമുണ്ട്. ജിന്നുകളിൽനിന്നുമുണ്ട്. അത്തരം ദുഷ്ടാന്മാക്കളുടെ ജനനോദ്ദേശ്യം തിന്മയല്ല. പക്ഷേ, തിന്മയെ ഇഷ്ടപ്പെട്ട് അത് തിന്മയ്ക്ക് പ്രേരിതമാക്കപ്പെടുകയാണ്. തിന്മയ്ക്കുവേണ്ടി സൃഷ്ടിക്കപ്പെടാത്ത അത്തരം മനുഷ്യൻ പക്ഷേ, തിന്മയെ ഇഷ്ടപ്പെട്ട് തിന്മയുടെ പ്രേരിതനായിത്തീരുന്നു. ഇവരും അവരവരുടെ സ്ഥാനമനുസരിച്ച് ശയ്ത്വാനും ഇബ്ലീസുമാണ്. ശിക്ഷയ്ക്കർഹരുമാണ്.(തഫ്സീറെ കബീർ, വാല്യം 6, പേജ് 10-15, പ്രസാധനം 2010 ഖാദിയാൻ)

**ഓരോ ആരാധനയുടേയും ഇടം അല്ലാഹുവിന്റെ ഭവനമാണ്**

മസ്ജിദ് അല്ലാഹുവിന്റെ വീടാണെന്നാണ് ഞങ്ങളുടെ വിശ്വാസം. ഓരോ ആരാധനയുടേയും ഇടം അല്ലാഹുവിന്റെ ഭവനമാണ്. നബി(സ) തിരുമേനിയുടെ മദീനാ പലായനത്തിനുശേഷം മക്കാ നിഷേധികൾ നബി(സ)തിരുമേനിയെ ആക്രമിച്ചപ്പോൾ മുസ്ലിമീങ്ങളുടെ കൈയിൽ ഒരു യുദ്ധായുധവുമുണ്ടായിരുന്നില്ല. അപ്പോൾ അല്ലാഹുവിൽനിന്ന് കൽപന വന്നു. ഇപ്പോൾ ക്ഷമ അതിരു കടന്നിരിക്കുന്നു. 13 വർഷംവരെ നീ ക്ഷമിച്ചു. ഇനി ശത്രുവിന്റെ കൈകൾ തടയേണ്ടി വരും. ശക്തമായ മറുപടി നല്കേണ്ടിയുംവരും. എന്നാൽ, ശക്തി എന്താണ്? കേവലം മുസ്ലിമീങ്ങളെ സംരക്ഷിക്കാൻ മാത്രമല്ല, അങ്ങനെ ഒരിക്കലുമല്ല! അവിടന്ന് പറഞ്ഞു: ഇന്നവരുടെമേൽ ബലം പ്രയോഗിച്ചില്ലെങ്കിൽ മതത്തിന്റെ ശത്രുക്കളായ ഇവർ ദൈവഭവനങ്ങളെ ജനനിബിഢമാക്കി വെക്കാൻ സമ്മതിക്കുകയില്ല. ഒരു മതവുമായും ബന്ധം നിലനിറുത്താനും ആരാധനാലയങ്ങളെ ജനനിബിഢമാക്കി വെക്കാനും ഇവർ ഇഷ്ടപ്പെടുന്നില്ല. അതെല്ലാം ഇവർ നശിപ്പിക്കുന്നതായിരിക്കും. അതുകൊണ്ട് വിശുദ്ധ ഖുർആനിൽ വളരെ വ്യക്തമായും ഇത് രേഖപ്പെട്ടുകിടക്കുന്നു. അവരുടെ കൈകൾ തടയാതിരുന്നാൽ ചർച്ചുകളോ സിനഗോഗോ മറ്റു ആരാധനാലയങ്ങളോ മസ്ജിദുകളോ ശേഷിക്കുകയില്ല. മുസ്ലിമീങ്ങൾ കേവലം മസ്ജിദുകൾ മാത്രമല്ല പ്രത്യുത ഓരോ ആരാധനാലയത്തേയും പ്രതിരോധിക്കുന്നു

**(ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

**സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യ ഖാദിയാനിൽ ഡ്രൈവറിന്റെ ഒഴിവ്**

**നിബന്ധനകൾ:**(1)ഉദ്യോഗാർഥിയുടെ പ്രായം 18 വയസ്സിന് മുകളിലും 40 വയസ്സിന് താഴെയുമായിരിക്കണം(2)ഉദ്യോഗാർഥി കുറഞ്ഞത് 8-ാം ക്ലാസ്സ് പാസായിരിക്കണം.(3)10 വർഷം വാലീഡുള്ള ഡ്രൈവിംഗ് ലൈസൻസുണ്ടായിരിക്കണം. 10 വർഷത്തെ ഡ്രൈവിംഗ് പരിചയമുണ്ടായിരിക്കണം. പരിചയസമ്പന്നർക്ക് മുൻഗണന നല്കപ്പെടും. (4) തിരഞ്ഞെടുക്കപ്പെടുന്ന ഡ്രൈവർക്ക് ഗ്രേഡ് രണ്ടിന്റെ സമാനമായ അലൗൺസും മറ്റു സൗകര്യങ്ങളും നല്കുന്നതായിരിക്കും. (5)ഉദ്യോഗാർഥി ഖാദിയാൻ നൂർ ആശുപത്രിയിൽനിന്ന് മെഡിക്കൽ പരിശോധന നടത്തേണ്ടതാണ്. നൂർ ആശുപത്രിയുടെ മെഡിക്കൽ ബോർഡിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കും ഉദ്യോഗാർഥി സേവനത്തിന് അർഹനാകുക. (6)തിരഞ്ഞെടുക്കപ്പെട്ടാൽ ഉദ്യോഗാർഥി ഖാദിയാനിൽ താമസസൗകര്യം സ്വയം ചെയ്യേണ്ടതാണ്. (7)യാത്രാചെലവുകൾ ഉദ്യോഗാർഥി സ്വയം വഹിക്കേണ്ടതാണ്.

ഇന്റർവ്യൂവിന്റെ തിയതി ഉദ്യോഗാർഥിയെ പിന്നീട് അറിയിക്കുന്നതാണ്

കൂടുതൽ വിവരത്തിനു ബന്ധപ്പെടുക:

NAZARATH DEEVAN SADR ANJUMAN AHMADIYYA QADIAN, PIN 143 516

Mob:09682627592, 09682587713, Office:01872501130

Email:diwan@qadian.in

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin